# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.09.2025 -ലെ യോഗത്തിന്റെ നടപടി വിവരം

## ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 2. | വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024, 05.12.2024, 30.01.2025, 24.04.2025, 24.06.2025, 21.08.2025 എന്നീ തീയതികളിൽ നടന്ന യോഗതീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 3 |
| 2.1 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024-ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 3 |
| 3.6 | ജലസ്രോതസ്സുകളുടെ പരിപാലനം | 3 |
| 2.2 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-ൽ കൂടിയ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 5 |
| 4.23 | പുറമേരി ഗ്രാമപഞ്ചായത്ത് | 5 |
| 2.3 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025-ൽ കൂടിയ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 5 |
| 3.1 | സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം | 5 |
| 4.10 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 6 |
| 2.4 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025 നു കൂടിയ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 7 |
| 4.3 | പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 7 |
| 4.7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 8 |
| 4.31 | കൂത്തുപറമ്പ് നഗരസഭയുടെ ആവശ്യം സംബന്ധിച്ച് എടുത്ത തീരുമാനം | 8 |
| 4.47 | മണിയൂർ ഗ്രാമപഞ്ചായത്ത് (അദാലത്ത്) | 10 |
| 2.5 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2025-ൽ കൂടിയ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 11 |
| 2.6 | പദ്ധതി അവലോകനം | 11 |
| 3.5 | കൃഷി ഫാമുകൾ | 13 |
| 4.52 | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 16 |
| 2.6 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2025-ൽ കൂടിയ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 17 |
| 3.5 | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി | 17 |
| 4.11 | എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | 18 |
| 4.16 | മെഡി കെയേഴ്സ് പാലക്കാട് | 19 |
| 4.32 | ഏലപ്പാറ ഗ്രാമപഞ്ചായത്ത് | 19 |
| 4.34 | തഴവ ഗ്രാമപഞ്ചായത്ത് | 20 |
| **3.** | **പൊതുവിഷയം** | 20 |
| 3.1 | തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ക്ഷേമ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ | 20 |
| 3.2 | കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളുടെ മിനിറ്റ്സ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സൈറ്റിൽ അപ് ലോഡ് ചെയ്യൽ | 21 |
| 3.3 | തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി ഭേദഗതി | 21 |
| 3.4 | മാലിന്യമുക്ത നവകേരള പദ്ധതിയുടെ വിവരം ശേഖരിക്കൽ | 22 |
| 3.5 | ലൈബ്രേറിയന്മാരുടെ വേതനം | 22 |
| 3.6 | കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരമുള്ള തുടർനടപടി റിപ്പോർട്ട് | 22 |
| 3.7 | ഈസി കിച്ചൺ | 22 |
| 3.8 | സൗരമേൽക്കൂര പ്ലാന്റ് | 22 |
| 3.9 | കായിക മേഖലയിൽ പരിശീലനം | 23 |

| | | |
|---|---|---|
| **4.** | **പ്രത്യേക വിഷയങ്ങൾ** | 23 |
| 4.1 | കൊന്നത്തടി ഗ്രാമപഞ്ചായത്ത് (ശ്രീ.പി.സി. രവി, പുഞ്ചക്കുഴി) | 23 |
| 4.2 | കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ | 24 |
| 4.3 | പത്തനംതിട്ട ജില്ലാ കാർഷിക വിപണന സഹകരണ സംഘം | 25 |
| 4.4 | ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും ഡോക്ടർ/ പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കൽ | 25 |
| 4.5 | വാഴൂർ ഗ്രാമപഞ്ചായത്ത് | 26 |
| 4.6 | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 27 |
| 4.7 | പിണറായി ഐ.റ്റി.ഐ. കെട്ടിടത്തിന് വാടക നൽകൽ | 27 |
| 4.8 | മേലടി ബ്ലോക്ക് പഞ്ചായത്ത് | 28 |
| 4.9 | കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | 29 |
| 4.10 | താഴെക്കോട് ഗ്രാമപഞ്ചായത്ത് | 29 |
| 4.11 | കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് | 30 |
| 4.12 | റാന്നി ബ്ലോക്ക് പഞ്ചായത്ത് | 30 |
| 4.13 | പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് | 31 |
| 4.14 | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 31 |
| 4.15 | ഒളവണ്ണ ഗ്രാമപഞ്ചായത്ത് (കോഴിക്കോട് ജില്ല) | 32 |
| 4.16 | നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് (പാലക്കാട് ജില്ല) | 33 |
| 4.17 | ചെങ്ങളായി ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല) | 33 |
| 4.18 | കാമാക്ഷി ഗ്രാമപഞ്ചായത്ത് | 34 |
| 4.19 | Kerala Auto Mobiles Ltd. | 34 |
| 4.20 | കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 35 |
| 4.21 | കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് | 35 |
| 4.22 | മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | 36 |
| 4.23 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 36 |
| 4.24 | മലപ്പുറം ജില്ലാപഞ്ചായത്ത് | 37 |
| 4.25 | കൊല്ലം ജില്ലാ പഞ്ചായത്ത് | 37 |
| 4.26 | ളാലം ബ്ലോക്ക് പഞ്ചായത്ത് | 38 |
| 4.27 | എറണാകുളം ജില്ലാ പഞ്ചായത്ത് | 39 |
| 4.28 | പരുത്തൂർ ഗ്രാമപഞ്ചായത്ത് | 39 |
| 4.29 | വയനാട് ജില്ലാ ആസൂത്രണസമിതി | 40 |
| 4.30 | ഒരുമനയൂർ ഗ്രാമപഞ്ചായത്ത് | 40 |
| 4.31 | മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് | 41 |
| 4.32 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 41 |
| 4.33 | മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത് | 42 |
| 4.34 | ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | 42 |
| 4.35 | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് | 43 |
| 4.36 | കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് | 43 |
| 4.37 | Kerala Rural Employment & Welfare Society | 44 |
| 4.38 | മലപ്പുറം ജില്ലാ പഞ്ചായത്ത് | 44 |
| 4.39 | Kerala State Co-operative Consumers Federation | 45 |
| 4.40 | കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് | 46 |
| 4.41 | Kerala Electrical & Allied Engineering Company Ltd (KEL) | 46 |
| 4.42 | ചെങ്ങളായി ഗ്രാമപഞ്ചായത്ത് | 47 |
| 4.43 | മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ | 47 |
| 4.44 | ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് | 48 |
| 4.45 | പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | 48 |

No./90/2025/SRG/LSGD/CC(4)

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.09.2025 ൽ നടന്ന യോഗത്തിന്റെ നടപടിവിവരം**

യോഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സംസ്ഥാന ആസൂത്രണബോർഡിലെ ഐശ്വര്യം ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

സാധാരണയായി കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ക്രമനമ്പർ 1 ആയി അജണ്ടയിൽ ഉൾപ്പെടുത്താറുള്ള പദ്ധതി പുരോഗതി അവലോകനം ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്രമനമ്പർ 2 ആയി ഉൾപ്പെടുത്താറുള്ള മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാനപ്രകാരമുള്ള തുടർനടപടി, ക്രമനമ്പർ 3 ആയി ഉൾപ്പെടുത്താറുള്ള പൊതുവിഷയം, ക്രമനമ്പർ 4 ആയി ഉൾപ്പെടുത്താറുള്ള പ്രത്യേക വിഷയം എന്നിവയാണ് യോഗത്തിൽ ഉൾപ്പെടുത്തിയിരുന്നത്.

**2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024, 05.12.2024, 30.01.2025, 24.04.2025, 24.06.2025, 21.08.2025 എന്നീ തീയതികളിൽ നടന്ന യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.1 കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.1 (1)ഖണ്ഡിക 3.6**

**ജലസ്രോതസ്സുകളുടെ പരിപാലനം**

കേരളത്തിലെ ജലസ്രോതസ്സുകൾ മലിനമാകുന്നത് നിയന്ത്രിക്കേണ്ടതുണ്ട്. ജലജന്യ രോഗങ്ങൾ ഉണ്ടാകാതിരിക്കുവാൻ ആരോഗ്യവകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റു ബന്ധപ്പെട്ട വകുപ്പുകളും ജാഗ്രതയും ഇടപെടലും നടത്തണം. തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയും പ്രോട്ടോക്കോളും തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്ത് തയ്യാറാക്കി നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

30.01.2025 ന നൽകിയ റിപ്പോർട്ട്:- കുടിവെള്ളത്തിലൂടെയും മലിനജലത്തിലൂടെയും ഭക്ഷ്യ ശൃംഖലയിലൂടെയും ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്ന രോഗാണുക്കളും മറ്റു വിഷാംശങ്ങളും മനുഷ്യ ശരീരത്തിൽ പ്രവേശിച്ച് ദൂഷ്യഫലങ്ങൾക്ക് കാരണമാകുന്നു. ജല മലിനീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള താഴെപ്പറയുന്ന വിവിധ നിയമങ്ങളും ചട്ടങ്ങളും അവയുടെ ഭേദഗതികളും പരിഗണിക്കേണ്ടതുണ്ട്.

1.Water (Prevention and Control of Pollution) Act, 1974
2. Water (Prevention and Control of Pollution) Cess Act, 1977
3. Environment (Protection) Act, 1986
4. Food Safety and Standards Act, 2006
5. Kerala Public Health Act,2023
6. Kerala Panchayat Raj Act, 1994
7. Kerala Municipality Act, 1994

കേരള പൊതുജനാരോഗ്യ നിയമം 2023 പ്രകാരം ജലസ്രോതസ്സുകളുടെ മലിനീകരണവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന ഖണ്ഡികകൾ ബാധകമാക്കാവുന്നതാണ്.

| | |
|---|---|
| Kerala Public Health Act 2023 | a) Sections 15, 16 & 17 മനുഷ്യ ഉപയോഗത്തിനുള്ള ജലത്തിന്റെ സുരക്ഷ ഉറപ്പാക്കൽ<br>b) Sections 18(5), 18(6), 18(7), 19, 20 – ശുചിത്വ സൗകര്യങ്ങൾ<br>c) Section 21 to 26 വരെ. 'Nuisance' (ശല്യം ഒഴിവാക്കൽ)<br>d) Section 39 & 49 – പ്രതിരോധ നടപടികൾ ഏറ്റെടുക്കുന്നതിനും പരിശോധന നടത്തുന്നതിനും |

| | |
|---|---|
| | പ്രവേശനത്തിനുമുള്ള അധികാരം<br>e) Section 58 സാമൂഹിക ഒത്തു കൂടൽ നടക്കുന്ന സ്ഥലങ്ങളിലെ ശുചിത്വവും മറ്റ് ക്രമീകരണങ്ങളും<br>f) Section 59 – ജല വിതരണത്തിനുള്ള സ്വകാര്യ ഉറവിടങ്ങളിന്മേലുള്ള നിയന്ത്രണം. |

ഈ നിയമങ്ങളും അവയുടെ ഭേദഗതികളും ചട്ടങ്ങളും പ്രകാരമുള്ള വ്യവസ്ഥകളും നടപ്പിലാക്കുന്നതിന് താഴെ പറയുന്ന വകുപ്പുകളുമായി ചർച്ച ചെയ്യേണ്ടതുണ്ട്.

1. തദ്ദേശസ്വയംഭരണ വകുപ്പ്
2. പരിസ്ഥിതി വകുപ്പ്
3. മലിനീകരണ നിയന്ത്രണബോർഡ്
4. കേരള ജല അതോറിറ്റി
5. ഭൂജല വകുപ്പ്
6. ജലനിധി
7. ജലസേചന വകുപ്പ്
8. ഭക്ഷ്യസുരക്ഷാ വകുപ്പ്
9. വ്യവസായ വകുപ്പ്
10. കൃഷി വകുപ്പ്
11. ജല വിഭവ വികസന വിനിയോഗ കേന്ദ്രം ( CWRDM)
12. കേന്ദ്ര ഭൂജല ബോർഡ്, കേരള റീജിയണൽ ഡയറക്ടറേറ്റ്
13. ആരോഗ്യ വകുപ്പ്
14. നിയമവകുപ്പ്

ജലസ്രോതസ്സുകളുടെ മലിനീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള എല്ലാ നിയമ വ്യവസ്ഥകളും ഉൾപ്പെടുത്തി സമഗ്രമായ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി മേൽ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഒരു സംയുക്ത ശില്പശാല സംഘടിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അറിയിച്ചിട്ടുണ്ട്.

<u>30.01.2025 ലെ തീരുമാനം :-</u> ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശിച്ചതുപോലെ മുകളിൽ പറഞ്ഞ വകുപ്പുകളെ ഉൾപ്പെടുത്തി ബന്ധപ്പെട്ട ചട്ടങ്ങളും നിയമങ്ങളും അനുശാസിക്കും പ്രകാരം ശില്പശാല നടത്താൻ തീരുമാനിച്ചു. ഇതിനായി തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും ആരോഗ്യവകുപ്പ് ഡയറക്ടറും അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഇടക്കാല റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി നൽകിയിട്ടുണ്ട്.

<u>24.06.2025 നു നൽകിയ റിപ്പോർട്ട് :-</u> ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ട് പ്രകാരം ഈ വിഷയത്തിൽ മാർഗ്ഗരേഖയും പ്രോട്ടോക്കോളും തയ്യാറാക്കുന്നതിന് മുന്നോടിയായി 14.03.2025-ന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായും ചർച്ച നടത്തുകയും ഏപ്രിൽ 3-ന് ശില്പശാല സംഘടിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ആരോഗ്യ വകുപ്പിന് സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ഫണ്ട് ലഭ്യമല്ല എന്ന കാരണത്താൽ ശില്പശാല മാറ്റി വയ്ക്കേണ്ടി വന്നു. ശില്പശാലയിൽ എന്തൊക്കെ ചർച്ച ചെയ്യണമെന്നും ആരെയൊക്കെ പങ്കെടുപ്പിക്കണമെന്നും തീരുമാനം എടുത്ത സ്ഥിതിക്ക് മേയ് 15-ന് മുമ്പായി ശില്പശാല നടത്താൻ ആരോഗ്യവകുപ്പ് ഡയറക്ടർക്കും ആവശ്യമായ സഹായം നൽകാൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷനും നിർദ്ദേശം നല്കാവുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

ഇതനുസരിച്ച് 28.05.2025-ൽ ശില്പശാല നടന്നു എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

<u>24.06.2025-ലെ തീരുമാനം</u> – ശില്പശാലയിൽ വിവിധ വകുപ്പുകൾ നൽകിയ നിർദ്ദേശങ്ങളും നിലവിലുള്ള നിയമങ്ങളും ചേർത്ത് ക്രോഡീകരിച്ച റിപ്പോർട്ട് ആരോഗ്യവകുപ്പ് ഡയറക്ടർ അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന് മുമ്പ് നൽകേണ്ടതാണ്. ഒപ്പം മുൻപ് കോഓർഡിനേഷൻ കമ്മിറ്റിയിൽ നിർദ്ദേശിച്ചതുപോലെ സംസ്ഥാനത്തെ ജലസ്രോതസ്സ് മലിനമാകുന്നത് നിയന്ത്രിക്കുന്നതിനും ജലജന്യരോഗങ്ങൾ ഉണ്ടാകാതിരിക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തേണ്ട പ്രവർത്തനങ്ങളും സ്വീകരിക്കേണ്ട നടപടികളും സംബന്ധിച്ച മാർഗ്ഗരേഖയും പ്രോട്ടോക്കോളും ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, ആരോഗ്യ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

**2.2 കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2. 2 (1) ഖണ്ഡിക 4.23**

**പുറമേരി ഗ്രാമപഞ്ചായത്ത്**

**പുറമേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.07.2024-ലെ കത്തും അനുബന്ധരേഖകളും (SRG/ 630/24 – CC/469/24)**

**വിഷയം:-** മാലിന്യം നീക്കം ചെയ്തതിന്റെ ബിൽ തുക ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകുന്നത് സംബന്ധിച്ച്

പുറമേരി ഗ്രാമപഞ്ചായത്തിൽ 2020 – 21 കാലഘട്ടിൽ ഹരിതകർമ്മസേന ശേഖരിച്ച മാലിന്യങ്ങൾ റോഡരികിലാണ് സൂക്ഷിച്ചിരുന്നത്. ഈ കാലഘട്ടത്തിൽ MCF ഇല്ലായിരുന്നു. ഈ മാലിന്യം നീക്കം ചെയ്യുന്നതിന് ടെണ്ടർ നടപടി കൂടാതെ മുൻവർഷം മാലിന്യം നീക്കം ചെയ്ത 'കോണാറിസ്' എന്ന സ്ഥാപനത്തെയാണ് ഏല്പിച്ചത്. ഒരു ലോഡിന് 13,000 രൂപ ക്രമത്തിൽ ആകെ 65.50 ലോഡ് മാലിന്യം നീക്കം ചെയ്തു. മാലിന്യം പ്രത്യേകമായി തരംതിരിച്ചിരുന്നില്ല. കമ്പനി നൽകിയ ബിൽ തുക 8,51,500 രൂപയാണ്. ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്.

05.12.2024- ലെ തീരുമാനം :-ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

21.08.2025 ൽ നൽകിയ റിപ്പോർട്ട് :- എത്ര ലോഡ് മാലിന്യമാണ് നീക്കിയത് എന്നു കണ്ടെത്തുക ബുദ്ധിമുട്ടാണ് എന്ന് ശുചിത്വ മിഷൻ പ്രതിനിധിയും തദ്ദേശസ്വയംഭരണ സ്പെഷ്യൽ സെക്രട്ടറിയും 21.08.2025-ലെ യോഗത്തിൽ അറിയിച്ചു.

21.08.2025 -ലെ തീരുമാനം :- ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ യോഗം ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

**2.3 കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.3 (1) ഖണ്ഡിക 3.1**

**സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം**

വിവിധ തലത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ ചേർന്ന് സംയുക്ത പ്രോജക്ടുകൾ ജില്ലയിൽ നടപ്പാക്കുന്നുണ്ട്. ഉദാ:- ABC പ്രോഗ്രാം, വൃക്ക രോഗികൾക്ക് ഡയാലിസിസ്, ഭിന്നശേഷി വിഭാഗക്കാർക്ക് സ്കോളർഷിപ്പ് തുടങ്ങിയവ. ധനവകുപ്പിന്റെ 03.07.2018-ലെ 100/2018/ധന നമ്പർ ഉത്തരവും 26.05.2022-41/2022/ധന നമ്പർ സർക്കുലറും അനുസരിച്ച് സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളായ തദ്ദേശഭരണസ്ഥാപനങ്ങൾ മുഖ്യ നിർവ്വഹണ സ്ഥാപനത്തിനു അവരവരുടെ വിഹിതം കൈമാറേണ്ടത് അലോട്ട്മെന്റ് രീതി വഴിയായിരിക്കണം എന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് മുഖ്യ നിർവ്വഹണ തദ്ദേശഭരണസ്ഥാപനം മറ്റ് തദ്ദേശഭരണ സ്ഥാപനത്തിന് റിക്വിസിഷൻ നൽകി ഓരോ ആവശ്യത്തിനും അതത് തദ്ദേശഭരണ സ്ഥാപനം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് തുക നൽകുന്നു. ഇത് പ്രായോഗികമായി വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നു മാത്രമല്ല തുക ലഭിക്കേണ്ട ഗുണഭോക്താവിന് കൃത്യമായി സഹായം/ബിൽ തുക ലഭിക്കാത്ത സാഹചര്യവും ഉണ്ട്. ഈ രീതി ഇത്തരം സംയുക്ത പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്നുണ്ട്. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഈ ബുദ്ധിമുട്ട് ചൂണ്ടികാണിച്ച് സംയുക്ത പ്രോജക്ട് ഏറ്റെടുക്കാൻ വൈമുഖ്യം കാണിക്കുന്നു. ഈ സാഹചര്യത്തിൽ സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ മുഖ്യ തദ്ദേശഭരണ സ്ഥാപനത്തിന് വിഹിതം കൈമാറ്റുന്ന രീതി ലളിതമാക്കേണ്ടതുണ്ട് എന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023, 22.01.2024 എന്നീ തീയതികളിലെ യോഗത്തിൽ വിലയിരുത്തുകയും ഈ വിഷയം ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകുകയും ചെയ്തിരുന്നു.

മുഖ്യനിർവ്വഹണ തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയുടെയോ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റേയോ പേരിൽ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങി പദ്ധതിയിൽ പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം ഡിപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സൗകര്യമൊരുക്കി നൽകണ മെന്നാണ് മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിലെ തീരുമാനപ്രകാരം തദ്ദേശഭരണ

സ്ഥാപനങ്ങളോടാവശ്യപ്പെട്ടിരുന്നത്. 2021-2022 വരെ ഈ രീതിയാണ് തുടർന്നിരുന്നത്. ഇങ്ങനെ തുടങ്ങുന്ന സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ ഓരോ വർഷവും മാർച്ച് 31-ന് ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് മാറ്റണമെന്ന രീതി അവലംബിച്ചുകൊണ്ടാണെങ്കിൽ പോലും സംയുക്ത പ്രോജക്ടുകൾക്ക് സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകണമെന്ന് ധന വകുപ്പിനോട് വീണ്ടും ആവശ്യപ്പെടാൻ തീരുമാനിച്ചു. ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പിന്റെ റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ധനവകുപ്പ്<br>2)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

**2.3 (2) ഖണ്ഡിക 4.10**

**<u>മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്</u>**

മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.11.2024-ലെ കത്തും മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.11.2024-ലെ 3-ാം നമ്പർ തീരുമാനവും 07.08.2024-ലെ 1-ാം നമ്പർ തീരുമാനവും ഉള്ളടക്കം ചെയ്തിരിക്കുന്ന മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്, കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത്, ആനിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതികളുടെ തീരുമാനവും അനുബന്ധരേഖകളും (SRG/1107/24)

വിഷയം:- ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിനു വാങ്ങിയ ഭൂമി ലൈഫ് ലിസ്റ്റിലെ ഭൂരഹിത ഭവന രഹിതർക്ക് നൽകുന്നതിന് അനുമതി സംബന്ധിച്ച്.

മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ആനിക്കാട്, കല്ലൂപ്പാറ, മല്ലപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളും ചേർന്ന് 2021-22-ൽ ലൈഫ് ഭവന പദ്ധതിയിൽ ഫ്ലാറ്റ് സമുച്ചയത്തിനായി 1.25 ഏക്കർ സ്ഥലം മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ വാങ്ങിയിരുന്നു. ഫ്ലാറ്റ് നിർമ്മാണത്തിന് ഭാരിച്ച തുക വരും എന്നതിനാൽ ഈ ഭൂമിയിൽ നിന്ന് 3 സെന്റ് വീതം മുകളിൽപറഞ്ഞ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിൽപ്പെട്ട ഭൂരഹിത ഭവന രഹിത കുടുംബങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്നു. ആനിക്കാട് ഗ്രാമപഞ്ചായത്തിൽ 53, കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിൽ 59, മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ 42 വീതം ഗുണഭോക്താക്കൾ (ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ) ഉണ്ട്. ഭൂമി വാങ്ങിയപ്പോൾ ആധാരത്തിൽ 'ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിനുള്ള ഭൂമി' എന്നാണ് ചേർത്തിരിക്കുന്നത്. ഇത് **'**ഭൂരഹിതർക്ക് നൽകുന്നതിനുള്ള ഭൂമി**'** എന്ന് ആധാരത്തിൽ തിരുത്തൽ വരുത്താനും ഈ ഭൂമിയിൽ നിന്ന് 3 സെന്റ് വീതം മുകളിൽ പറഞ്ഞ ഗ്രാമപഞ്ചായത്തുകളിലെ ലൈഫ് ലിസ്റ്റിലുള്ള ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്ക് നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിനായി മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ആനിക്കാട്, കല്ലൂപ്പാറ, മല്ലപ്പള്ളി ഗ്രാമപഞ്ചായത്തുകളുടെയും ഭരണസമിതികൾ തീരുമാനമെടുത്തിട്ടുണ്ട്.

<u>30.01.2025 ലെ തീരുമാനം:-</u> ഫ്ലാറ്റ് സമുച്ചയമാണോ വ്യക്തിഗത ഭവനമാണോ ഇവിടെ അനുയോജ്യമെന്നും ഫ്ലാറ്റ് സമുച്ചയമാണെങ്കിൽ സംഭാവനയിലൂടെ അധിക വിഹിതം കണ്ടെത്താൻ കഴിയുമോ എന്നതടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പ്രിൻസിപ്പൽ ഡയറക്ടറെയും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ചുമതലപ്പെടുത്തി. ഇതനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും റിപ്പോർട്ട് നൽകി.

<u>15.09.2025 ന് നൽകിയ റിപ്പോർട്ട്</u> : സംഭാവനയിലൂടെയും സ്പോൺസർഷിപ്പിലൂടെയും ഫണ്ട് കണ്ടെത്തി 154 പേർക്ക് ഫ്ലാറ്റ് നിർമ്മിക്കുക ബുദ്ധിമുട്ടാണ്. ഈ സാഹചര്യത്തിൽ ലഭ്യമായ ഭൂമി ഗുണഭോക്താക്കൾക്ക് വീതിച്ചു നൽകുന്നതാണ് പ്രായോഗികമായുള്ളത്. അതിദരിദ്ര കുടുംബങ്ങൾക്ക് മുൻഗണന നൽകണമെന്നു കൂടി ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്.

15.09.2025 ലെ തീരുമാനം:

1) പ്രിൻസിപ്പൽ ഡയറക്ടറുടെയും, ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും റിപ്പോർട്ട് കൂടി പരിഗണിച്ച് ലഭ്യമായ ഭൂമി ഗുണഭോക്താക്കൾക്ക് വീതിച്ചു നൽകാൻ അനുമതി നൽകുന്നു. ഭൂമി വീതിച്ചു നൽകുന്നതിന് താഴെപ്പറയുന്ന രീതി സ്വീകരിക്കേണ്ടതാണ്.

   ആനിക്കാട്, കല്ലൂപ്പാറ, മല്ലപ്പള്ളി ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തും ചേർന്നാണ് ഭൂമി വാങ്ങിയത്. മൂന്നു ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ തുകയനുസരിച്ച് ആനുപാതികമായി ഗുണഭോക്താക്കളെ കണ്ടെത്തണം.

ഗുണഭോക്താക്കളെ കണ്ടെത്തുമ്പോൾ ലൈഫിലെ സീനിയോറിറ്റി മറികടക്കരുത്. ഒപ്പം മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ വീട് നിർമ്മിക്കാൻ താല്പര്യമുള്ളവരെ തെരഞ്ഞെടുക്കണം. വീട് മല്ലപ്പള്ളി ഗ്രാമപഞ്ചായ ത്തിലാണ് നിർമ്മിക്കുന്നതെങ്കിലും നിലവിൽ ഗുണഭോക്താക്കൾ ഏതു ഗ്രാമപഞ്ചായത്തിന്റെ ലിസ്റ്റിൽപ്പെടുന്നുവോ അതേ ഗ്രാമപഞ്ചായത്തു തന്നെ വീടിനുള്ള ധനസഹായവും നൽകണം. ബ്ലോക്ക് പഞ്ചായത്തും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തും ചർച്ച നടത്തി വേണം സ്ഥലം നൽകേണ്ടത്.

2) ആധാരത്തിൽ ആവശ്യമായ തിരുത്തൽ വരുത്താൻ ബ്ലോക്ക് പഞ്ചായത്ത്തലത്തിൽ തീരുമാനമെടുക്കാവുന്ന താണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**2.4 കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.4 (1) ഖണ്ഡിക 4.3**

**പഴയന്നൂർ ബ്ലോക്ക് ഗ്രാമപഞ്ചായത്ത്**

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.12.2024-ലെ കത്തും പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.01.2024-ലെ 5-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/5/25 - CC/106/24)

വിഷയം:- വനിതാ SHG കൾക്കുള്ള തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ ഷെഡ് നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 135/24 | *അടങ്കൽ* | *6,65,246 രൂപ (എസ്.സി.പി)* |
| *പേര്* | വനിതാ SHG കൾക്ക് തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം - അംബേദ്കർ മെമ്മോറിയൽ - പഴയന്നൂർ | |

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2023-24 വർഷം SHG കൾക്ക് തൊഴിൽ പരിശീലന കേന്ദ്രത്തിനുള്ള ഷെഡ് നിർമ്മിക്കുന്നതിന് പ്രോജക്റ്റ് ഏറ്റെടുത്തിരുന്നു. ഇതിന്റെ ഭാഗമായി ഡോ.അംബേദ്കർ മെമ്മോറിയൽ പട്ടികജാതി കലാ സഹകരണസംഘത്തിന് ഷെഡ് നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ നിർമ്മാണം ഇപ്പോൾ പൂർത്തീകരണ ഘട്ടത്തിലാണ്. മാർഗ്ഗരേഖ പ്രകാരം നിർമ്മാണ ചെലവിന്റെ 50 ശതമാനമാണ് ധനസഹായം നൽകാവുന്നത്. നിലവിൽ 277 അംഗങ്ങളുള്ള സംഘത്തിൽ മുഴുവൻ പട്ടികജാതി വിഭാഗക്കാരാണ്. മുൻപ് സംഘത്തിലെ കലാകാരന്മാർ കലാപരിപാടികൾ നടത്തുന്നുണ്ടായിരുന്നു. ഇപ്പോൾ കലാ പരിപാടികൾ നടത്തുന്നില്ല. വാദ്യോപകരണങ്ങൾ, പവർ ടൂൾസ് എന്നിവ വാടകയ്ക്ക് നൽകുകയാണ് സംഘത്തിന്റെ ഇപ്പോഴത്തെ പ്രധാന വരുമാന സ്രോതസ്സ്. 2022-23 -ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തന്നാണ്ടിൽ 30,248 രൂപ നഷ്ടവും ആകെ നഷ്ടം 12,35,282 രൂപയുമാണ്. ഈ സാഹചര്യത്തിൽ ഷെഡ്ഡു നിർമ്മാണത്തിന് സംഘത്തിന് ധനസഹായം നല്കാൻ സാധിക്കില്ല. എങ്കിൽ കൂടി 50 ശതമാനം തുക സംഘം അടയ്ക്കണമെന്ന നിബന്ധന ഒഴിവാക്കി മുഴുവൻ തുക നൽകണമെന്നതു സംബന്ധിച്ച്

24.04.2025-ലെ തീരുമാനം :-

1) ആവശ്യം പരിഗണിച്ചില്ല. പട്ടികജാതി വികസന വകുപ്പിൽ നിന്ന് സംഘത്തിന് പ്രത്യേകം ധനസഹായം നൽകാൻ കഴിയുമോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്
2) ഈ കെട്ടിടത്തിൽ തൊഴിൽ പരിശീലനം, മറ്റു വരുമാനദായക പ്രവൃത്തികൾ എന്നിവ ആരംഭിച്ച് സംഘം ലാഭത്തിലാക്കാനുള്ള മറ്റു പ്രവർത്തനങ്ങൾക്കായി പ്രോജക്റ്റ് തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു. ഇതു നൽകുന്ന മുറയക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് പ്രത്യേക ധനസഹായം നൽകുന്നതിന് അനുമതി പരിഗണിക്കുന്നതാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.4 (2) ഖണ്ഡിക 4.7**
**<u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2025-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (SRG/94/25 – CC/20/25)

വിഷയം:- സ്കൂൾ കുട്ടികൾ മുഖേന വിതരണം ചെയ്യുന്ന കോഴികുഞ്ഞുങ്ങൾക്ക് 100 ശതമാനം സബ്സിഡി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 63/25 | അടങ്കൽ | 3,25,000 രൂപ<br>വികസനഫണ്ട് ജനറൽ – 1,62,500 രൂപ<br>ഗ്രാമപഞ്ചായത്ത് വിഹിതം 1,62,500 രൂപ |
| പേര് | സ്കൂൾ പൗൾട്രി ക്ലബ് – ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം | |

ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുക്കുന്ന സ്കൂളുകളിലെ 50 കുട്ടികൾക്ക് 46-50 ദിവസം പ്രായമായ 5 കോഴികളെ വീതം വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട്. 50 ശതമാനം വീതം ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും വഹിക്കും. 5 കോഴികൾ അടങ്ങുന്ന ഒരു യൂണിറ്റിന് 600 രൂപയാണ് മാർഗ്ഗരേഖ പ്രകാരമുള്ള യൂണിറ്റ് ചെലവ്. തദ്ദേശഭരണ സ്ഥാപനം മുഴുവൻ തുകയും സബ്സിഡിയായി നൽകുന്നു ( Rs.120 x5 Nos.). എന്നാൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഒരു കോഴിയുടെ വില 120 രൂപയിൽ നിന്ന് 130 രൂപയായി കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ലെ യോഗം വർദ്ധിപ്പിച്ചു. എന്നാൽ അധികമായി വരുന്ന 10 രൂപ ഗുണഭോക്താവ് വഹിക്കണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. മൃഗസംരക്ഷണ വകുപ്പിൽ ഒരു കോഴിയുടെ വില 130 രൂപയാണ്. ഈ സാഹചര്യം പരിഗണിച്ച് സ്കൂൾ കുട്ടികൾക്ക് കോഴികുഞ്ഞുങ്ങളെ 100 ശതമാനം സബ്സിഡിയോടെ (കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരമുള്ള 10 രൂപ ഉൾപ്പെടെ) നൽകാൻ അനുമതി സംബന്ധിച്ച്

<u>24.04.2025 -ലെ തീരുമാനം</u> **:-**കോഴികളെ സ്കൂൾ കുട്ടികൾക്ക് നൽകുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം കൂടി തേടി പിന്നീട് പരിഗണിക്കുന്നതാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**<u>2.4 (3) ഖണ്ഡിക 4.31</u>**

ഖണ്ഡിക 4.31 ലെ ഇനം നമ്പർ 2 (കുത്തുപറമ്പ് നഗരസഭയുടെ ആവശ്യം പരിഗണിച്ചപ്പോൾ എടുത്ത തീരുമാനം

1) സംസ്ഥാനത്തെ ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് റിപ്പോർട്ട് 24.06.2025 ന് നൽകി.

**<u>24.06.2025 ന നൽകിയ റിപ്പോർട്ട്:-</u>** സംസ്ഥാനത്ത് നിലവിൽ 104 ഡയാലിസിസ് യൂണിറ്റുകളാണ് ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നത്. വിവരങ്ങൾ താഴെ ചേർക്കുന്നു. ഇതിൽ ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്കാശുപത്രികൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, ചില കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്നു.എല്ലാ സെന്ററുകളിലും ആശുപത്രി വികസന സമിതിയുടെ മേൽനോട്ടത്തിലാണ് ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നത്. ജനറൽ വിഭാഗത്തിന് ഒരു നിരക്കും, ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉള്ളവർക്ക് കുറഞ്ഞ നിരക്കിലുമാണ് എല്ലാ യൂണിറ്റുകളിലും ഫീസ് നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ അതിദരിദ്രരായ രോഗികൾക്ക് ആശുപത്രി സൂപ്രണ്ടിന്റേയോ, വികസന സമിതിയുടെയോ നിർദ്ദേശ പ്രകാരം സൗജന്യമായി ഡയാലിസിസ് സേവനം നൽകുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടിലൂടെ അവരുടെ സേവന പരിധിയിൽ വരുന്ന രോഗികൾക്ക് ഡയാലിസിസിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. എന്നാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇപ്രകാരം ധനസഹായം നൽകുന്നില്ല. സംസ്ഥാനത്തെ മേജർ ആശുപത്രികളിൽ 32 ഇടങ്ങളിൽ ഡയാലിസിസ് സംവിധാനം പ്രവർത്തിക്കുന്നില്ല. ഇവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

ആരോഗ്യ വകുപ്പിന് കീഴിലെ ഡയാലിസിസ് യൂണിറ്റുകളുടെ വിവരം

| | | | |
|---|---|---|---|
| 1 | GH TR VANDRUM | 53 | THQH CHAVAKAD |
| 2 | GH NEYYATTINKA A | 54 | THQH KUNNAMKU AM |
| 3 | DH NEDUMANGAD | 55 | TH PUDUKKAD |
| 4 | TH ATTINGAL | 56 | DH WADAK NCH RY |
| 5 | TH FORT,TRIVANDRUM | 57 | CHC MALA |
| 6 | THQH CHIRAYEN EEZH | 58 | TH CHELAKARA |
| 7 | THQH PARASSALA | 59 | CHC THOLUR |
| 8 | DMH PEROORKADA | 60 | CHC SHORANUR |
| 9 | TH VARKKALA | 61 | THQH ALATHUR |
| 10 | THQH MALAYANKEEZH | 62 | ATTSH KOTTATHARA |
| 11 | TH VITHURA | 63 | DH PALAKKAD |
| 12 | DH KOLLAM | 64 | THQH OTTAPALAM |
| 13 | THQH PUNALUR | 65 | THQH CHITTUR |
| 14 | THQH KARUNAGAPALLY | 66 | THQH MANNARKADU |
| 15 | THQH SASTHAMKOTTA | 67 | CHC CHALISHERRY |
| 16 | TH NEENDAKARA | 68 | DH NILAMBUR |
| 17 | TH NEDUNGOLAM | 69 | DH PERINTHALMANNA |
| 18 | THQH KOTTARAKKARA | 70 | DH TIRUR |
| 19 | THQH KADAKKAL | 71 | THQH THIRURANGADI |
| 20 | DH KOZHENCHERY | 72 | THQH PONNANI |
| 21 | GH PATHANAMTHITTA | 73 | CHC CHUNKATHARA |
| 22 | GH ADOOR | 74 | CHC MARAMCHERI |
| 23 | THQH THIRUVALLA | 75 | TH PERAMBRA |
| 24 | THQH RANNY | 76 | DH VADAKARA |
| 25 | GH ALAPPUZHA | 77 | TH TAMRASHERRY |
| 26 | DH MAVELIKARA | 78 | TH FERROKE |
| 27 | THQH CHERTHALA | 79 | TH BALUSHERRY |
| 28 | THQH HARIPAD | 80 | THQH KOYILANDI |
| 29 | THQH KAYAMKULAM | 81 | TH KUTTIYADI |
| 30 | TH THURAVOOR | 82 | DH MANATHAWADY |
| 31 | GH KOTTAYAM | 83 | THQH VAITHIRI |
| 32 | GH PALA | 84 | CHC PANAMARAM |
| 33 | THQH VAIKOM | 85 | THQH S BATHERY |
| 34 | PHC ERATTUPETTA | 86 | CHC NALLOOMADU |
| 35 | KRNMSHOSPITAL, UZHAVOOR | 87 | DH KANNUR |
| 36 | DH THODUPUZHA | 88 | DH THALASHERRY |
| 37 | DH IDUKKI | 89 | URBAN DIALYSIS CENTER, MATTANUR |
| 38 | TH KATTAPPANA | 90 | TH KOOTHUPARAMBU |
| 39 | THQH ADIMALY | 91 | TH PAYANGADI |
| 40 | GH ERNAKULAM | 92 | THQH THALIPARAMBU |
| 41 | DH ALUVA | 93 | TH PERAVUR |
| 42 | THQH PERUMBAVOOR | 94 | TH IRATTY |
| 43 | THQH FORT KOCHI | 95 | URBAN DIALYSIS CENTER, IDAKADU |
| 44 | HQH N PARVUR | 96 | TH PAYYANUR |
| 45 | THQH PIRAVOM | 97 | GH KASARGODE |
| 46 | GH MUVATUPUZHA | 98 | DH KANHANGAD |

| | | | |
|---|---|---|---|
| 47 | THQH TRIPUNITURA | 99 | TH THRIKARIPOOR |
| 48 | TH ANGAMALY | 100 | TH MANGALAPADY |
| 49 | TH PALLURUTHY | 101 | CHC PERIYA |
| 50 | THQH KODUNGALUR | 102 | TH NEELESHWAR |
| 51 | GH THRISSUR | 103 | TH POODAMKALLU |
| 52 | THQH CHALAKUDY | 104 | CMC MULIYUR |

24.06.2025 ലെ തീരുമാനം :- ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഡയാലിസിസ് സെന്ററുകളുടെ വിവരം മാത്രമാണ് നൽകിയിട്ടുള്ളത്. എന്നാൽ ചാരിറ്റബിൾ സൊസൈറ്റി, മറ്റ സന്നദ്ധ സംഘടനകൾ തുടങ്ങിയ സ്ഥാപനങ്ങൾ ഡയാലിസിസ് സെന്റർ നടത്തുന്നുണ്ട്. ഈ വിവരങ്ങൾ കൂടി ശേഖരിച്ച നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, ആരോഗ്യവകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.4 (4) ഖണ്ഡിക 4.47**

**<u>മണിയൂർ ഗ്രാമപഞ്ചായത്ത് (അദാലത്ത്)</u>**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.11.2024-ലെ കത്തും മണിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.11.2024-ലെ 18(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1126/24 – CC/743/2024)

| | |
|---|---|
| വിഷയം:- | മണിയൂർ ഗവ. ഐ.റ്റി.ഐ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നൽകുന്നത് സംബന്ധിച്ച്. |

മണിയൂർ ഗ്രാമപഞ്ചായത്ത് 18-ാം വാർഡിലുള്ള ഗവ.ഐ.റ്റി.ഐ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിന്റെ 11.07.2022-ലെ 1646/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2022-23 വരെയുള്ള വാടക നൽകുന്നതിന് അനുമതി നൽകിയിരുന്നു. മുൻവർഷങ്ങളിൽ നൽകിയ പ്രതിമാസ വാടക 15,766 രൂപയാണ്. ഇതേ നിരക്കിൽ 2023-24 വർഷത്തേയും തുടർന്നുള്ള വർഷങ്ങളിലേയും വാടക നൽകാൻ അനുമതി സംബന്ധിച്ച്.

<u>24.04.2025-ലെ തീരുമാനം</u> :-വ്യാവസായിക പരിശീലന വകുപ്പിന്റെ അഭിപ്രായം തേടി പിന്നീട് പരിഗണിക്കുന്നതാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട് വ്യാവസായിക പരിശീലന വകുപ്പ് ട്രെയിനിംഗ് ഡയറക്ടർ നൽകി.

15.09.2025 ന നൽകിയ റിപ്പോർട്ട് :- സർക്കാർ അനുമതിയോടെ 2022-23 വരെയുള്ള വാടക നൽകുന്നതിന് അനുമതി നൽകിയിരുന്നു. നിലവിൽ ഐ.ടി.ഐ ക്ക് വേണ്ടി നിർമ്മാണം ആരംഭിച്ച കെട്ടിടത്തിന്റെ വർക്ക് 2025 മാർച്ച് മാസം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ നിശ്ചിത സമയത്തിനകം നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. 2025 ആഗസ്റ്റ് മാസത്തോടെ നിർമ്മാണം പൂർത്തിയാകും. 15,776/- രൂപ നിരക്കിൽ 2024 ഏപ്രിൽ മാസം മുതൽ 2025 മാർച്ച് വരെയും, 2025 ഏപ്രിൽ മുതൽ 30% വർദ്ധനവോട്ട കൂടിയും പുതുക്കിയ എഗ്രിമെന്റിൽ ഏർപ്പെടണം എന്നാണ് ഉടമ ആവശ്യപ്പെട്ടിരിക്കുന്നത്. വാടക വിഷയത്തിൽ അനുകൂലമായ പ്രതികരണം ഉണ്ടാകാത്ത സാഹചര്യത്തിൽ കെട്ടിടം ഒഴിഞ്ഞു തരുന്നതിന് കോടതിയെ സമീപിക്കുമെന്ന് കെട്ടിട ഉടമ അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത്/ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ ഒരു ഐ.ടി.ഐ. തുടങ്ങുമ്പോൾ ഈ ഐ.ടി.ഐ ക്ക് സ്ഥലം ലഭ്യമാക്കി കെട്ടിടം പണി പൂർത്തിയാക്കി ആ കെട്ടിടത്തിൽ ഐ.ടി.ഐ മാറുന്നതുവരെയുള്ള ഭൗതിക സാഹചര്യം (വെള്ളം, വെളിച്ചം, കെട്ടിടം ഉൾപ്പെടെ) അതത് പഞ്ചായത്ത്/ തദ്ദേശസ്വയംഭരണ സ്ഥാപനമാണ് നൽകേണ്ടത്.

മണിയൂർ ഐ.ടി.ഐയുടെ കെട്ടിടം പണി പുരോഗമിച്ചുവരികയാണ്. 2025 ആഗസ്റ്റ് മാസത്തോട്ടു കൂടി പണി തീർക്കും എന്നാണ് അറിയിച്ചിരിക്കുന്നത്. ആയതിനാൽ പണി പൂർത്തിയായി ഈ കെട്ടിടത്തിലേയ്ക്ക് ഐ.ടി.ഐ. മാറുന്നതുവരെയുള്ള വാടക പഞ്ചായത്ത് തന്നെ നൽകണമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

15.09.2025 ലെ തീരുമാനം: ഭരണസമിതിയുടെ കാലാവധി തീരുന്ന സാഹചര്യത്തിൽ 2025 ആഗസ്റ്റ് മാസംവരെയുള്ള വാടക മുൻവർഷങ്ങളിൽ നിലനിന്ന നിരക്കിൽ നൽകുന്നതിന് അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (എഫ്.എം/ഡി.ബി) വകുപ്പ് |

**2.5 കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2025 ന ക്രൂടിയ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.5 (1) (പദ്ധതി അവലോകനം)**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25-ലെ പദ്ധതി പുരോഗതി അവലോകനം ചെയ്യവേ താഴെപ്പറയുന്നവ പ്രത്യേകം പരിശോധിക്കാനും ഇതിന്മേൽ വിശദമായ റിപ്പോർട്ട് നൽകാനും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

(i) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പ്രത്യേക ഘടക പദ്ധതി ( SCP) പട്ടികവർഗ്ഗ ഉപപദ്ധതി (TSP) ചെലവ് ശതമാനം പൊതുവിഭാഗം ചെലവിനേക്കാൾ കുറവാണ്. ഇത് പ്രത്യേകമായി പരിശോധിച്ച് കാരണം കണ്ടെത്തണം. ഒപ്പം SCP, TSP ഫണ്ട് ഉപയോഗിച്ചുള്ള പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വിശദമായി പരിശോധിക്കണം.

(ii) തിരുവനന്തപുരം കോർപ്പറേഷൻ കഴിഞ്ഞ വർഷം TSP വിഹിതമായി ലഭിച്ച തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. അതുപോലെ മറ്റു കോർപ്പറേഷനുകളിലും TSP വിഹിതത്തിന്റെ ചെലവ് വളരെ കുറവാണ്. ഇത് പ്രത്യേകം പരിശോധിക്കണം.

(iii) തിരുവനന്തപുരം കോർപ്പറേഷനിൽ TSP വിഹിതം ചെലവഴിക്കുന്നതിനും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും ബുദ്ധിമുട്ടുണ്ട് എന്ന് മുൻപ് കോഓർഡിനേഷൻ കമ്മിറ്റി വിലയിരുത്തിയിരുന്നു. ഇതിന് പരിഹാരമെന്നോണം TSP ഫണ്ടുപയോഗിച്ച് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പൊതു ആവശ്യത്തിന് ഉപയോഗിക്കാവുന്ന ഹോസ്റ്റൽ പോലുള്ള സൗകര്യമൊരുക്കുന്നതിന്റെ സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നതാണ്. ഇതിന്മേൽ കോർപ്പറേഷൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ സംബന്ധിച്ച് പരിശോധിക്കണം. മറ്റു നഗരസഭാ സ്ഥാപനങ്ങളിലും TSP വിഹിതത്തിന്റെ ചെലവ് കുറവായതിനാൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രയോജനപ്പെടുന്ന പൊതു സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ സാധ്യത പരിശോധിക്കണം. ഇതു സംബന്ധിച്ച റിപ്പോർട്ട് നൽകി.

<u>15.09.2025 ന നൽകിയ റിപ്പോർട്ട്:</u> പദ്ധതികൾ നടപ്പിലാക്കുന്നതിൽ നേരിടുന്ന പ്രശ്നങ്ങളും ഇത് പരിഹരിക്കുന്നതിനുള്ള പരിഹാര നിർദ്ദേശങ്ങളും സംബന്ധിച്ച് തദ്ദേശ സ്ഥാപന സെക്രട്ടറിമാരുടെ യോഗം ജില്ലാ തലത്തിൽ ജോയിന്റ് ഡയറക്ടർമാർ നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്നവ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകി.

i) ഗുണഭോക്തൃ വിഹിതം നൽകേണ്ട പ്രോജക്ടുകൾക്ക് പൊതുവെ ഗുണഭോക്താക്കൾ തുക അടവാക്കുന്നതിന് വിമുഖത കാട്ടുന്നു. ഭവന പുനരുദ്ധാരണ പദ്ധതികളിൽ പട്ടികജാതി വകുപ്പിൽ നിന്നും ആദ്യ ഗഡു ഉയർന്ന തോതിൽ ലഭിക്കുന്നതുകൊണ്ട് ഗുണഭോക്താക്കൾ പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള സഹായം ലഭിക്കുന്നതിന് താൽപര്യപ്പെടുന്നു. മാത്രമല്ല ലൈഫ്, ഭവന പുനരുദ്ധാരണ പദ്ധതികളുടെ തുക പ്രവൃത്തികളുടെ ഓരോ സ്റ്റേജ് വൈസ് ആയിട്ടാണ് നൽകുന്നത്. തദ്ദേശസ്ഥാപനങ്ങളുടെ SCP/TSP ഫണ്ടിന്റെ പകുതിയോളം ഗുണഭോക്തൃ പദ്ധതികളിലൂടെയാണ് ചെലവഴിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതിയിൽ സർക്കാർ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കുന്ന ഒരേ തരം പ്രോജക്ടുകൾക്ക് വ്യത്യസ്ത നിരക്കിൽ ആനുകല്യങ്ങൾ നൽകുന്നു. അതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിദ്യാഭ്യാസ ധനസഹായം വിവാഹ ധനസഹായം തുടങ്ങിയ പ്രോജക്ടുകൾക്ക് ഗുണഭോക്താക്കളെ ലഭ്യമാകാത്ത സാഹചര്യം ഉണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ SCP/TSP വിഹിതം ഇത്തരം പ്രോജക്ടുകൾ മുഖേന ചെലവഴിക്കാൻ കഴിയാതെ വരുന്നു.

സർക്കാർ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഒരേതരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് നിയന്ത്രിക്കുന്നത് വഴി ഇത്തരം അപാകതകൾ പരിഹരിക്കാൻ കഴിയും.

15.09.2025 ലെ തീരുമാനം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

ii) പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കളായിട്ടുള്ളവരിൽ 51% പേരെങ്കിലും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ആണെങ്കിൽ മാത്രമേ പശ്ചാത്തല വികസനത്തിന് എസ്.സി.പി. ഫണ്ട് വിനിയോഗിക്കാൻ കഴിയുകയുള്ളൂ. കേരളത്തിലെ നിലവിലെ സാമൂഹ്യ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ, പ്രത്യേകിച്ച് നഗരഭരണ പ്രദേശത്ത് പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർ സങ്കേതമായി താമസിക്കുന്ന സാഹചര്യം നിലവിലില്ല. അതിനാൽ എസി.സി.പി. ഫണ്ട് വകയിരുത്തിയുള്ള പശ്ചാത്തലവികസന പദ്ധതികൾക്ക് ഫീസിബിലിറ്റി ലഭിക്കുന്നതിന് 51 ശതമാനം ഗുണഭോക്താക്കൾ വേണം എന്ന നിബന്ധന
SCP/TSP ഫണ്ട് ചെലവഴിക്കപ്പെടാതെ ലാപ്സായി പോകുന്നതിന് ഒരു പ്രധാന കാരണമാണ്. ഈ സാഹചര്യത്തിൽ ഫീസിബിലിറ്റി ലഭിക്കുന്നതിന് ഗുണഭോക്താക്കൾ 51 ശതമാനം എന്നത് 33 ശതമാനമാക്കി കുറയ്ക്കുന്നത് കൂടുതൽ എസ്.സി.പി. ഫണ്ട് ചെലവഴിക്കപ്പെടാനും കൂടുതൽ പട്ടികജാതി കുടുംബങ്ങൾക്ക് ഉപകാരപ്പെടുന്നതിനും കാരണമാകും

15.09.2025-ലെ തീരുമാനം :- ഈ ശുപാർശ ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

iii)നഗരഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം കുടുംബങ്ങൾ താരതമ്യേന സാമ്പത്തികമായി മുന്നോക്കാവസ്ഥയിൽ നിൽക്കുന്നുണ്ട്. വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അർഹതാ മാനദണ്ഡങ്ങൾ പ്രകാരം ഇവർക്ക് ഗുണഭോക്തൃ പദ്ധതികൾക്ക് അപേക്ഷ നൽകാൻ കഴിയാത്ത സാഹചര്യമുണ്ട്. അത്തരം നഗരഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ പൊതു സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പരിഗണിക്കാവുന്നതാണ്. TSP ഫണ്ട് ഉപയോഗിച്ച് പട്ടികവർഗ്ഗ വിഭാഗക്കാരുടെ പൊതു സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നകിനുള്ള സാധ്യതകൾ പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്നും, അത്തരം പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് വരുംവർഷങ്ങളിൽ TSP ഫണ്ട് വിഹിതത്തിൽ അർഹമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കണം.

iv) ഉന്നതികളിൽപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്താനും, പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും അടിസ്ഥാന രേഖകൾ ലഭിക്കാനും കാലതാമസം വരുന്നുണ്ട്. അതിനാൽ പദ്ധതി പ്രവർത്തനങ്ങൾ വൈകുന്നുണ്ട്. നഗരഭരണ പ്രദേശങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ ഗുണഭോക്താക്കളില്ലാത്തതിനാൽ TSP പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയുന്നില്ല.

ജില്ലാ തല അവലോകനയോഗങ്ങളിൽ എസ്.സി.പി, ടി.എസ്.പി പ്രോജക്ടുകൾ പ്രത്യേക അവലോകനം നടത്തി ചെലവ് ശതമാനം ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

v) തിരുവനന്തപുരം കോർപ്പറേഷൻ കഴിഞ്ഞ വർഷം TSP വിഹിതമായി ലഭിച്ച തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. അർഹരായ ഗുണഭോക്താക്കളെ കിട്ടുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ പട്ടിക വർഗ്ഗവിഭാഗങ്ങൾക്ക് പൊതു ആവശ്യത്തിന് ഉപയോഗിക്കാവുന്ന ഹോസ്റ്റൽ പോലുള്ള സൗകര്യം ഒരുക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് കോ- ഓർഡിനേഷൻ കമ്മിറ്റി കോർപ്പറേഷനോട് നിർദ്ദേശിച്ചിരുന്നു.
തിരുവനന്തപുരം കോർപ്പറേഷൻ മെട്രിക് ഹോസ്റ്റലിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി റ്റി. എസ്. പി. ഫണ്ട് ഉപയോഗിച്ച് താഴെ പറയുന്ന രണ്ട് പദ്ധതികൾ ഏറ്റെടുക്കുകയും സ്പിൽ ഓവർ പദ്ധതിയായി 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(I) പ്രോജക്ട് നം. 1989/2025 - മണ്ണന്തല പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ പഠനമുറിക്ക് ആവശ്യമായ ഡെസ്ക് ടോപ് കമ്പ്യൂട്ടർ വാങ്ങൽ

(II) പ്രൊജക്ക് നം. 1990/2025 – പേരൂർക്കട പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ

സർക്കാരിന്റെ 28.05.2022 –ലെ 115/2022/LSGD നമ്പർ സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം സ്കോളർഷിപ്പും മറ്റ് അടിസ്ഥാന സൗകര്യത്തിനുമുള്ള പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ TSP ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുന്നുണ്ട്. പട്ടിക വർഗ്ഗ വിഭാഗക്കാരുടെ പൊതു സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്നും അത്തരം പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് വരുംവർഷങ്ങളിൽ TSP ഫണ്ട് വിഹിതത്തിൽ അർഹമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കണമെന്നും അറിയിച്ചിരിക്കുന്നു.

15.09.2025–ലെ തീരുമാനം:– ക്രമനമ്പർ iii, iv, v പ്രത്യേകമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ എസ്.ആർ.ജി.യെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.5 (2) ഖണ്ഡിക 3.5**

**കൃഷി ഫാമുകൾ**

കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കൃഷി ഫാമുകൾ ജില്ലാപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ഇപ്രകാരം ജില്ലാ പഞ്ചായത്തിന് കൈമാറിയ കൃഷി ഫാമുകളുടെ വിവരങ്ങൾ ശേഖരിച്ച് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഫാമിന്റെ സ്വഭാവമെന്താണ്, വിസ്തീർണ്ണമെത്രയുണ്ട്, ഇതിൽ നിന്നുള്ള വാർഷിക വരുമാനമെത്രയാണ്, വാർഷിക വരുമാനം എങ്ങനെ വിനിയോഗിക്കുന്നു, ഫാമിനു വേണ്ടി ജില്ലാ പഞ്ചായത്ത് ഓരോ വർഷവും ശരാശരി നീക്കി വയ്ക്കുന്ന വിഹിതം എത്രയാണ് എന്നീ വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട് നൽകി.

15.09.2025 –ന നൽകിയ റിപ്പോർട്ട്:

**കൃഷി ഫാമുകൾ**
**കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ജില്ലാ പഞ്ചായത്തിനു കൈമാറിയ കൃഷി ഫാമുകൾ**

| നം | ജില്ലാ പഞ്ചായത്തിന്റെ പേര് | എണ്ണം | കൃഷി ഫാമിന്റെ സ്വാഭാവം/പേര് | വിസ്തീർണ്ണം | ഫാമിന്റെ വാർഷിക വരുമാനം | ഫാമിന്റെ വരുമാനം എപ്രകാരം വിനിയോഗിക്കുന്നു. | ഫാമിന് വേണ്ടി ജില്ലാപഞ്ചായത്ത് പ്രതിവർഷ ശരാശരി എത്ര തുക മാറ്റി വയ്ക്കുന്നു. |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1 | District Agricultural Farm, Peringammala | 100 Ar | 1.32 Crore | ഫാമിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി വിനിയോഗിക്കുന്നു, ജില്ലാ പഞ്ചായത്തിലേയ്ക്ക് അടയ്ക്കുന്നു | 50 Lakh |
| | | 2 | State Seed Farm, Ulloor | 18 Ar | 9 Lakh | | 18 Lakh |
| | | 3 | State Seed Farm, Chirayinkeezh | 25 HR | 20 Lakh | | 15 Lakh |
| | | 4 | kazhakuttam Coconut Nursery | 3 Ar | 1 Crore | | 14 Lakh |
| | | 5 | Valiyathura Coconut Nursery | 1 Ar | 15 Lakh | | 3 lakh |
| 2 | കൊല്ലം | 1 | State Coconut Nursary, Karunagapally | 3.67 HR | 85,92,768 | വരുമാനം ജില്ലാ പഞ്ചായത്തിന് നൽകുന്നു. ഈ തുക ഫാമിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു. | 7 lakh |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 2 | Hitech Diary Farm, Kuriyottumala | 288 Ar | 3,50,00,000 | | 5 Cr |
| | | 3 | District Agriculture Farm, Anchal | 140.54 HR | 86,58,957 | | 1 Cr |
| | | 4 | State Seed Farm, Kadakkal | 8.8417 HR | 25,02,560 | | 13 Lakh |
| | | 5 | State Seed Farm, Kottarakkara | 3.71 HR | 9,00,000 | | 7 Lakh |
| 3 | പത്തനംതിട്ട | 1 | State Seed Farm, Pullad | 7.2 HR | 11,54,151 | വരുമാനം ജില്ലാ പഞ്ചായത്തിന് നൽകുന്നു. ഈ തുക ഫാമിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു. | 60,64,354 |
| | | 2 | State Seed Farm, Adoor | 10.25 HR | 28,49,862 | | 60,64,354 |
| 4 | ആലപ്പുഴ | 1 | State Seed Farm, Veeyapuram | 21.6 HR | 45,00,000 | വരുമാനം ജില്ലാ പഞ്ചായത്തിന് നൽകുന്നു. ഈ തുക ഫാമിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു. | 20,00,000 |
| | | 2 | State Seed Farm, Veeyapuram | 8.58 HR | 26,38,000 | | 26,38,000 |
| 5 | കണ്ണൂർ | 3 | ജില്ലാ കൃഷിത്തോട്ടം തളിപ്പറമ്പ | 56.35 HR | 1,39,20,879 | വരുമാനം ജില്ലാ പഞ്ചായത്തിന് നൽകുന്നു. ഈ തുക ഫാമിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു. | 200 ലക്ഷം |
| | | 4 | സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ | 10.401 HR | 23,03,715 | വരുമാനം ജില്ലാ പഞ്ചായത്തിന് നൽകുന്നു. ഈ തുക ഫാമിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു. | 25 ലക്ഷം |
| | | 5 | സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട് | 10.66 HR | 23,69,341 | വരുമാനം ജില്ലാ പഞ്ചായത്തിന് നൽകുന്നു. ഈ തുക ഫാമിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു. | 20 ലക്ഷം |
| | | 6 | സ്റ്റേറ്റ് കോക്കനട്ട് നഴ്സറി, പാലയാട് | 4.644 HR | 82,72,801 | വരുമാനം ജില്ലാ പഞ്ചായത്തിന് നൽകുന്നു. ഈ തുക ഫാമിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു. | 65 ലക്ഷം |
| 6 | പാലക്കാട് | 1 | നെല്ല് വിത്തുല്പാദന കേന്ദ്രം, മുതലമട | 22.44 HR | 48,02,947 | ഫാമുകളുടെ ഉല്പാദനക്ഷത വർദ്ധിപ്പിക്കുന്നതിന് ഉപയോഗിക്കുന്നു. | 14,00,000 |
| | | 2 | നെല്ല് വിത്തുല്പാദന കേന്ദ്രം, ആലത്തൂർ | 10.21 HR | 38,11,160 | ഫാമുകളുടെ ഉല്പാദനക്ഷത വർദ്ധിപ്പിക്കുന്നതിന് ഉപയോഗിക്കുന്നു. | 24,34,986 |
| | | 3 | നെല്ല് വിത്തുല്പാദന കേന്ദ്രം, കുന്നന്നൂർ | 8.728 HR | 17,91,087 | ഫാമുകളുടെ ഉല്പാദനക്ഷത വർദ്ധിപ്പിക്കുന്നതിന് ഉപയോഗിക്കുന്നു. | 15,00,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 4 | നെല്ല് വിത്തുല്പാദന കേന്ദ്രം, കോങ്ങാട് | 7.16 HR | 6,17,765 | ഫാമുകളുടെ ഉല്പാദനക്ഷത വർദ്ധിപ്പിക്കുന്നതിന് ഉപയോഗിക്കുന്നു. | 4,51,966 |
| | | 5 | നെല്ല് വിത്തുല്പാദന കേന്ദ്രം, അനങ്ങനടി | 7.13 HR | 4,39,824 | ഫാമുകളുടെ ഉല്പാദനക്ഷത വർദ്ധിപ്പിക്കുന്നതിന് ഉപയോഗിക്കുന്നു. | 3,74,257 |
| 7 | ഇടുക്കി | 1 | District Agricultural Farm, Arikkuzha | 63.29 Ar | 32,37,923 | വരുമാനം ജില്ലാ പഞ്ചായത്തിന് നൽകുന്നു. ഈ തുക ഫാമിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു. | 22.23 Lakh |
| | | 2 | State Seed Farm, Karimannor | | | | 33 Lakh |
| 8 | കോഴിക്കോട് | 1 | State Seed Farm Puduppady | 11.62 HR | 30,57,587 | വരുമാനം ജില്ലാ പഞ്ചായത്തിന് നൽകുന്നു. ഈ തുക ഫാമിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു. | 11 Lakh |
| | | 2 | State Seed Farm, Perambra | 11.96 HR | 44,39,732 | | 26 Lakh |
| 9 | വയനാട് | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല |
| 10 | കാസർകോഡ് | 1 | സംസ്ഥാന വിത്ത് ഉല്പാദനകേന്ദ്രം, പുല്ലൂർ | 18.263 HR | 31,46,880 | സ്ഥാപനത്തിന്റെ ദൈനംദിന ചെലവുകൾക്കും നടീൽ വസ്തുക്കളുടെ ഉല്പാദനം, വിതരണം എന്നിവയ്ക്കും സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുമാണ് വിനിയോഗിച്ചു വരുന്നത്. | കഴിഞ്ഞ 5 വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് ശരാശരി 61 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. |
| | | 2 | സംസ്ഥാന വിത്ത് ഉല്പാദന കേന്ദ്രം, കാസർഗോഡ് | 10.3 HR | 34,71,237 | | |
| 11 | തൃശ്ശൂർ | 1 | ഗവ. കോക്കനട്ട് നേഴ്സറി, ഇരിങ്ങാലക്കുട | 2 HR | 61.50 Lakh | ഫാമിന്റെ വികസന പ്രവർത്തനത്തിന് ഉപയോഗിക്കുന്നു. | 1 Lakh |
| | | 2 | ഡിസ്ട്രിക്ട് അഗ്രിക്കൾച്ചറൽ ഫാം, ചേലക്കര | 45 HR | 17.65 Lakh | | 10.5 Lakh |
| | | 3 | സ്റ്റേറ്റ് സീഡ് ഫാം എടത്തുരുത്തി | 10.4 HR | 27.5 Lakh | | 7 Lakh |
| | | 4 | സ്റ്റേറ്റ് സീഡ് ഫാം,കോടശ്ശേരി | 8.28 HR | 20.11 Lakh | | 11 Lakh |
| | | 5 | സ്റ്റേറ്റ് സീഡ് ഫാം, മണ്ണുത്തി | 11.44 HR | 28.46 Lakh | | 13.25 Lakh |
| | | 6 | സ്റ്റേറ്റ് സീഡ് ഫാം, നടവരമ്പ് | 13.25 HR | 19.67 Lakh | | 9.5 Lakh |
| | | 7 | സ്റ്റേറ്റ് സീഡ് ഫാം, പാണഞ്ചേരി | 8.53 HR | 11.35 Lakh | | 8.5 Lakh |
| | | 8 | സ്റ്റേറ്റ് സീഡ് ഫാം, പഴയന്നൂർ | 15.76 HR | 44 Lakh | | 14.98 Lakh |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | കോട്ടയം | 1 | District Agriculture Farm, Kozha | 26.825 | 86,41,253 | വരുമാനം ജില്ലാ പഞ്ചായത്തിന് നൽകുന്നു. ഈ തുക ഫാമിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു. | 50.00 Lakh |
| | | 2 | State Seed Farm, Kozha | 11.67 HR | 21,31,562 | | 25 Lakh |
| | | 3 | State Seed Farm Valechira | 12.30 HR | 10,00,000 | | 25 Lakh |
| 13 | എറണാകുളം | 1 | District Agricultural Farm Neryamangalam | 234.295 Ar | 1.469 Core | വരുമാനം ജില്ലാ പഞ്ചായത്തിന് നൽകുന്നു. ഈ തുക ഫാമിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു. | 5,07,62,516 |
| | | 2 | State Seed Farm, Okkal | 13.68 HR | 48,34,743 | | |
| | | 3 | State Seed farm, Aluva | 5.32 HR | 10,12,762 | | |
| | | 4 | Govt Coconut Nursary, Vytila | 1.2 HR | 56,32,573 | | |
| 14 | മലപ്പുറം | 1 | ജില്ലാ കൃഷിത്തോട്ടം, ചുങ്കത്തറ | 33.60 HR | 1,02,18,074 | വരുമാനം ജില്ലാ പഞ്ചായത്തിന് നൽകുന്നു. ഈ തുക ഫാമിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു. | 121.88 Lakh |
| | | 2 | കോക്കനട്ട് നേഴ്സറി, പരപ്പനങ്ങാടി | 8.40 HR | 99,03,020 | | 39.86 Lakh |
| | | 3 | സ്റ്റേറ്റ് സീഡ് ഫാം, ആനക്കയം | 10.97 HR | 33,33,574 | | 27.83 Lakh |
| | | 4 | സ്റ്റേറ്റ് സീഡ് ഫാം , ചോക്കാട് | 11.43 HR | 24,87,338 | | 14.13 Lakh |
| | | 5 | സ്റ്റേറ്റ് സീഡ് ഫാം തവന്നൂർ | 7.92 HR | 28,61,869 | | 8.85 Lakh |

15.09.2025 ലെ തീരുമാനം:- ഫാമുകളുടെ വിസതീർണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ വരുമാനം വളരെ കുറവാണ് എന്നു യോഗം നിരീക്ഷിച്ചു. ഫാമുകളുടെ പരിപാലനത്തിനും, വരുമാന വർദ്ധനവിനും മികച്ച രീതിയിൽ പദ്ധതി ആസൂത്രണം ചെയ്യണമെന്ന് യോഗം വിലയിരുത്തി. ഓരോ ഫാമുകളുടെയും ഉല്പാദനക്ഷമതയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് ഹ്രസ്വകാല/ ദീർഘകാല പദ്ധതി ആവശ്യമുണ്ട്. ഫാമുകളുടെ ഇപ്പോഴത്തെ പ്രശ്നങ്ങളും വിശദമായി പരിശോധിക്കണം. ഒപ്പം ഫാം ടൂറിസത്തിന്റെ സാധ്യതയും പരിശോധിക്കണം. ഇതിനായി ആവശ്യമെങ്കിൽ കൺസൾട്ടൻസി സർവ്വീസും ഉപയോഗപ്പെടുത്തണം. വൈവിധ്യമായ കൃഷിരീതി ശാസ്ത്രീയമായി സ്വീകരിക്കണം. ഇവയൊക്കെ പരിഗണിച്ച് ഈ വിഷയം സംസ്ഥാന ആസൂത്രണ ബോർഡ്, കൃഷി വകുപ്പ് എന്നിവരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2) സംസ്ഥാന ആസൂത്രണ ബോർഡ്<br>3) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**2.5 (3) ഖണ്ഡിക 4.52**
**<u>തിരുവനന്തപുരം ജില്ലാപഞ്ചായത്ത്</u>**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.03.2025, 20.02.2025 എന്നീ തീയതികളിലെ കത്തുകളും തിരുവനന്തപുരം ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 06.11.2024-ലെ 2(11)-ാം നമ്പർ തീരുമാനവും (SRG/264/25 – cc/77/2025)

വിഷയം:- പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് അപ്രന്റീസ്ഷിപ്പ് സ്റ്റൈപന്റ് വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്

പതിമൂന്നാം പഞ്ചവൽസര പദ്ധതി സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ പരിചയം നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കാൻ അനുമതിയുണ്ട്. യോഗ്യത അനുസരിച്ച് രണ്ട് വർഷക്കാലത്തേയ്ക്ക് ജില്ലാപഞ്ചായത്തിലേയും നഗരഭരണ സ്ഥാപനങ്ങളിലേയും എഞ്ചിനീയറിംഗ് വിഭാഗം, ആശുപത്രികൾ, മറ്റ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലാണ് തൊഴിൽ പരിചയം നേടുന്നതിന് ഇവരെ നിയോഗിക്കാവുന്നത്. ഇതിനായി ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും താഴെപറയുന്ന നിരക്കിൽ ഇവർക്ക് സ്റ്റൈപന്റ് നല്കാം. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ഓണറേറിയം പട്ടികജാതി വികസന വകുപ്പ് നൽകുന്ന സ്റ്റൈപന്റിനേക്കാൾ കുറവായതിനാൽ ആവശ്യത്തിന് ഗുണഭോക്താക്കളെ ലഭിക്കുന്നില്ല എന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചിട്ടുണ്ട്. അതിനാൽ പട്ടികജാതി വികസന വകുപ്പ് നൽകുന്ന സ്റ്റൈപന്റുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന സ്റ്റൈപന്റ് ഏകീകരിക്കണമെന്നതു സംബന്ധിച്ച് .സ്റ്റൈപന്റിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | യോഗ്യത | തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന സ്റ്റൈപന്റ് | പട്ടികജാതി വികസന വകുപ്പ് നൽകുന്ന സ്റ്റൈപന്റ് |
|---|---|---|---|
| 1 | BSC നേഴ്സിംഗ് (അലോപ്പതി, ആയുർവേദം) | 10,000 | 18,000 |
| 2 | ജനറൽ നേഴ്സിംഗ് | 8,000 | 15,000 |
| 3 | M LT, ഫാർമസി, റേഡിയോഗ്രാഫർ തുടങ്ങിയ പാരാമെഡിക്കൽ യോഗ്യതയുള്ളവർ | 8,000 | 12,000 |
| 4 | എഞ്ചിനീയറിംഗ് | 10,000 | 18,000 |
| 5 | പോളിടെക്നിക്ക് (ഡിപ്ലോമ ഇൻ എഞ്ചിനീയറിംഗ് ) | 8,000 | 15,000 |
| 6 | ITI | 7,000 | 10,000 |
| 7 | അംഗീകൃത തെറാപ്പിസ്റ്റുകൾ | 10,000 | -- |
| 8 | DMLT – D ഫാം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 7,000 | 12,000 |
| 9 | സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് | 7,000 | -- |

24.06.2025-ലെ തീരുമാനം:- പട്ടികജാതി വികസന വകുപ്പിന്റെ ഇതു സംബന്ധിച്ച ഉത്തരവു സഹിതം ഇതിന്മേൽ റിപ്പോർട്ട് നൽകാൻ പട്ടികജാതി വികസന വകുപ്പ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.6 കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2025 ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.6 (1) ഖണ്ഡിക 3.5**

**ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി**

ആരോഗ്യ വകുപ്പിന്റെ ഉത്തരവനുസരിച്ച് എച്ച്.എം.സി ക്ക് ലഭ്യമായ ഫണ്ടിന്റെ 40 ശതമാനം മാത്രമാണ് കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്ന ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ്, മറ്റുള്ള സ്റ്റാഫ് എന്നിവരുടെ വേതനം നൽകാനായി ഉപയോഗിക്കാവുന്നത്. ബാക്കിയുള്ള 60 ശതമാനം വിഹിതം ആശുപത്രിയിൽ അത്യാവശ്യം വേണ്ട ഭൗതിക സൗകര്യം ഒരുക്കൽ, മരുന്ന്/ഉപകരണങ്ങൾ, വാങ്ങൽ മറ്റ കണ്ടിജൻസി ആവശ്യങ്ങൾ എന്നിവയ്ക്കാണ് ഉപയോഗിക്കുന്നത്. എന്നാൽ ആരോഗ്യ വകുപ്പിൽ നിന്നുള്ള വിഹിതത്തിനു പുറമെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം കൂടി ഉപയോഗിച്ച് കെട്ടിടമടക്കമുള്ളവയുടെ നിർമ്മാണം, ഇവയുടെ അറ്റകുറ്റപ്പണി, ആശുപത്രി ഉപകരണങ്ങൾ/മരുന്ന് എന്നിവ വാങ്ങൽ, കറന്റ് ചാർജ്ജിന്റെ ചെലവ് എന്നിവ നടത്താൻ കഴിയും. ഒപ്പം CSR വിഹിതവും ലഭിക്കുന്നു. ആശുപത്രികളുടെ ഭൗതിക സൗകര്യം മെച്ചപ്പെട്ടതോടെ OP/IP രോഗികളുടെ എണ്ണം വർദ്ധിച്ചു.

ഈ സാഹചര്യത്തിൽ അധിക ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കേണ്ട ആവശ്യകതയുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിർദ്ദിഷ്ട എണ്ണത്തിൽ പരിമിതപ്പെടുത്തി നിയമിക്കാനാണ് മാർഗ്ഗരേഖ പ്രകാരം അനുമതിയുള്ളത്. ഇതിനുപുറമെ സ്റ്റാഫിനെ നിയമിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ അനുമതി ആവശ്യപ്പെടാറുണ്ട്. ഇതിനു പരിഹാരമായി അധിക സ്റ്റാഫിനെ HMC യിൽ നിന്നുതന്നെ നിയമിക്കാൻ സാധിക്കും വിധം HMC ഫണ്ടിന്റെ 40 ശതമാനം മാത്രമേ സ്റ്റാഫിനെയും മറ്റും നിയമിക്കാൻ ഉപയോഗിക്കാവൂ എന്ന ആരോഗ്യ വകുപ്പിന്റെ ഉത്തരവിൽ മാറ്റം വരുത്തി ആവശ്യമെങ്കിൽ HMC ഫണ്ടിൽ നിന്ന് 70 ശതമാനം വിഹിതം ആശുപത്രിയിലേയ്ക്ക് ആവശ്യമായ സ്റ്റാഫിനെ നിയമിക്കാൻ അനുമതി നൽകിക്കൊണ്ട് നിലവിലെ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് ആരോഗ്യവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ആരോഗ്യവകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**2.6 (2) ഖണ്ഡിക 4.11**

**എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്**

എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.06.2025, 23.07.2025 എന്നീ തീയതികളിലെ 2286768/2025 -ാം നമ്പർ കത്തും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 28.03.2025-ലെ 1/AE/LID&EW/Edky 1/2024-25 നമ്പർ കത്തും എടക്കാട്ട് വയൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.06.2025-ലെ 5(1) -ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/568/25)

വിഷയം:- വിവിധ പ്രോജക്ടുകളിൽ അധികമായി നടത്തിയ നിർമ്മാണ പ്രവൃത്തികൾക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച്

താഴെപ്പറയുന്ന പ്രോജക്ടുകൾ 2021-22 (ഒരെണ്ണം) 2022-23 (2 എണ്ണം) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഈ പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തികൾക്കൊപ്പം അധികമായി പ്രവൃത്തി ചെയ്തു. വകയിരുത്തിയ തുകയും അധികമായി ചെയ്ത പ്രവൃത്തികളും അധിക പ്രവൃത്തിക്ക് നൽകേണ്ട തുകയും താഴെ ചേർക്കുന്നു.

| പ്രോ.നം. | പ്രോജക്ടിന്റെ പേര് | പ്രോജക്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തി | അടങ്കൽ | അധികരിച്ച ജോലി | അധിക തുക (വാല്യുവേഷൻ പ്രകാരം) | കുറിപ്പ് |
|---|---|---|---|---|---|---|
| 123/22 | കണിയാംപറമ്പിൽ തോട്ടറ പുഞ്ച കൺസ്ട്രക്ഷൻ 2nd ഫേസ് - വാർഡ് 11 | 78 മീറ്റർ റോഡ് കോൺക്രീറ്റിംഗ് | 4,00,000 (MG -R) | 38.6 മീറ്റർ നീളത്തിൽ അധികമായി കോൺക്രീറ്റ് ചെയ്തു | 2,65,071 രൂപ | ജനങ്ങൾ ആവശ്യപ്പെട്ട പ്രകാരം നിലവിലെ കോൺട്രാക്ടറെ കൊണ്ട് അധിക പണി ചെയ്യിപ്പിച്ചു. |
| 175/23 211/24 | ത്രിവേണി തുരുത്ത് വാല റോഡ് പുനരുദ്ധാരണം വാർഡ് - 8 | 57.5 മീറ്റർ സൈഡ് പ്രൊട്ടക്ഷൻ (DR work) | 13,00,000 രണ്ട് വർഷമായി (MG -R) | 16.7 മീറ്റർ DR Packing & Ramp construction | 3,83,881 രൂപ | കുളത്തിന്റെ സൈഡ് കെട്ടാതെ റോഡ് നിർമ്മാണം സാധ്യമാവാതെ വന്നു. നിലവിലെ കരാറുകാരനെക്കൊണ്ട് നിർമ്മാണം നടത്തി. |
| 187/23 248/24 | തൊട്ടൂർ PHC നവീകരണം | രോഗികൾക്ക് വിശ്രമ കേന്ദ്രത്തിന്റെ നവീകരണം | 5,00,000 (MG -R) | പെയിന്റിംഗ് | 2,50,000 രൂപ | ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടത്തിയപ്പോൾ ഭിത്തി പെയിന്റ് ചെയ്യേണ്ടി വന്നു |

മുകളിൽ പറഞ്ഞ അധിക പ്രവൃത്തികളുടെ വാല്യുവേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ എടുത്തു നൽകിയിട്ടുണ്ട്. അധികമായി ചെയ്ത പ്രവൃത്തികളുടെ വാല്യുവേഷൻ പ്രകാരമുള്ള തുക നൽകാൻ അനുമതി സംബന്ധിച്ച്.

21.08.2025-ലെ തീരുമാനം:-ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**2.6 (3) ഖണ്ഡിക 4.16**

**മെഡി കെയേഴ്സ്, പാലക്കാട്**

സർക്കാരിന്റെ 21.02.2025-ലെ DA1/39/2025/തസ്വഭവ നമ്പർ കത്തും പാലക്കാട് മെഡികെയേഴ്സ് സൂപ്രണ്ടിന്റെ 15.01.2025-ലെ 2/2025-ാം നമ്പർ കത്തുകളും (2 എണ്ണം) (SRG/199/25)

വിഷയം:- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അലോപ്പതി മരുന്ന് നേരിട്ട് വാങ്ങാവുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ മെഡികെയേഴ്സിനെ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥപനങ്ങൾക്ക് KMSCL-ൽ നിന്നാണ് മരുന്ന് നേരിട്ട് വാങ്ങാവുന്നത്. KMSCL ൽ നിന്ന് മരുന്ന ലഭിക്കാൻ കാലതാമസം വന്നാൽ കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്ന് വാങ്ങാം. ഇവിടെ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ അത്യാവശ്യ മരുന്നുകൾ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻ ഔഷധി തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട് ലറ്റുകളിൽ നിന്നും വാങ്ങാം. ഈ ലിസ്റ്റിൽ പിന്നീട് നീതി സ്റ്റോറിനെ കൂടി ഉൾപ്പെടുത്തി. 1993 ൽ രൂപീകരിക്കപ്പെട്ട ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ് പാലക്കാട് മെഡികെയേഴ്സ്. ഈ സ്ഥാപനത്തിലെ 80 ശതമാനം ജീവനക്കാരും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ് എന്നറിയിച്ചിട്ടുണ്ട്. മുകളിൽപറഞ്ഞ സ്ഥാപനങ്ങളോടൊപ്പം പാലക്കാട് മെഡി കെയേഴ്സിൽ നിന്നു കൂടി മരുന്ന് വാങ്ങാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

21.08.2025 തീരുമാനം:- ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, ആരോഗ്യ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.6 (4) ഖണ്ഡിക 4.32**

**ഏലപ്പാറ ഗ്രാമപഞ്ചായത്ത്**

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.05.2025-ലെ കത്തും ഏലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.05.2025-ലെ SC2 - 564/25-ാം നമ്പർ കത്തും (SRG/501/25 - CC/248/25)

വിഷയം:- എസ്റ്റേറ്റ് മേഖലയിൽ NOC യുടെ അടിസ്ഥാനത്തിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്

ഏലപ്പാറ ഗ്രാമപഞ്ചായത്ത് 2024-25 വർഷം 14-ാം വാർഡിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ പ്രോജക്ട് എടുത്തിരുന്നു. ഈ വർഷം അങ്കണവാടി നിർമ്മിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. രണ്ട് അങ്കണവാടികൾക്കും കണ്ടെത്തിയിരിക്കുന്ന സ്ഥലം ടൈഫോർഡ് എസ്റ്റേറ്റ് വക സ്ഥലമാണ്. എസ്റ്റേറ്റ് ഉടമ NOC നൽകിയിട്ടുണ്ട്. എന്നാൽ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തു നൽകിയാൽ മാത്രമേ കെട്ടിടം നിർമ്മിക്കാൻ കഴിയൂ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. അതിനാൽ NOC യുടെ അടിസ്ഥാനത്തിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്

21.08.2025 ലെ തീരുമാനം:- 1) ഈ വിഷയം ബഹു. റവന്യൂ വകുപ്പുമന്ത്രിയുമായി വിശദമായി ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ബഹു.മന്ത്രിയുമായുള്ള യോഗത്തിനു ശേഷം ഇത് പരിഗണിഗണിക്കുന്നതാണ്.
2) മുകളിൽ പറഞ്ഞ എസ്റ്റേറ്റ് ഭൂമി സംബന്ധിച്ച് എന്തെങ്കിലും കോടതി കേസ് ഉണ്ടോ എന്നത് സംബന്ധിച്ച് ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് നൽകേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ജില്ലാ കളക്ടർ, ഇടുക്കി<br>2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**2.6(5 ) ഖണ്ഡിക 4.34**

**<u>തഴവ ഗ്രാമപഞ്ചായത്ത്</u>**

തഴവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.03.2025-ലെ SC2-11260/2024-ാം നമ്പർ കത്തും. കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.06.2025-ലെ കത്തും. (SRG/339/25 - CC/253/2025)

വിഷയം:- ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപം തഴവയുടെ പൈതൃക ശില്പം സ്ഥാപിക്കുന്നത് സംബന്ധിച്ച്

തഴവ ഗ്രാമപഞ്ചായത്തിന്റെ പൈതൃകമാണ് തഴയും തഴപ്പായയും. ഇത് പരിഗണിച്ച് തഴവയുടെ പൈതൃക ശില്പം (തഴവ മുത്തശ്ശി) ഗ്രാമപഞ്ചായത്ത് ഓഫീസിന് മുൻവശത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. കഴിഞ്ഞ വർഷം 6.50 ലക്ഷം രൂപ വകയിരുത്തി (തനത് ഫണ്ട് ) പ്രോജക്ട് എടുത്തിരുന്നു (പ്രോ.നം. 268/2025). തനത് ഫണ്ട് തന്നെ ഉൾപ്പെടുത്തി ഈ വർഷം സ്പിൽഓവറായി തുടരുന്നുണ്ട്. ആദിത്യവിലാസം ഗവൺമെന്റ് ഹൈസ്കൂളിലെ ചിത്രരചനാ ആദ്ധ്യാപകനായി റിട്ടയർ ചെയ്ത ശ്രീ.റ്റി.രാജേന്ദ്രൻ എന്ന ശില്പിയെയാണ് നിർമ്മാണ ചുമതല ഏൽപ്പിക്കുന്നത്. ഇദ്ദേഹം ധാരാളം ശില്പങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. 5 അടി ഉയരമുള്ള വെങ്കലത്തിലുള്ള പ്രതിമയുടെ നിർമ്മാണ ചുമതല മറ്റ് നടപടിക്രമങ്ങൾ ഒഴിവാക്കി ശ്രീ. റ്റി. രാജേന്ദ്രനെ ഏൽപ്പിക്കാൻ അനുമതി സംബന്ധിച്ച്. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറാണ് ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ.

21.08.2025 ലെ തീരുമാനം:- ഇതിന്മേൽ തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിലെ വിദഗ്ദ്ധരുടെ അഭിപ്രായം തേടാൻ തീരുമാനിച്ചു. ഇതനുസരിച്ച് തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജ് പ്രിൻസിപ്പൽ റിപ്പോർട്ട് നൽകി.

<u>15.09.2025ൽ നൽകിയ റിപ്പോർട്ട്:-</u> കോളേജ് ഓഫ് ഫൈൻ ആർട്സിലെ ശില്പകലാ വിഭാഗവുമായി ഇത് ചർച്ച ചെയ്ത് താഴെപ്പറയുന്ന റിപ്പോർട്ട് നൽകിയിരിക്കുന്നത്.

1) അഞ്ചര അടി ഉയരമുള്ള വെങ്കല ശില്പം തീർക്കുന്നതിന് 6.50 ലക്ഷം രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ലോഹത്തിന്റെ വിലനിലവാരം, ജോലിക്കാർക്കുള്ള പ്രതിഫലം, ശില്പിയുടെ ഓണറേറിയം തുടങ്ങിയവ പരിഗണിക്കുമ്പോൾ മേൽപ്പറഞ്ഞ തുക നീതീകരിക്കാവുന്നതാണ്.
2) കരാർ ഒപ്പിട്ടതിനുശേഷം പരമാവധി നാലു മാസത്തിനുള്ളിൽ ശില്പം സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്.
3) സമർപ്പിച്ചിട്ടുള്ള രൂപരേഖയിൽ നിന്നും ശില്പത്തിന്റെ മാധ്യമപരമായ വിശദാംശങ്ങൾ ലഭ്യമല്ല. ശില്പങ്ങളിൽ അതിന്റെ പ്രതല സ്വഭാവം (Texture) വളരെ പ്രധാനപ്പെട്ടതാകയാൽ സമാനമായ പൊതുവിട ശില്പങ്ങൾ (ഉദാഹരണമായി രാംകിങ്കർ ബെയ്ജിന്റെ 'സന്താൾ ഫാമിലി' എന്ന ശില്പം) റെഫർ ചെയ്യുന്നത് അഭികാമ്യമായിരിക്കും.
4) സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് അപൂർണ്ണമാണ്. ശില്പ നിർമ്മാണത്തിന്റെ ഓരോ ഘട്ടം, (ലോഹത്തിന്റെ ചെലവ്, മോൾഡിംഗിനും കാസ്റ്റിംഗിനുമുള്ള ചെലവ് തുടങ്ങിയവ) സ്ഥാപിക്കുന്നതിനുള്ള ചെലവ്, പെഡസ്റ്റൽ (പീഠം) നിർമ്മാണം എന്നിവ ഉൾപ്പെടെ ചേർത്ത് എസ്റ്റിമേറ്റ് വീണ്ടും സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്.

15.09.2025 ലെ തീരുമാനം:- തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജ് പ്രിൻസിപ്പൽ അറിയിച്ച പ്രകാരം 6.50 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്ത് നൽകി. എസ്റ്റിമേറ്റ് തൃപ്തികരമാണ് എന്ന് പ്രിൻസിപ്പൽ അറിയിച്ചതനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിന്മേൽ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ് |

**3. പൊതുവിഷയം**

**<u>3.1 തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസനക്ഷേമ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2020-ൽ അവസാനിച്ച ഭരണസമിതിയുടെ കാലത്തെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിന് താഴെപ്പറയുന്ന നിരക്കിൽ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കാൻ 24.06.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു.

1. ഗ്രാമപഞ്ചായത്ത് – 1.00 ലക്ഷം രൂപ
2. ബ്ലോക്ക് പഞ്ചായത്ത് – 2.50 ലക്ഷം രൂപ
3. മുനിസിപ്പാലിറ്റി – 2.50 ലക്ഷം രൂപ
4. ജില്ലാപഞ്ചായത്ത് – 5.00 ലക്ഷം രൂപ
5. കോർപ്പറേഷൻ – 5.00 ലക്ഷം രൂപ

നിലവിലെ ഭരണസമിതിയുടെ കാലാവധി തീരുന്ന ഘട്ടത്തിൽ കഴിഞ്ഞ 5 വർഷകാലത്തെ (2020-25) വികസന ക്ഷേമ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിന് 24.06.2020 ൽ നിശ്ചയിച്ച നിരക്ക് താഴെപ്പറയും പ്രകാരം പുതുക്കുന്നു.

1. ഗ്രാമപഞ്ചായത്ത് – 2.00 ലക്ഷം രൂപ
2. ബ്ലോക്ക് പഞ്ചായത്ത് – 4.00 ലക്ഷം രൂപ
3. മുനിസിപ്പാലിറ്റി – 4.00 ലക്ഷം രൂപ
4. ജില്ലാപഞ്ചായത്ത് – 7.50 ലക്ഷം രൂപ
5. കോർപ്പറേഷൻ – 7.50 ലക്ഷം രൂപ

വീഡിയോ ചിത്രീകരണമടക്കം തദ്ദേശഭരണ സ്ഥാപനം തീരുമാനിക്കുന്നതനുസരിച്ച് മറ്റ് രീതിയിലുള്ള ഡോക്യുമെന്റേഷനും ഈ തുക ഉപയോഗിക്കാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

### 3.2 കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളുടെ മിനിറ്റ്സ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സൈറ്റിൽ അപ് ലോഡ് ചെയ്യൽ

സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ സമിതി രൂപീകരിച്ചുകൊണ്ട് 15.02.1999 നാണ് സർക്കാർ ഉത്തരവായത്. എന്നാൽ അതിന് ഒരു വർഷം മുൻപ് 24.03.1998 മുതൽ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം കൂടാറുണ്ട്. കോ-ഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളുടെ 2013-14 മുതലുള്ള മിനിട്ട്സ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സൈറ്റിൽ ലഭ്യമാണ്. 24.03.1998-ൽ കൂടിയ ആദ്യ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം മുതലുള്ള മിനിട്ട്സ് എസ്.ആർ.ജി യിൽ ശേഖരിച്ച് ഡിജിറ്റൽ ആക്കിയിട്ടുണ്ട്. ഒരു പ്രധാനപ്പെട്ട രേഖ എന്നതിനാൽ 24.03.1998 മുതലുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി മിനിട്ട്സ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സൈറ്റിൽ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. ഇത് ഒരു മാസത്തിനകം പൂർത്തിയാക്കാൻ ഐ.കെ.എം. പ്രത്യേക നടപടി സ്വീകരിക്കണം

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഇൻഫർമേഷൻ കേരള മിഷൻ<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 3.3 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി ഭേദഗതി

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതിയിൽ അത്യാവശ്യം വേണ്ട ഭേദഗതി വരുത്തുന്നതിന് അനുമതി നൽകുന്നു. ഇതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ 18.09.2025 മുതൽ 04.10.2025 വരെ ലഭ്യമാണ്. പുതിയ സർക്കാർ ഉത്തരവ് പ്രകാരം എസ്.സി.പി, റ്റി.എസ്.പി പ്രോജക്ടുകളിൽ വരുത്താവുന്ന ഭേദഗതി, സർക്കാർ മുൻപ് നൽകിയതു പ്രകാരം മാലിന്യ സംസ്കരണത്തിന് മതിയായ തുക വകയിരുത്തുന്നതിനുള്ള പ്രോജക്ടുകൾ, അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനു സഹായകരമായ പ്രോജക്ടുകൾ, വികസന സദസ്സ് സംഘടിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് വേണം വാർഷിക പദ്ധതി ഭേദഗതി ചെയ്യേണ്ടത്. മാലിന്യമുക്ത നവകേരള പദ്ധതി തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ പ്രോജക്ടുകൾ നിർബന്ധമായും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നുറപ്പാക്കേണ്ടതാണ്. ഇതിനുള്ള കുറിപ്പ് തയ്യാറാക്കി നൽകാൻ എസ്.ആർ.ജി.യെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 3.4 മാലിന്യമുക്ത നവകേരള പദ്ധതിയുടെ വിവരം ശേഖരിക്കൽ

മാലന്യമുക്ത നവകേരള പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള പ്രോജക്ടുകൾ, അവയുടെ നിർവ്വഹണം, പദ്ധതി അടങ്കൽ (ഓരോ വിഹിതവും പ്രത്യേകം തിരിച്ച്) അതിന്റെ ചെലവ്, ഭൗതിക ലക്ഷ്യം , നേട്ടം ഇവ ജില്ലാ ആസൂത്രണ സമിതി മുഖേന ശേഖരിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ ചീഫിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ചീഫ്, ഡി.പി. ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്<br>2)തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

### 3.5 ലൈബ്രേറിയന്മാരുടെ വേതനം

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി-ധനസഹായ മാർഗ്ഗരേഖ പ്രകാരം (28.05.2022-ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 7.4.1) സർക്കാർ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിൽ യോഗ്യതയുള്ള ലൈബ്രേറിയൻമാരെ കരാർ വ്യവസ്ഥയിൽ 10 മാസത്തേയ്ക്ക് നിയോഗിക്കാവുന്നതാണ്. ഇവർക്ക് പ്രതിമാസം 12,000 രൂപയിൽ അധികരിക്കാതെ വേതനം നൽകാം. ഈ നിരക്ക് പരമാവധി 15,000 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഭേദഗതി ചെയ്യുന്നു. ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് പ്രോജക്ട് ഏറ്റെടുക്കാവുന്നത്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 3.6 കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരമുള്ള തുടർനടപടി റിപ്പോർട്ട്

തദ്ദേശഭരണ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകുന്ന വിഷയങ്ങളിന്മേൽ ചിലപ്പോൾ ബന്ധപ്പെട്ട വകുപ്പുകളുടെ പരിശോധനാ റിപ്പോർട്ട് കൂടി ആവശ്യമായി വരും. എന്നാൽ ചില വകുപ്പുകൾ പരിശോധനാ റിപ്പോർട്ട് നൽകാൻ വലിയ കാലതാമസം വരുത്തുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്കും മറ്റും സഹായകരമാംവിധം കാലതാമസമൊഴിവാക്കി തീരുമാനമെടുക്കാൻ ഇതുമൂലം കഴിയുന്നില്ല. അതിനാൽ റിപ്പോർട്ട് നൽകേണ്ട ബന്ധപ്പെട്ട വകുപ്പ് കോഓർഡിനേഷൻ കമ്മിറ്റി യോഗം കഴിഞ്ഞാൽ സമയബന്ധിതമായും നിർബന്ധമായും എത്രയും പെട്ടെന്ന് റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കും പകർപ്പ് എസ്.ആർ.ജി. ഓഫീസിലേയ്ക്കും (Mail ID –srglsgdcc@gmail.com) നൽകേണ്ടതാണ്.

കോഓർഡിനേഷൻ കമ്മിറ്റിയുടെ മുൻ യോഗങ്ങളിലെ തീരുമാനപ്രകാരം 6 വകുപ്പുകളിലായി 11 റിപ്പോർട്ടുകൾ ഇനിയും ലഭിക്കാനുണ്ട്. ഈ വിവരം അതതു വകുപ്പു മേധാവികളെ കത്തിലൂടെ അറിയിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 3.7 ഈസി കിച്ചൺ

കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-ലെ യോഗ തീരുമാന പ്രകാരമുള്ള 27.12.2024-ലെ 2544/24/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഈസി കിച്ചൺ എന്ന പേരിൽ അടുക്കള നവീകരിക്കുന്നതിന് 75,000 രൂപ വീതം ഗുണഭോക്താക്കൾക്ക് നൽകാം. സർക്കാർ ഉത്തരവ് പ്രകാരം ഈ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിനും നഗരസഭകൾക്കുമാണ് ഏറ്റെടുക്കാവുന്നത്. ചിലപ്പോൾ ഗ്രാമപഞ്ചായത്തുകൾക്ക് ഈസി കിച്ചൺ പദ്ധതി നടപ്പാക്കുന്നതിന് മതിയായ വിഹിതം കണ്ടെത്താൻ കഴിയാത്ത സാഹചര്യം വരുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ബ്ലോക്ക് പഞ്ചാത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും ഈസി കിച്ചൺ പദ്ധതിക്ക് പ്രോജക്ടുകൾ നടപ്പാക്കുന്നതിന് അനുവദിനീയമായ വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 3.8 സൗരമേൽക്കൂര പ്ലാന്റ്

പതിമൂന്നാം പഞ്ചവൽസര പദ്ധതി സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം (28.05.2022-ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 6.9.1) 1KW ന്റെ ശൃംഖലാ ബന്ധിതമല്ലാത്ത സൗരമേൽക്കൂര പ്ലാന്റിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകാം. എന്നാൽ അനെർട്ട് 2KW-യും അതിനു മുകളിൽ ശേഷിയുമുള്ള ഓൺഗ്രിഡ് സൗരമേൽക്കൂര പ്ലാന്റ് സ്ഥാപിക്കുന്ന പ്രവർത്തനമാണ് ഇപ്പോൾ നടത്തുന്നത്. ഈ

സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2KW-യും അതിനു മുകളിൽ ശേഷിയുമുള്ള ഓൺഗ്രിഡ് സൗരമേൽക്കൂര പ്ലാന്റ് സ്ഥാപിക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്. മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിലെ മറ്റ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 3.9 കായിക മേഖലയിൽ പരിശീലനം

സ്പോർട്സ് ആന്റ് ഗെയിംസിൽ പരിശീലനം നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ട് എടുക്കാറുണ്ട്. ഇപ്രകാരം പരിശീലനം നൽകുമ്പോൾ യോഗ്യതയുള്ള പരിശീലകരെ വേണം നിയോഗിക്കേണ്ടത്. ഓരോ കായിക ഇനത്തിനും പരിശീലനം നൽകുന്നതിന് പരിശീലകർക്ക് വേണ്ട യോഗ്യത സംബന്ധിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ എസ്.ആർ.ജി.യെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ<br>2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4. പ്രത്യേക വിഷയം

## 4.1 കൊന്നത്തടി ഗ്രാമപഞ്ചായത്ത് ( ശ്രീ.പി.സി. രവി, പുഞ്ചക്കുഴി)

ശ്രീ.പി.സി.രവി, പുഞ്ചക്കുഴി, കൊന്നത്തടി പി.ഒ യുടെ 04.01.2024-ലെ കത്തും കേരള നിയമസഭാ സെക്രട്ടറിയുടെ 21.10.2024-ലെ 588/ഹർജി C2/2024 ലെ ജി നമ്പർ കത്തും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.05.2025-ലെ LSGD /PD/17438/2024 - DPLC3 നമ്പർ കത്തും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 27.05.2025-ലെ LM-5/1936/ലൈഫ്/2022-ാം നമ്പർ കത്തും (SRG/773/25 - DE2/26/2024/LSGD)

വിഷയം:- കേരള നിയമസഭ - ഹർജികൾ സംബന്ധിച്ച സമിതി (2023-26) ലൈഫ് മിഷൻ പദ്ധതി പ്രകാരം ശ്രീ.പി.സി. രവി, പുഞ്ചക്കുഴിയിൽ വീട്, കൊന്നത്തടി ഗ്രാമപഞ്ചായത്ത് എന്ന വ്യക്തിക്ക് വീട്ടു നിർമ്മിക്കാൻ ധനസഹായം നൽകുന്നത് സംബന്ധിച്ച്

ശ്രീ.പി.സി. രവി, പുഞ്ചക്കുഴി, കൊന്നത്തടി 50 ശതമാനം ഭിന്നശേഷിയുള്ള വ്യക്തിയാണ്. ഇദ്ദേഹത്തിന് 37 സെന്റ് സ്ഥലമുണ്ടായിരുന്നുവെങ്കിലും 20 സെന്റ് സ്ഥലം 10 വർഷത്തിനു മുൻപ് വിറ്റു. എന്നാൽ വാങ്ങിയ വ്യക്തിക്ക് ആധാരം രജിസ്റ്റർ ചെയ്തു നൽകിയിട്ടില്ല. ലൈഫ് ഭവന പദ്ധതിയിൽ 2020 വർഷം അപേക്ഷിച്ചുവെങ്കിലും കൊന്നത്തടി ഗ്രാമപഞ്ചായത്ത് വീട് അനുവദിച്ചു നൽകിയില്ല. അതിനാൽ ഭിന്നശേഷിക്കാരനാണെന്നതു പരിഗണിച്ച് വീട് നിർമ്മിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഹർജികൾ പരിഗണിക്കുന്ന നിയമസഭാ സമിതിക്ക് (2023-26) അപേക്ഷ നൽകിയിട്ടുണ്ട്.

ഈ വ്യക്തിക്ക് 25 സെന്റിലധികം സ്ഥലമുള്ളതിനാലാണ് വീട് അനുവദിക്കാതിരുന്ന തെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ കുടുംബത്തിന്റെ വീട് അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ കഴിയുന്ന ഭവനമാണെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. സർക്കാരിൽ നിന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി ഫയൽ നൽകിയിരിക്കുന്നു. ഇതു സംബന്ധിച്ച തീരുമാനം.

തീരുമാനം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടേയും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ കുടുംബത്തിന് പുതിയ വീട് നിർമ്മിച്ചു നൽകാൻ അനുമതി നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു. എന്നാൽ നിലവിലെ വീടിന് ആവശ്യമായ അറ്റകുറ്റപ്പണിക്ക് മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിൽ പരിമിതപ്പെടുത്തി ധനസഹായം നൽകാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 4.2 കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ

കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ ചെയർമാന്റെ 29.07.2025-ലെ KSP/CM/01/52/2025-ാം KSP/CM/3/25-ാം നമ്പർ കത്തുകളും (രണ്ടെണ്ണം) അനുബന്ധരേഖകളും (SRG/677/25, SRG/820/25)

വിഷയം:- കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷനിൽ നിന്നും കളിമൺ ഉല്പന്നങ്ങൾ ടെണ്ടർ കൂടാതെ വാങ്ങുന്നതിനുള്ള ഉത്തരവിൽ ഭേദഗതി വരുത്തണമെന്നതു സംബന്ധിച്ച്.

1. കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള 30.09.2022-ലെ 2388/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കളിമൺ ഉല്പന്നങ്ങൾ കേരള സംസ്ഥാന കളിമൺപാത്ര നിർമ്മണ വിപണനക്ഷേമ വികസന കോർപ്പറേഷനിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതിയുണ്ട് ഈ ഉത്തരവിൽ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

"സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കളിമൺ ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിക്കൊണ്ടും ടെണ്ടർ നടപടി കൂടാതെ കളിമൺ ഉല്പന്നങ്ങൾ കോർപ്പറേഷൻ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനും വകുപ്പ് ഉദ്യോഗസ്ഥർക്ക് അനുമതി നൽകണം." എന്നതാണ് ഭേദഗതി. ഇതിന് അനുമതി സംബന്ധിച്ച്

തീരുമാനം :- കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവു പ്രകാരം കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷനിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കളിമൺ ഉല്പന്നങ്ങൾ ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതിയുണ്ട്. ഒപ്പം കോഓർഡിനേഷൻ കമ്മിറ്റിയുടെ 04.01.2024-ലെ യോഗ തീരുമാനമനുസരിച്ചുള്ള 30.01.2024-ലെ സർക്കുലർ പ്രകാരം ചെടിച്ചട്ടികൾ വാങ്ങുമ്പോൾ മൺചട്ടികൾ വാങ്ങുന്നതിന് മുൻഗണന നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതിനു പുറമേ മുകളിൽ പറഞ്ഞ ഭേദഗതി ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

2. HDPE ചട്ടികൾ ഒഴിവാക്കി കളിമൺചട്ടികൾ ഉപയോഗിക്കണമെന്നും കുടിവെള്ളം സൂക്ഷിക്കുന്നതിന് മൺപാത്രം ഉപയോഗിക്കണമെന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- സംസ്ഥാനത്താകെ ആവശ്യമുള്ള മൺചട്ടികൾ ലഭ്യമാക്കാൻ കഴിയുമോ എന്നതു സംബന്ധിച്ച് വ്യക്തതയില്ല എന്ന് യോഗം നിരീക്ഷിച്ചു. അതിനാൽ HDPE ചട്ടികൾ ഒഴിവാക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ല എന്ന് യോഗം തീരുമാനിച്ചു. ഓഫീസുകൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ കുടിവെള്ളം സൂക്ഷിക്കുന്നതിന് മൺപാത്രമുപയോഗിക്കുന്നതിന് പ്രത്യേക പരിഗണന നൽകണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.3 പത്തനംതിട്ട ജില്ല കാർഷിക വിപണന സഹകരണ സംഘം

പത്തനംതിട്ട ജില്ല കാർഷിക വിപണന സഹകരണ സംഘം പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 27.08.2025) അനുബന്ധരേഖകളും (SRG 771/23)

വിഷയം:- പത്തനംതിട്ട ജില്ല കാർഷിക വിപണന സഹകരണ സംഘം ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പാദന ഉപാധികൾ ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി സംബന്ധിച്ച്

പത്തനംതിട്ട ജില്ല കാർഷിക വിപണന സഹകരണ സംഘം (PAMCOS) കാർഷിക ആവശ്യത്തിന് വിത്ത്, തൈകൾ, ജൈവവളം, ജൈവകീടനാശിനികൾ, മറ്റ് നടീൽ വസ്തുക്കൾ തുടങ്ങിയവ ഉല്പാദിപ്പിക്കുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് PAMCOS ന് സീഡ് ലൈസൻസ്, നഴ്സറി ലൈസൻസ്, ഫെർട്ടിലൈസർ / ഫെർട്ടിലൈസർ മിക്ച്ചർ ലൈസൻസ് എന്നിവ നൽകിയിട്ടുണ്ട്. കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023 ലെ യോഗ തീരുമാനമനുസരിച്ചുള്ള 01.12.2023 ലെ 2387/2023/LSGD നമ്പർ ഉത്തരവു പ്രകാരം PAMCOS സ്വയം ഉല്പാദിപ്പിക്കുന്ന വിത്ത്, നടീൽ വസ്തുക്കൾ, വളം എന്നിവയുടെ ഗുണനിലവാരം ബന്ധപ്പെട്ട കൃഷി ഓഫീസർ ഉറപ്പാക്കണമെന്നും ഈ സ്ഥാപനത്തിന്റെ ഉല്പന്നങ്ങളുടെ വില കൃഷി വകുപ്പ് നിശ്ചയിക്കുന്ന വിലയേക്കാൾ അധികരിക്കാൻ പാടില്ല എന്ന നിബന്ധനയോടെയും ഈ സ്ഥാപനത്തിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാൻ പത്തനംതിട്ട ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. സഹകരണ വകുപ്പിന്റെ 29.07.2025 ലെ 360/2025/Co-Op നമ്പർ ഉത്തരവു പ്രകാരം PAMCOS സ്വയം ഉല്പാദിപ്പിക്കുന്നതും സഹകരണ ട്രേഡ് മാർക്ക് ആയ CO OPKERALA സർട്ടിഫിക്കേഷൻ മാർക്ക് ലഭിക്കുന്നതുമായ ഉല്പന്നങ്ങൾ സർക്കാർ നിശ്ചയിക്കുന്ന വിലയിൽ അധികരിക്കാൻ പാടില്ല എന്ന നിബന്ധനയോടെ PAMCOS ൽ നിന്ന് നേരിട്ടുവാങ്ങാൻ സംസ്ഥാനത്തെ മറ്റ് സഹകരണ സംഘങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

ഇതിന്റെ കൂടി അടിസ്ഥാനത്തിൽ 01.12.2023 ലെ 2387/2023/തസ്വഭവ നമ്പർ ഉത്തരവ് ഭേദഗതി ചെയ്ത് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും PAMCOS സ്വന്തമായി ഉല്പാദിപ്പിക്കുന്ന വിത്തുകൾ, തൈകൾ, മറ്റ് നടീൽ വസ്തുക്കൾ, കിഴങ്ങു വർഗ്ഗങ്ങൾ, ജൈവ വളങ്ങൾ, ജൈവകീടനാശിനികൾ എന്നിവ ടെണ്ടർ കൂടാതെ നേരിട്ടു വാങ്ങാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ആവശ്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.4 ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും ഡോക്ടർ/ പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കൽ

ബഹു. വടക്കാഞ്ചേരി എം.എൽ.എ.യുടെ 06.08.2025-ലെ LAC/WKY/145/2025 -ാം നമ്പർ കത്തും തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.08.2025-ലെ കത്തും അനുബന്ധരേഖകളും (SRG/713/25, 777/25-CC/261/25)

വിഷയം:- ജനറൽ ആശുപത്രികളിൽ ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നത് സംബന്ധിച്ച്

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരവും 26.09.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരവും ആർദ്രം പദ്ധതിയുടെ ഭാഗമായി താഴെപ്പറയും പ്രകാരമാണ് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാവുന്നത്.

| **സ്ഥാപനത്തിന്റെ പേര്** | **തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നിയമിക്കാവുന്ന ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും** |
|---|---|
| 1. കുടുംബാരോഗ്യകേന്ദ്രം/ പ്രാഥമികാരോഗ്യകേന്ദ്രം | ഡോക്ടർ – 1<br>പാരാമെഡിക്കൽ സ്റ്റാഫ് – 1 |
| 2. സാമൂഹ്യാരോഗ്യ കേന്ദ്രം | ഡോക്ടർ – 2<br>പാരാമെഡിക്കൽ സ്റ്റാഫ് – 2 |
| 3. താലൂക്കാശുപത്രി | ഡോക്ടർ – 1<br>പാരാമെഡിക്കൽ സ്റ്റാഫ് – 1 |

ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ജില്ലാ ആശുപത്രി/ ജനറൽ ആശുപത്രികളിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാൻ നിലവിൽ അനുമതിയില്ല. അതിനാൽ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ സ്റ്റാഫിനെ നിയമിക്കാൻ കഴിയുന്നില്ല. ജില്ലാ ആശുപത്രി/ജനറൽ ആശുപത്രികളിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നു സംബന്ധിച്ച്.

തീരുമാനം :- 1) ആർദ്രം പദ്ധതിയുടെ ഭാഗമായി FHC/PHC/CHC എന്നിവിടങ്ങളിൽ രോഗികൾക്ക് ഉച്ചകഴിഞ്ഞ് 1 മുതൽ 6 വരെ സേവനം നൽകുന്നതിനാണ് ഇപ്രകാരം ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാൻ പതിമൂന്നാം പദ്ധതിക്കാലത്ത് തീരുമാനിച്ചത് എന്നു യോഗം വിലയിരുത്തി.

ആരോഗ്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം HMC ഫണ്ടിന്റെ 40 ശതമാനം തുക മാത്രമാണ് ഡോക്ടർമാർ, മറ്റ് സ്റ്റാഫ് എന്നിവരെ നിയമിക്കാൻ അനുമതിയുള്ളത്. ഇത് 70 ശതമാനമായി വർദ്ധിപ്പിച്ചുകൊണ്ട് HMC യിൽ നിന്ന് കൂടുതൽ സ്റ്റാഫിനെ നിയമിക്കാൻ അനുമതി നൽകണമെന്ന കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2025-ലെ യോഗം ആരോഗ്യ വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്. ഇതു വഴി കൂടുതൽ സ്റ്റാഫിനെ HMC യിൽ നിന്നു നിയമിക്കാൻ കഴിയും. ഭൗതിക സൗകര്യം, ഉപകരണങ്ങൾ, മരുന്ന് തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നു നൽകാം.

ഈ സാഹചര്യത്തിൽ ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കേണ്ടതില്ല. എന്നാൽ ഇതിനു പകരം സംഭാവനയിലൂടെയും മറ്റും HMC ക്ക് കൂടുതൽ വരുമാനമുണ്ടാക്കി HMC മുഖേന അധിക സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.5 വാഴൂർ ഗ്രാമപഞ്ചായത്ത്**

വാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.07.2025 ലെ കത്തും PR/1/25-ാാം നമ്പർ കത്ത് (SRG/588/25)

വിഷയം:- തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് വാങ്ങുന്ന ഇലക്ട്രിക് സ്കൂട്ടറിന്റെ സ്പെസിഫിക്കേയഷനിൽ മാറ്റം വരുത്തണമെന്നു സംബന്ധിച്ച്

കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-ലെ തീരുമാനപ്രകാരമുള്ള 31.12.2024 ലെ 2589/2024/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1.85 ലക്ഷം രൂപ വരെ വിലയുള്ള ഇലക്ട്രിക് സ്കൂട്ടർ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രിക് സ്കൂട്ടറിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിശദാംശം ഉത്തരവിൽ പറഞ്ഞിട്ടുണ്ട് .ഇതനുസരിച്ച് വാഹനത്തിന്റെ ബാറ്ററിക്ക് കുറഞ്ഞത് 8 വർഷമോ അല്ലെങ്കിൽ 80,000 കിലോമീറ്ററോ വാറണ്ടി വേണം. എന്നാൽ ATHER കമ്പനിയുടെ RIZTA വിഭാഗം സ്കൂട്ടറിന് മാത്രമാണ് അധിക തുക അടച്ചാൽ എക്സ്റ്റൻഡഡ് വാറന്റി ഉൾപ്പെടെ 8 വർഷമോ 80,000 കിലോമീറ്ററോ വാറന്റി ലഭിക്കുന്നത്. മാർക്കറ്റിൽ ലഭ്യമായ സ്കൂട്ടറുകളുടെ വില, ബാറ്ററി, തുടങ്ങിയവയുടെ വിവരങ്ങൾ താഴെചേർക്കുന്നു.

| ബ്രാന്റിന്റെ പേര് | വില | ബാറ്ററി വാറന്റി | മൈലേജ് |
|---|---|---|---|
| ATHER - RIZTA | 1,68,000 | 8 വർഷം<br>(With Extended Warranty) | 110 km |
| ബജാജ് ചേതക്ക് | 1,39,000 | 5 വർഷം or 70000 KM | 150 KM |
| TVS Iqube | 1,60,000 | 5 വർഷം or 60,000 | 105 KM |

ഭൂരിഭാഗം ഇലക്ട്രിക് വാഹനങ്ങളുടേയും ബാറ്ററി വാറന്റി 5 വർഷമാണ്. അതിനാൽ ഇലക്ട്രിക് ഇരുചക്ര വാഹനത്തിന്റെ ബാറ്ററി വാറന്റി എക്സ്റ്റൻഡഡ് വാറന്റി ഉൾപ്പെടെ 5 വർഷമോ 60,000 കിലോമീറ്ററോ ആയി നിശ്ചയിച്ച് നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

തീരുമാനം :- ആവശ്യം പരിഗണിക്കാവുന്നതാണെന്ന് അനർട്ട് പ്രതിനിധി അറിയിച്ചുവെങ്കിലും വിശദമായ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകാമെന്നറിയിച്ചു. അനർട്ട് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം തീരുമാനമെടുക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, അനെർട്ട്<br>2) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.6 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 10.06.2025- DPTVPM president/136/2025-ാം നമ്പർ കത്തും തിരുവനന്തപുരം ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 13.05.2025-ലെ 8(18) -ാം നമ്പർ തീരുമാനവും തിരുവനന്തപുരം സ്കൂൾ ലൈബ്രേറിയൻസ് യൂണിയൻ സെക്രട്ടറിയുടെ 25.06.2025- 10/2025 -ാം നമ്പർ കത്തും (SRG/680/25)

വിഷയം:- തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വിവിധ സ്കൂളുകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ലൈബ്രേറിയൻമാരുടെ വേതനം വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 78 സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ ഗ്രന്ഥപുര എന്ന പേരിൽ പ്രോജക്ട് രൂപീകരിച്ച് സ്കൂൾതല ലൈബ്രേറിയൻമാരെ നിയമിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി- ധനസഹായ മാർഗ്ഗരേഖ പ്രകാരം ഇവർക്ക് പ്രതിമാസം പരമാവധി 12,000 രൂപ നിരക്കിലാണ് വേതനം നൽകാവുന്നത്. ഒരു വർഷം 10 മാസത്തേയ്ക്കാണ് ഇവരെ കരാർ വ്യവസ്ഥിൽ നിയമിക്കാവുന്നത്. ധനവകുപ്പിന്റെ 19.04.2005- 54/2025/ധന നമ്പർ ഉത്തരവ് പ്രകാരം കരാർ/ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരുടെ വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ധനവകുപ്പിന്റെ പുതിയ ഉത്തരവ് പ്രകാരമുള്ള വേതനം ജില്ലാ പഞ്ചായത്ത് നിയമിച്ച ലൈബ്രേറിയൻമാർക്കു കൂടി ബാധകമാക്കണമെന്നതു സംബന്ധിച്ച്.

തീരുമാനം :- പതിനാലാം പഞ്ചവൽസര പദ്ധതിയിൽ ലൈബ്രേറിയൻമാർക്ക് വേതനം നിശ്ചയിച്ചത് ധനവകുപ്പിന്റെ അന്നു നിലനിന്നിരുന്ന നിരക്കിന്റെ അടിസ്ഥാനത്തിലല്ല എന്നു യോഗം വിലയിരുത്തി. എങ്കിലും ഇപ്പോഴത്തെ നിരക്ക് മൂന്ന് വർഷം മുമ്പ് നിശ്ചയിച്ചതാണ് എന്നതു പരിഗണിച്ച് ലൈബ്രേറിയൻമാരുടെ വേതനം പരമാവധി 15,000 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.7 പിണറായി ITI കെട്ടിടത്തിന് വാടകനൽകൽ

പിണറായി ബീഡി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയുടെ 04.07.2025-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023-ലെ യോഗ തീരുമാനവും (SRG/660/25)

വിഷയം:- പിണറായി ഗ്രാമപഞ്ചായത്തിലെ ITI കെട്ടിടത്തിന് വാടക നൽകുന്നത് സംബന്ധിച്ച്

പിണറായി ഗ്രാമപഞ്ചായത്തിൽ 2017-ൽ ആരംഭിച്ച പുതിയ ITI പിണറായി ബീഡി വർക്കേഴ്സ് ഇൻഡസ്ട്രീയൽ കോഓപ്പറേറ്റീവ് സൊസൈറ്റി, പിണറായി ഇൻഡസ്ട്രീയൽ കോഓപ്പറേറ്റീവ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ITI അനുവദിച്ചപ്പോൾ പുതിയ കെട്ടിടം പൂർത്തിയാകുന്നതുവരെ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടമുൾപ്പെടെയുള്ള സൗകര്യം ഗ്രാമപഞ്ചായത്ത് ഒരുക്കിക്കൊടുക്കണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിരുന്നത്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത്

എഗ്രിമെന്റ് വച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 31.03.2021 വരെ ഗ്രാമപഞ്ചായത്ത് വാടകയിനത്തിൽ 5,06,958 രൂപ നൽകി. തുടർന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023-ലെ യോഗ തീരുമാനപ്രകാരം 2022-23 വർഷം വരെയുള്ള വാടകയായ 2,94,840 രൂപയും ഗ്രാമപഞ്ചായത്ത് നൽകി. തുടർന്നുള്ള വാടക വ്യാവസായിക പരിശീലന വകുപ്പിൽ നിന്ന് നൽകുന്നതിന് വേണ്ട നടപടി ITI പ്രിൻസിപ്പലും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും സ്വീകരിക്കണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. എന്നാൽ 2022-23 ന ശേഷം വാടക നൽകിയിട്ടില്ല. ഇത് ദിനേശ് ബീഡി സംഘത്തിന് സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടാക്കുന്നു. അതിനാൽ 2 വർഷത്തെ വാടക കുടിശ്ശികയും ഭാവിയിലെ വാടകയും ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്

തീരുമാനം :- ITI കെട്ടിടത്തിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണെന്ന് വ്യാവസായിക പരിശീലന വകുപ്പ് (തൊഴിൽ) പ്രതിനിധി യോഗത്തിൽ അറിയിച്ചു. ഇതിന്റെ കൂടി അടിസ്ഥാനത്തിൽ 31.03.2026 വരെയുള്ള വാടക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകാൻ അനുമതി നൽകുന്നു. തനത് ഫണ്ടില്ലെങ്കിൽ വികസനഫണ്ട് (ജനറൽ) ഉപയോഗിക്കാവുന്ന താണ്. ITI കെട്ടിട നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കി സ്ഥാപനത്തിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി തൊഴിൽ വകുപ്പ് സ്വീകരിക്കണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.8 മേലടി ബ്ലോക്ക് പഞ്ചായത്ത് (കോഴിക്കോട് ജില്ല)**

മേലടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 13.06.2025-ലെ കത്തും മേലടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 13.06.2025-ലെ 4(1)-ാം നമ്പർ തീരുമാനവും (SRG/725/25)

വിഷയം:- ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ പട്ടികജാതി വിഭാഗക്കാരുടെ ശ്മശാനത്തിന്റെ നവീകരണം.

മേലടി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുള്ള തിക്കോടി, തുറയൂർ, കീഴരിയൂർ, മേപ്പയൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗക്കാരുടെ ശ്മശാനങ്ങൾ നവീകരിക്കുന്നതിന് താഴെപ്പറയും പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഈ വർഷം പ്രോജക്ട് എടുത്തിട്ടുണ്ട്. ഈ ശ്മശാനങ്ങൾ വെള്ളക്കെട്ടുള്ള പ്രദേശത്താണെന്നും അടിസ്ഥാന സൗകര്യം മോശമാണെന്നും അറിയിച്ചിട്ടുണ്ട്. ഈ ശ്മശാനങ്ങൾ നവീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് എടുത്തിരിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. ഗ്രാമപഞ്ചായത്തിനു പുറമെ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്കു കൂടി ശ്മശാനത്തിന്റെ നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവയ്ക്ക് പ്രോജക്ട് എടുക്കാൻ പൊതു അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം ഈ ശ്മശാനങ്ങളിൽ ഫർണിച്ചറും അനുബന്ധ ഉപകരണങ്ങളും നൽകാൻ ഉദ്ദേശിക്കുന്നു.

| പ്രോ.നം. | പേര് | അടങ്കൽ |
|---|---|---|
| 114/26 | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായുള്ള കുറുഞ്ഞി ശ്മശാനം നവീകരിക്കാൻ - തിക്കോടി ഗ്രാമപഞ്ചായത്ത് | 5,28,500 (എസ്.സി.പി) |
| 116/26 | എസ്.സി. വിഭാഗക്കാർക്കുള്ള കുനംവള്ളി ശ്മശാനം നവീകരിക്കൽ - തുറയൂർ ഗ്രാമപഞ്ചായത്ത് | 5,28,500 രൂപ (എസ്.സി.പി) |
| 118/26 | എസ്.സി. വിഭാഗക്കാർക്കുള്ള നെല്ലോടൻചാലയിൽ ശ്മശാനം നവീകരിക്കൽ - മേപ്പയൂർ ഗ്രാമപഞ്ചായത്ത് | 5,28,500 (എസ്.സി.പി) |
| 119/26 | എസ്.സി. വിഭാഗക്കാർക്കുള്ള ചിറക്കര ശ്മശാനം നവീകരിക്കൽ - തുറയൂർ ഗ്രാമപഞ്ചായത്ത് | 5,28,500 രൂപ (എസ്.സി.പി) |
| 122/26 | വിവിധ ശ്മശാനങ്ങളിലേയ്ക്ക് ഫർണിച്ചറും മറ്റുപകരണങ്ങളും | 2,00,000 രൂപ (എസ്.സി.പി) |

തീരുമാനം :- ബ്ലോക്ക് പഞ്ചായത്ത് വിഹിതം അതത് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി ശ്മശാനങ്ങളുടെ നവീകരണ പ്രവൃത്തികൾ നടത്താനും ഫർണിച്ചറും മറ്റ് ഉപകരണങ്ങളും നൽകാനും അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.9 കോടഞ്ചേരി ഗ്രാമപഞ്ചായത്ത്**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.07.2025-ലെ കത്തും കോടഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.04.2025-ലെ 1(2)-ാം നമ്പർ തീരുമാനവും കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ 21.06.2025-ലെ B-4244/24-ാം നമ്പർ കത്തും (SRG/775/25 - CC/285/25)

വിഷയം:- തേൻ വിപണന കേന്ദ്രത്തിന് ലീസിനെടുത്ത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 389/26 | അടങ്കൽ | 26,95,978 രൂപ<br>(വികസനഫണ്ട് -ജനറൽ - 16,95,978<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 10,00,000 രൂപ) |
| പേര് | തേൻ സംഭരണ വിപണനകേന്ദ്രം - തേൻ മ്യൂസിയം | |

കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വട്ടച്ചിറ ഉന്നതി നിവാസിയായ ശ്രീ. പുലയൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 25 സെന്റ് സ്ഥലം ലീസിനെടുത്ത് ഇവിടെ തേൻ സംഭരണ വിപണന കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കാനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. ശ്രീ. പുലയന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ഗ്രാമപഞ്ചായത്തിന് ലീസിനെടുക്കാൻ കഴിയില്ലെന്നും എന്നാൽ പൂർണ്ണമായും പട്ടികവർഗ്ഗ വിഭാഗക്കാർ അംഗങ്ങളായ സൊസൈറ്റിക്ക് ഈ സ്ഥലം നൽകുന്നതിന് തടസ്സമില്ല എന്നും കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ഇതിന്റെ നടത്തിപ്പ് ചുമതല പട്ടികവർഗ്ഗ വിഭാഗക്കാർ മാത്രമുള്ള വട്ടച്ചിറ വികസന സമിതിക്കാണ്.

തീരുമാനം :- ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തിയുടെ സ്ഥലം ലീസിനെടുക്കാൻ കഴിയില്ല. അതിനാൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ ഉൾപ്പെടുത്തി സൊസൈറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്. സൊസൈറ്റി രൂപീകരിച്ചതിനു ശേഷം വിശദാംശങ്ങൾ സഹിതം നൽകാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.10 താഴെക്കോട് ഗ്രാമപഞ്ചായത്ത്**

താഴെക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.08.2025-ലെ A2-1/2025 -ാം നമ്പർ കത്തും താഴെക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.06.2025-ലെ 3(1)-ാം നമ്പർ തീരുമാനവും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 25.08.2025-ലെ 01/AE/LID&EW/TKD/2025-26 -ാം നമ്പർ സാക്ഷ്യപത്രവും (SRG/770/25

വിഷയം:- നാഷണൽ ഹൈവേയിലുള്ള കരിങ്കല്ലത്താണി ജംഗ്ഷനിൽ ഇന്റർലോക്ക് കട്ട വിരിച്ചതിന് സാധൂകരണം സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 170/23 | അടങ്കൽ | 14,50,000 രൂപ<br>(CFC ബേസിക് ഗ്രാന്റ്) |
| പേര് | ക്ലീൻ കരിങ്കല്ലത്താണി | |

നാഷണൽ ഹൈവേയിലുള്ള കരിങ്കല്ലത്താണി ജംഗ്ഷൻ വെള്ളക്കെട്ടുള്ള പ്രദേശമാണ്. ഒപ്പം ഇവിടെ മാലിന്യ പ്രശ്നവുമുണ്ട്. പൊതുജനങ്ങളുടെയും വ്യാപാരികളുടെയും പരാതിയുടെ അടിസ്ഥാനത്തിൽ ഈ പ്രദേശം ശുചീകരിച്ച് മാലിന്യ വിമുക്തമാക്കുന്നതിന്റെ ഭാഗമായി NH വിഭാഗത്തിന്റെ അനുമതിയോടെ ഇവിടെ ഇന്റർലോക്ക് കട്ട വിരിച്ചു. ഇതിനായി 14,42,013 രൂപ ചെലവഴിച്ചു. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- ഇതിന്മേൽ ഓഡിറ്റ് കുറിപ്പുണ്ട് എന്നതിനാൽ തുടർനടപടിക്കായി വകുപ്പുതലത്തിൽ നൽകാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ് |

**4.11 <u>കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്</u>**

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.08.2025-ലെ കത്തും കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.08.2025-ലെ 1704/2025-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2019-ലെ യോഗ തീരുമാനവും അനുബന്ധരേഖകളും (SRG/784/25, -CC/452/25)

വിഷയം:- സംഗീതജ്ഞനായിരുന്ന ശ്രീ.രവീന്ദ്രൻ മാസ്റ്ററുടെ സ്മരണ നിലനിർത്തുന്നതിനായി കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിൽ രാഗസരോവരം എന്ന സ്മാരക കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 183/26 | അടങ്കൽ | 50,00,000 രൂപ<br>(വികസനഫണ്ട് -ജനറൽ - 25,00,000 രൂപ<br>സംസ്ഥാന വിഹിതം - 25,00,000 രൂപ) |
| പേര് | രാഗസരോവരം രണ്ടാം ഘട്ടം | |

പ്രശസ്ത സംഗീതജ്ഞനായ ശ്രീ. രവീന്ദ്രൻമാസ്റ്ററുടെ സ്മരണ നിലനിർത്താൻ അദ്ദേഹത്തിന്റെ ജന്മനാടായ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിൽ രാഗസരോവരം എന്ന സ്മാരക കെട്ടിടത്തിന്റെ നിർമ്മാണം 2009-10-ൽ ആരംഭിച്ചതാണ്. ഈ പ്രോജക്ടിന്റെ പ്രത്യേക സ്വഭാവം പരിഗണിച്ചും ശില്പവൈദഗ്ദ്ധ്യം പരിഗണിച്ചും ഇതിന്റെ നിർമ്മാണം 26.09.2019 -ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ശില്പിയും സിനിമാ സംവിധായകനുമായ ശ്രീ. രാജീവ് അഞ്ചലിനെ ഏൽപ്പിക്കാൻ അനുതി നൽകിയിരുന്നു. ഇതിന്റെ നിർമ്മാണം 40 ശതമാനം മാത്രമാണ് പൂർത്തിയായിട്ടുള്ളത്. ഇതിന്റെ തുടർന്നുള്ള പ്രവർത്തനത്തിനും സൗന്ദര്യവൽക്കരണത്തിനുമായി ഈ വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികളും ശ്രീ.രാജീവ് അഞ്ചൽ മുഖേന നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രവൃത്തി ചെയ്യാമെന്ന് ശ്രീ.രാജീവ് അഞ്ചൽ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇതിന്റെ രണ്ടാംഘട്ട പ്രവൃത്തികളും ശ്രീ.രാജീവ് അഞ്ചൽ മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

തീരുമാനം :- പ്രവൃത്തിയുടെ പ്രത്യേക സ്വഭാവവും ശില്പ വൈദഗ്ദ്ധ്യവും പരിഗണിച്ച് നിർമ്മാണം ശ്രീ.രാജീവ് അഞ്ചലിനെ ഏല്പിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് 26.09.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ആദ്യഘട്ട പ്രവർത്തനം ശ്രീ.രാജീവ് അഞ്ചലിനെ ഏൽപ്പിക്കാൻ അനുമതി നൽകിയത്. ഇത്രയും കാലതാമസമെടുത്തു എന്നതുകൂടി പരിഗണിച്ച് ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമെടുക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ് |

**4.12 <u>റാന്നി ബ്ലോക്ക് പഞ്ചായത്ത്</u>**

പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.08.2025-ലെ കത്തും റാന്നി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 10.07.2025-ലെ 1(2) -ാം നമ്പർ തീരുമാനവും (SRG/783/25 - CC/408/25)

വിഷയം:- പട്ടികജാതി വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് PSC പരിശീലനം നടത്തുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 116/26 | അടങ്കൽ | 6,00,000 രൂപ (എസ്.സി.പി) |
| പേര് | പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് PSC പരിശീലനം | |

റാന്നി ബ്ലോക്ക് പഞ്ചായത്തിലെ 9 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് തെരഞ്ഞെടുക്കുന്ന SSLC പാസായ 20 ഉദ്യോഗാർത്ഥികൾക്ക് PSC പരിശീലനം നടത്താൻ ഈ വർഷം പ്രോജക്ട് എടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ലിസ്റ്റ് അന്തിമമാക്കുന്നത്. 6 മാസമാണ് പരിശീലന കാലയളവ്. ഒരാൾക്ക് 30,000 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. PSC കോച്ചിംഗ് നടത്തി പ്രാഗത്ഭ്യം തെളിയിച്ചവരാണ് ക്ലാസ്സെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്നവർ ഇടയ്ക്ക് വച്ച് പഠനം നിർത്തി പോയാൽ ഒരു ഉദ്യോഗാർത്ഥിക്കു പ്രതീക്ഷിക്കുന്ന ചെലവായ 30,000 രൂപ പൂർണ്ണമായും തിരികെയടയ്ക്കണമെന്ന് ഉദ്യോഗാർത്ഥികൾ കരാറിൽ ഏർപ്പെടണമെന്ന നിബന്ധനയും ഉണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- PSC പരിശീലനം നൽകേണ്ട ഏജൻസി ഏതായിരിക്കണം/ പരിശീലകരെ എങ്ങനെ തെരഞ്ഞെടുക്കും, ഗുണനിലവാരം എങ്ങനെ ഉറപ്പുവരുത്തും എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ , പട്ടികജാതി വികസന വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 4.13 പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.09.2025 ലെ കത്തുകളും (2 എണ്ണം) ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20.08.2025 ലെ 4446/CC/2019/ലൈഫ് നമ്പർ കത്തും (SRG 813/25 – CC/469/25)

വിഷയം:- ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താവിന് മുൻഗണന നൽകി വീടു നൽകുന്നതു സംബന്ധിച്ച്

പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ ശ്രീമതി ലേഖ എൽ, കടുവാക്കുഴി കുന്നുംപുറത്ത് വീട്, കുറ്റിമൂട് എന്ന വ്യക്തി ലൈഫ് ഭവനരഹിതരുടെ ലിസ്റ്റിൽ 402 ആയി ഉൾപ്പെട്ടിട്ടുണ്ട്. ക്രമ നമ്പർ 288 വരെയുള്ളവർ ധനസഹായത്തിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ വ്യക്തി കിഡ്നി രോഗിയാണ്. മൂന്നു പെൺമക്കളുണ്ട്. മണ്ണുകൊണ്ടു നിർമ്മിച്ച് ടാർപോളിൻ ഷീറ്റ് മേഞ്ഞ വീട്ടിലാണ് താമസിച്ചു വരുന്നത്. കനത്ത മഴയിൽ പകുതിയിൽ താഴെ മണ്ണിടിഞ്ഞു വീണു. ഒരു മുറി മാത്രമാണ് നിലവിൽ അവശേഷിക്കുന്നത്. ഈ കുടുംബത്തിന് ഭവന രഹിതരുടെ സീനിയോറിറ്റിയിൽ മുൻഗണന നൽകി വീട് നിർമ്മിക്കാൻ ധനസഹായം നൽകണമെന്നതു സംബന്ധിച്ച്. ആവശ്യം പരിഗണിക്കാവുന്നതാണെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും അറിയിച്ചിട്ടുണ്ട്.

തീരുമാനം :- കുടുംബത്തിന്റെ പ്രത്യേക സാഹചര്യവും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശുപാർശയും പരിഗണിച്ച് മുൻഗണന നൽകി ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

### 4. 14 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 20.02.2024-ലെ President/DPTVPM/19/2024 -ാം നമ്പർ കത്തും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 27.11.2024 -ലെ LSGD /DP/TVPM/2229/2024- E3 നമ്പർ കത്തും ഇതു സംബന്ധിച്ച് സർക്കാരിന്റെ DA1/405/2023/LSGD നമ്പർ ഫയലും കോഓർഡിനേഷൻ കമ്മിറ്റിയുടെ

13.08.2024-ലെ 2.7 ഖണ്ഡിക 4.14 -ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/560/25)

വിഷയം:- തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ ആശ്വാസ് പദ്ധതി പ്രകാരം കരൾ/വൃക്ക രോഗികൾക്ക് മരുന്നു വാങ്ങി നൽകിയതിന് സാധൂകരണം സംബന്ധിച്ച്

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് 2020 നവംബർ മാസം മുതൽ കരൾ, വൃക്ക മാറ്റി വച്ച രോഗികൾ ആശ്വാസ് എന്ന പേരിൽ സൗജന്യമായി മരുന്നു വാങ്ങി നൽകിയിരുന്നു. 2022-23 വർഷം ഇതിനായി 66.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് എടുത്തിരുന്നു (പ്രോ.നം.213/24). ഈ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ആയിരുന്നു. പ്രോജക്ടിലെ അപാകതകൾ പരിഹരിച്ചു നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ജില്ലാപഞ്ചായത്ത് ഇവ പരിഹരിച്ചു നൽകാത്തതിനാൽ വെറ്റ ചെയ്തില്ല. രോഗികൾക്ക് 2023 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ മരുന്നു വാങ്ങി നൽകിയ വകയിൽ മരുന്നു നൽകിയ സ്നേഹം പാലിയേറ്റീവ് സൊസൈറ്റിക്ക് ബിൽ തുകയായി 22,48,060 രൂപ നൽകാനുണ്ടായിരുന്നു. ഈ തുക 11.09.2023-ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി തനത് ഫണ്ടിൽ നിന്ന് അനുവദിച്ചു നൽകി. പിന്നീട് നൽകിയ തുക കൂടി ചേർത്ത് ആകെ 39,75,769 രൂപ തനത് ഫണ്ടിൽ നിന്ന് സ്നേഹം പാലിയേറ്റീവ് സൊസൈറ്റിക്ക് നൽകി. ഇതിന് സാധൂകരണം നൽകണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024-ലെ യോഗത്തിൽ പരിശോധിക്കുകയും ഇതിന്മേൽ റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. സർക്കാർ ഉത്തരവിനു വിരുദ്ധമായതിനാലാണ് പ്രോജക്ട് വെറ്റ് ചെയ്യാത്തതെന്നും മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായതിനാൽ സാധൂകരണം നൽകാവുന്നതല്ല എന്നുമാണ് ആരോഗ്യവകുപ്പ് ഡയറക്ടർ 13.08.2024-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്തത്. തുക നൽകിയതിൽ അപാകതയുള്ളതിനാലും ഇതു സംബന്ധിച്ച് മറ്റൊരു ഫയൽ തദ്ദേശസ്വയംഭരണ വകുപ്പിലുണ്ട് എന്നതിനാലും ഇതിന്മേൽ തുടർ നടപടി സ്വീകരിക്കാൻ 13.08.2024-ലെ യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു.

ഈ പ്രോജക്ട് മാർഗ്ഗനിർദ്ദേശപ്രകാരമല്ല എങ്കിലും ഇതൊരു തുടർ പ്രോജക്ടെന്ന നിലയിലാണ് നടപ്പാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. രോഗികൾക്ക് മരുന്ന് മുടങ്ങിയാൽ ബുദ്ധിമുട്ടുണ്ടാകും എന്നതു പരിഗണിച്ചാണ് പ്രോജക്ടിന് വെറ്റിംഗ് ലഭിച്ചില്ല എങ്കിലും മരുന്നു വാങ്ങിയതിന്റെ തുക ജില്ലാപഞ്ചായത്ത് സെക്രട്ടറി നൽകിയത്. ആരോഗ്യവകുപ്പിന്റെ റിപ്പോർട്ടടക്കം തദ്ദേശസ്വയംഭരണ വകുപ്പിൽ പരിശോധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്ന് 39,75,769 രൂപ ചെലവഴിച്ചതിന് സാധൂകരണം നൽകണമെന്നും ഈ തുക വികസന ഫണ്ടിൽ നിന്ന് റീ ക്ലൂപ്പ് ചെയ്ത് തനത് ഫണ്ടിലേയ്ക്ക് മാറ്റാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് ഗുരുതരമായ അപാകതകൾ ഉണ്ടായിട്ടുണ്ട് എന്ന് യോഗം വിലയിരുത്തി. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4. 15 ഒളവണ്ണ ഗ്രാമപഞ്ചായത്ത് (കോഴിക്കോട് ജില്ല)**

ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 01.09.2025-ലെ 4446/CC/2019/ലൈഫ് നമ്പർ കത്ത് (SRG/815/25)

വിഷയം:- ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ട ഷഹാന D/o അഷറഫ് എന്ന കുടുംബത്തിന് ഭവനം നിർമ്മിച്ചു നൽകുന്നതിന് അനുമതി സംബന്ധിച്ച്

ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ ഷഹാന D/o അഷറഫ് എ.റ്റി എന്ന വ്യക്തിക്ക് നിലവിൽ വീടും സ്ഥലവും ഇല്ല. ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ട വ്യക്തി ആയതിനാൽ കുടുംബത്തിനോടൊപ്പം സ്വസ്ഥമായി താമസിക്കുന്നതിന് പ്രയാസമുണ്ട്. ലൈഫ് ലിസ്റ്റിൽ ഈ വ്യക്തി ഉൾപ്പെട്ടിട്ടില്ല. സർക്കാർ അനുമതി നൽകിയാൽ ഒളവണ്ണ ഗ്രാമപഞ്ചായത്ത്

ധനസഹായം നൽകാമെന്നറിയിച്ചിട്ടുണ്ട്. ഈ വ്യക്തിയുടെ ജീവിത സാഹചര്യം പരിഗണിച്ച് ഭൂരഹിത ഭവനരഹിത പട്ടികയിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ഈ വ്യക്തിക്ക് സ്ഥലം വാങ്ങി വീട് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

തീരുമാനം :- ഇതിന്മേൽ സാമൂഹ്യനീതി വകുപ്പിന്റെ കൂടി അഭിപ്രായം തേടി റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>2) ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്<br>3) തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4. 16 <u>നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് (പാലക്കാട് ജില്ല)</u>**

ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 01.09.2025-ലെ 4446/CC/2019/ലൈഫ് (1) നമ്പർ കത്ത് (SRG/816/25)

വിഷയം:- നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ലൈഫ് ലിസ്റ്റിലുള്ള ശ്രീമതി. മാധവി എന്ന വ്യക്തിക്ക് വീട് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്.

നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിലെ 4-ാം മൈൽ കണക്കൻപ്പാറ കെ.കെ.പതിയിൽ താമസിക്കുന്ന ശ്രീമതി മാധവി ലൈഫ് ഭവന രഹിതരുടെ ലിസ്റ്റിൽ ക്രമനമ്പർ 10 ആയി ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തിയുടെയും റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള മകന്റെയും കൂടി പേരിൽ 30 സെന്റ് ഭൂമിയുണ്ട്. മാർഗ്ഗരേഖ പ്രകാരം 25 സെന്റിൽ അധികം സ്ഥലം ഉണ്ടെങ്കിൽ ധനസഹായം നൽകാൻ കഴിയില്ല. എന്നാൽ ശ്രീമതി. മാധവിയുടെ മണ്ണ് കൊണ്ട് നിർമ്മിച്ച വീട് മഴയിൽ കുതിർന്ന് നിൽക്കുന്നതിനാൽ ഇടിഞ്ഞ് വീഴാൻ സാധ്യതയുണ്ടെന്നും അതിനാൽ ഈ കുടുംബത്തെ മാറ്റി പാർപ്പിക്കണമെന്നും പാലക്കാട് ജില്ലാ കളക്ടർ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ശ്രീമതി. മാധവിയുടെ മകന്റെ മകൻ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടതാണ്. നിലവിൽ ഷീറ്റ് കെട്ടിയാണ് ഈ കുടുംബം താമസിക്കുന്നത്. അർഹതാ മാനദണ്ഡത്തിൽ ഇളവ് അനുവദിച്ച് ഭവന നിർമ്മാണത്തിന് ഈ കുടുംബത്തെ പരിഗണിക്കാവുന്നതാണെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്. വീട് നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്തും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കുടുംബത്തിന് വീട് നിർമ്മിക്കാൻ ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

തീരുമാനം :- ജില്ലാ കളക്ടറുടെ നിർദ്ദേശം കൂടി പരിഗണിച്ച് അനുമതി നൽകുന്നു. എന്നാൽ ഇപ്പോൾ ലൈഫ് ലിസ്റ്റിലുള്ള മുൻഗണന മാറ്റാവുന്നതല്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.17 <u>ചെങ്ങളായി ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)</u>**

ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 02.09.2025-ലെ 4446/CC/2019/ലൈഫ് നമ്പർ കത്ത് (SRG 827/25)

വിഷയം:- ശ്രീമതി.ഷമീമ പി.കെ ക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ ഷമീമ പി.കെ. പൊന്നംകണ്ടത്തിൽ, മണക്കാട് ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും ഈ വ്യക്തി ഉൾപ്പെടുന്ന റേഷൻ കാർഡിലെ മറ്റൊരംഗത്തിന് വീടുണ്ടെന്നതിനാൽ ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകാൻ സാധിച്ചില്ല. നിലവിൽ ഈ കുടുംബത്തിന് പ്രത്യേകമായി റേഷൻ കാർഡ് ലഭിച്ചിട്ടുണ്ട്. ശ്രീമതി. ഷമീമ പി.കെയുടെ രണ്ടു മക്കളും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരാണ്.

ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിച്ച് ഭവനനിർമ്മാണാനുകൂല്യത്തിന് പരിഗണിക്കണമെന്നാണ് നിബന്ധന. ഈ മാനദണ്ഡത്തിൽ ഇളവനുവദിച്ച് ശ്രീമതി.ഷമീമ പി.കെ.യ്ക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം ധനസഹായം നൽകാൻ പരിഗണിക്കാവുന്നതാണെന്ന് ലൈഫ് ചീഫ്എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ഇവർക്ക് വീട് നിർമ്മിക്കാൻ ധനസഹായം നൽകണമെന്ന് ഗ്രാമപഞ്ചായത്തും

ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കുടുംബത്തിന് വീട് നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- അനുമതി നൽകുന്നു. എന്നാൽ ലൈഫ് ലിസ്റ്റിലുള്ള മുൻഗണന മാറ്റാവുന്നതല്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

#### 4.18 കാമാക്ഷി ഗ്രാമപഞ്ചായത്ത്

ഇടുക്കി ജില്ലാപ്ലാനിംഗ് ഓഫീസറുടെ 13.06.2025-ലെ കത്തും കാമാക്ഷി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.03.2025-ലെ 6/1-ാം നമ്പർ തീരുമാനവും (SRG/575/25 - CC/295/25)

വിഷയം:- യു.എ.നമ്പർ ഉള്ള വീടിന് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 124/26 | അടങ്കൽ | 2,50,000 രൂപ<br>വികസനഫണ്ട് ജനറൽ - 50,000 രൂപ<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 2,00,000 രൂപ |
| പേര് | ആശ്രയ വീട് മെയിന്റനൻസ് | |

കാമാക്ഷി ഗ്രാമപഞ്ചായത്തിലെ ശ്രീമതി. റോസമ്മ ചാണ്ടി, തുമ്പുങ്കൽ വീട്, പ്രകാശ് പി.ഒ എന്ന വ്യക്തി ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടതാണ്. വിധവയും മാനസിക രോഗിയായ മകളും ഉൾപ്പെട്ട രണ്ടംഗ കുടുംബമാണ് ഇവരുടേത്. ഇവർ താമസിക്കുന്ന ഭവനത്തിന് പട്ടയമോ കൈവശാവകാശ രേഖയോ ഇല്ലാത്തതിനാൽ യു.എ നമ്പർ മാത്രമാണ് ഉള്ളത്. വീട് മോശം അവസ്ഥയിലാണ്. ഇവരുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്. 2012-ൽ നാട്ടുകാർ സൗജന്യമായി നിർമ്മിച്ചു നൽകിയ വീട്ടിലാണ് ഇവർ താമസിക്കുന്നത്.

തീരുമാനം :- യു.എ നമ്പർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച ചട്ടം ഉടനെ പ്രസിദ്ധീകരിക്കുന്നതാണ്. ചട്ടത്തിനു വിധേയമായി നടപടി സ്വീകരിക്കാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

#### 4.19 Kerala Auto Mobiles Ltd.

കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡ് (KAL) ചെയർമാന്റെ 07.05.2025-ലെ കത്തും അനുബന്ധരേഖകളും (SRG/470/25)

വിഷയം:- കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് നിർമ്മിക്കുന്ന ഇലക്ട്രിക് കാർട്ടുകളും ഇലക്ട്രിക് ഓട്ടോറിക്ഷകളും തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്

കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡ് (KAL) ഇലക്ട്രിക് കാർട്ടുകളും ഓട്ടോറിക്ഷയും നിർമ്മിക്കുന്നുണ്ട്. ഒപ്പം ലോർഡ്സ് ഓട്ടോമാറ്റിവ് പ്രൈവറ്റഡ് ലിമിറ്റഡ് എന്ന കമ്പനിയും KAL മായി ചേർന്ന് ഇലക്ട്രിക് സ്കൂട്ടർ/ട്രൈ സ്കൂട്ടർ നിർമ്മിക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. 310 കിലോ ഗ്രാം ഭാരം വഹിക്കാൻ കഴിയുന്ന ഇലക്ട്രിക് കാർട്ടുകൾക്ക് മൂന്നടിയിൽ താഴെ മാത്രം വീതിയുള്ളതിനാൽ ഇടുങ്ങിയ ഇടവഴികളിലൂടെയും സഞ്ചരിക്കാം. ഇത് മാലിന്യം ശേഖരിക്കുന്നതിന് കൂടുതൽ സഹായകരമാണ്.

പൊതു സംഭരണ ഉപദേശകാര്യ വകുപ്പിന്റെ 11.03.2025-ലെ 3/2025/PPADനമ്പർ ഉത്തരവ് പ്രകാരം KAL നിർമ്മിക്കുന്ന ഇലക്ട്രിക് മുച്ചക്ര വാഹനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന നിബന്ധനയോടെ ടെണ്ടർ കൂടാതെ 11.03.2025 മുതൽ ഒരു വർഷത്തേയ്ക്ക് വാങ്ങാൻ അനുമതിയുണ്ട്.

"KAL ന്റെ ഇലക്ട്രിക് മുച്ചക്ര വാഹനങ്ങൾ അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തണം. KAL വാഗ്ദാനം ചെയ്തിട്ടുള്ള അടിസ്ഥാന വിലയിൽ 2% കിഴിവ്, ബാറ്ററിക്ക് 3 വർഷം വാറന്റി, 5 ഫ്രീ സർവ്വീസ് തുടങ്ങിയവ KAL നൽകണം. KAL നൽകുന്ന വാഹനത്തിന്റെ വില PIAGGIO,

MAHINDRA മുതലായ പ്രമുഖ കമ്പനികളുടെ ഇതേ സ്പെസിഫിക്കേഷൻ ഉള്ള വാഹനങ്ങളുടെ മാർക്കറ്റ് വിലയേക്കാൾ കൂടാൻ പാടില്ല. ഇവയാണ് സർക്കാർ ഉത്തരവിലെ നിബന്ധനകൾ. ഇവ പരിഗണിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആവശ്യമനുസരിച്ച് KAL ഉല്പാദിപ്പിക്കുന്ന ഇലക്ട്രിക് കാർട്ടുകളും ഇലക്ട്രിക് ഓട്ടോറിക്ഷകളും വാങ്ങുന്നതിന് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :– തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിനകം വാങ്ങിയ KAL– ബ്രാന്റ് ഇലക്ട്രിക് ഓട്ടോറിക്ഷകളുടെയും ഇലക്ട്രിക് കാർട്ടുകളുടെയും പ്രവർത്തനവും ഉപയോഗവും പരിശോധിച്ച് ഇത് സംബന്ധിച്ച റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഈ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് 2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.20 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

കോഴിക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.05.2025–ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 19.04.2025–ലെ 2(1)–ാം നമ്പർ തീരുമാനവും (SRG/404/25 – CC/240/2025)

വിഷയം:– ലഹരി വിമുക്ത ക്യാമ്പയിന്റെ ഭാഗമായുള്ള പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 528/26 | അടങ്കൽ | 1,70,00,000 രൂപ (തനത് ഫണ്ട്–30,00,000 രൂപ ഗ്രാമപഞ്ചായത്ത് വിഹിതം –1,40,00,000– |
| പേര്:– | ലഹരി വിമുക്ത കോഴിക്കോട് | |

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിവിധ സ്ഥാപനങ്ങളെയും സംഘടനകളെയും വ്യക്തികളെയും ഉൾപ്പെടുത്തി 2 മില്യൺ പ്ലഡ്ജ് എടുക്കുന്നതിനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുമാണ് പ്രോജക്ട്. ലഹരി വിമുക്ത പ്രവർത്തനത്തിന്റെ ഭാഗമായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ഈ പ്രോജക്ട് ജില്ലാ പഞ്ചായത്ത് മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :– കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025–ലെ തീരുമാനവും 29.04.2025–ലെ ഡി.എ1/154/25 തസ്വഭവ നമ്പർ സർക്കുലറും അനുസരിച്ച് നഗരസഭകളും ഗ്രാമപഞ്ചായത്തുകളുമാണ് ഇതിനുള്ള പ്രോജക്ട് നടപ്പാക്കേണ്ടത്. ഇതനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. എന്നാൽ ആവശ്യമെങ്കിൽ ജില്ലാ പഞ്ചായത്തിന് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.21 കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.06.2025–ലെ കത്തും കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.10.2025–ലെ 1(1)–ാം നമ്പർ തീരുമാനവും (SRG/498/25 CC/218/25)

വിഷയം:– ഗാർഹിക LPG കണക്ഷൻ എടുത്തിട്ടുള്ളവർക്ക് സബ്സിഡി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 204/26 | അടങ്കൽ | 77,99,634 രൂപ (തനത് ഫണ്ട് ) |
| പേര് | ഗാർഹിക എൽ.പി.ജി. സബ്സിഡി | |

അർഹതയുള്ള റേഷൻകാർഡുടമകൾക്ക് രണ്ട് മാസത്തിലൊരിക്കൽ ഒരു LPG സിലിണ്ടറിന് 25 ശതമാനം സബ്സിഡി നൽകാൻ കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയില്ല. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- LPGയ്ക്ക് സബ്സിഡി നൽകുന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയല്ല. ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.22 മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്**

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.07.2025-ലെ കത്തും മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡിന്റ്/ സെക്രട്ടറിയുടെ 27.06.2025-ലെ B/799/2025-ാം നമ്പർ കത്തും (SRG/710/25 - CC/338/25)

വിഷയം:- ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭരണഘടന സാക്ഷരത ക്യാമ്പയിനുള്ള പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 76/26 | അടങ്കൽ | 15,00,000 രൂപ<br>(വികസനഫണ്ട് ജനറൽ - 5,00,000 രൂപ<br>ഗ്രാമപഞ്ചായത്ത് വിഹിതം - 5,00,000 രൂപ<br>ജില്ലാപഞ്ചായത്ത് വിഹിതം - 5,00,000 രൂപ ) |
| *പേര്* | സമ്പൂർണ്ണ ഭരണഘടന സാക്ഷരത | |

ജില്ലാപഞ്ചായത്തിന്റെയും മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 5 ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതിയാണ് സമ്പൂർണ്ണ ഭരണഘടന സാക്ഷരത. ഓരോ കുടുംബങ്ങളിലും ഭരണഘടനയുടെ ആമുഖം, ചരിത്ര പശ്ചാത്തലം, ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ, ഭരണഘടന എന്ത്, എന്തിന്, മൗലീക അവകാശങ്ങളും കടമകൾ തുടങ്ങിയവയിൽ പരിശീലനം നൽകും. 10 വയസ്സിനു മുകളിൽ പ്രായമുള്ളവരെയെല്ലാം ഭരണഘടന സാക്ഷരതയുള്ളവരാക്കി മാറ്റാനും എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഭരണഘടനയുടെ ആമുഖം സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു. ഇതിനായി പരിശീലകരെ കണ്ടെത്തി പരിശീലനം നൽകുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ആവശ്യം നിരസിച്ചു. എന്നാൽ പൗരബോധം, പൗരധർമ്മം, ശുചിത്വ ബോധം, ലഹരിക്കെതിരെയുള്ള പൊതുബോധം, മാലിന്യ സംസ്കരണം തുടങ്ങിയവയിൽ ക്യാമ്പയിൻ നടത്തുന്നതിന് പ്രോജക്ട് നടപ്പാക്കാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.23 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

കണ്ണൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 02.05.2025-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 03.04.2025-ലെ LSGD/DP/KNR/355/2024 - B5 നമ്പർ കത്തും അനുബന്ധരേഖകളും (SRG/361/25 - CC/184/2025)

വിഷയം:- ജില്ലാ കേരളോത്സവത്തിന് ജില്ലാ പഞ്ചായത്തിൽ നിന്ന് അധികമായി തുക ചെലവഴിച്ചതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 94/25 | അടങ്കൽ | 8,00,000 ലക്ഷം രൂപ |
| | | (തനത്ഫണ്ട് - 4,00,000 ലക്ഷം രൂപ<br>മറ്റ് ധനസഹായം - 4,00,000 ലക്ഷം രൂപ) |
| *പേര്* | കേരളോത്സവം | |

കണ്ണൂർ ജില്ലയിൽ 2024-ലെ കേരളോത്സവത്തിന് ജില്ലാപഞ്ചായത്തിൽ നിന്ന് 4.00 ലക്ഷം രൂപ ചെലവഴിക്കാനാണ് സർക്കാർ അനുമതി നൽകിയിരുന്നത്. കേരള സംസ്ഥാന

യുവജനക്ഷേമ ബോർഡിൽ നിന്ന് 4.00 ലക്ഷം രൂപയാണ് ലഭിക്കേണ്ടിയിരുന്നത്. എന്നാൽ യുവജനക്ഷേമ ബോർഡിൽ നിന്ന് 1.00 ലക്ഷം രൂപ മാത്രമാണ് ലഭിച്ചത്. അതിനാൽ കുറവു വന്ന 3.00 ലക്ഷം രൂപ ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചു. ജില്ലാ പഞ്ചായത്തിൽ നിന്ന് 7.00 ലക്ഷം രൂപയും യുവജനക്ഷേമ ബോർഡിൽ നിന്ന് 1.00 ലക്ഷം രൂപയുമാണ് ആകെ ചെലവ്. കുറവു വന്ന തുക ജില്ലാ പഞ്ചായത്തിൽ നിന്ന് ചെലഴിച്ചതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- സാധൂകരണം നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

### 4.24 മലപ്പുറം ജില്ലാ പഞ്ചായത്ത്

മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 18.06.2024-ലെ 1429498/2025 -ാം നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 29.05.2025-ലെ 12(1)-ാം നമ്പർ തീരുമാനവും. (SRG/531/25)

വിഷയം:- പുഷ്പഫല കാർഷിക പ്രദർശന വിപണന മേളയ്ക്ക് അധികമായി വന്ന ചെലവിന് സാധൂകരണം സംബന്ധിച്ച്

മലപ്പുറം ജില്ലാ പഞ്ചായത്തും കൃഷി വകുപ്പും ചേർന്ന് ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടത്തിൽ വച്ച് 2025 ജനുവരി 2 മുതൽ 6 വരെ 'നിറപൊലി 2025' എന്ന പേരിൽ പുഷ്പഫല കാർഷിക വിപണനമേള നടത്തിയിരുന്നു. ഇതിനായി 2024-25 വർഷം തനത് ഫണ്ട് ഉപയോഗിച്ച് 30.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു (പ്രോ.നം.1779/25). ആദ്യമായി സംഘടിപ്പിച്ച മേള എന്നതിനാൽ മുൻകൂട്ടി കാണാൻ കഴിയാത്ത താഴെപ്പറയുന്ന അധിക ചെലവുകൾ ഉണ്ടായി.

| ക്രമനം | ഇനം | തുക |
|---|---|---|
| 1 | സ്റ്റാളുകളിൽ AC സ്ഥാപിച്ചത് | 4,15,235 രൂപ |
| 2 | പബ്ലിസിറ്റി | 6,86,862 രൂപ |
| 3 | തുണി സഞ്ചി | 2,26,000 രൂപ |
| | **ആകെ** | **13,28,097 രൂപ** |

മേള തുടങ്ങിയതിനുശേഷമാണ് AC സൗകര്യമൊരുക്കാനും തുണി സഞ്ചി നൽകാനും തീരുമാനമായത്. പബ്ലിസിറ്റിക്ക് 1.30 ലക്ഷം രൂപയാണ് പ്രോജക്ടിൽ വകയിരുത്തിയിരുന്നത്. പരമ്പരാഗത പരസ്യത്തിനു പകരം പ്രശസ്തരുടെ വീഡിയോ ബൈറ്റുകളും റീൽസും ഉൾപ്പെടുത്തിയതിനാലാണ് അധിക തുക ചെലവായത്. ഈ സാഹചര്യത്തിലാണ് ടെണ്ടർ/ക്വട്ടേഷൻ ഇല്ലാതെ അധിക തുക ചെലവഴിച്ചത്. ഇതിനു സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- അധികമായി ചെലവഴിച്ചതിന്റെ ബില്ലും മറ്റു രേഖകളും പ്രത്യേകം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

### 4.25 കൊല്ലം ജില്ലാ പഞ്ചായത്ത്

കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 22.01.2025-ലെ കത്ത് - (ലഭിച്ചത് 8.5.2025- ന്) (SRG/461/25)

വിഷയം:- ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആർട്ട് ഫെസ്റ്റ് നടത്താൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 745/26 | അടങ്കൽ | 10,00,000 രൂപ |
| | | (തനത് ഫണ്ട് ) |
| പേര് | ആർട്ട് ഫെസ്റ്റ് | |

കൊല്ലം ജില്ലാ പഞ്ചായത്ത് ആർട്ട് ഫെസ്റ്റ് എന്ന പേരിൽ ഈ വർഷം പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ജില്ലയിൽ നിന്ന് ദേശീയ തലത്തിൽ അംഗീകാരം നേടിയ കലാപ്രതിഭകളെ അനുമോദിക്കുക, അവരുടെ കലാ പ്രകടനങ്ങൾക്ക് അവസരം നൽകുക, സംസ്ഥാനതലത്തിൽ ശ്രദ്ധനേടിയ കലാപ്രതിഭകളുടെ പ്രോഗ്രാം സംഘടിപ്പിക്കുക, കേരളീയ കലാരൂപങ്ങളെ സംബന്ധിച്ച പഠനക്ലാസ്സ്, കലാ മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് ഗവേഷണത്തിന് താല്പര്യമുണ്ടാക്കാൻ സെമിനാറുകൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് ആർട്ട്ഫെസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിൽ ആകെ അടങ്കൽ 25.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നതായാണ് അറിയിച്ചിരിക്കുന്നതെങ്കിലും പിന്നീട് പ്രോജക്ട് ഭേദഗതി ചെയ്ത് 10.00 ലക്ഷമായി കുറച്ചിട്ടുണ്ടെന്ന് ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- തദ്ദേശഭരണ വകുപ്പിന് കീഴിൽ തന്നെ വിവിധ ഫെസ്റ്റുകൾ/ കലോത്സവങ്ങൾ നടത്തുന്നുണ്ട്. ഒപ്പം സ്കൂൾ, യൂണിവേഴ്സിറ്റി തലത്തിലും പല കലോത്സവങ്ങളും നടത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് ഇപ്രകാരം ഫെസ്റ്റ് നടത്തേണ്ടതില്ല. ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 4.26 ളാലം ബ്ലോക്ക് പഞ്ചായത്ത്

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.07.2025-ലെ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന ളാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കത്തും അനുബന്ധരേഖകളും (SRG/626/25 – CC/326/25)

വിഷയം:- ഈസി കിച്ചൺ പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 54/26 | അടങ്കൽ | 41,96,200 രൂപ<br>(എസ്.സി.പി – 22,11,200 രൂപ<br>ഗ്രാമപഞ്ചായത്ത് വിഹിതം – 19,85,000 രൂപ ) |
| *പേര്* | പട്ടികജാതി കുടുംബങ്ങൾക്കുള്ള ഈസി കിച്ചൺ പദ്ധതി – ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ. | |

കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-ലെ യോഗ തീരുമാനപ്രകാരമുള്ള 27.12.2024-ലെ 2544/24/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം **'ഈസി കിച്ചൺ'** എന്ന പേരിൽ അടുക്കള നവീകരിക്കുന്നതിന് 75,000 രൂപ വീതം ഗുണഭോക്താക്കൾക്ക്നൽകാം. സർക്കാർ ഉത്തരവനുസരിച്ച് ഈ പ്രോജക്ടുകൾ ഗ്രാപഞ്ചായത്തുകൾക്കും നഗര സഭകൾക്കുമാണ് ഏറ്റെടുക്കാവുന്നത്. ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയാത്തതിനാൽ ളാലം ബ്ലോക്ക് പഞ്ചായത്തിലെ 6 ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകാൻ ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് എടുത്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ 159 SC കുടുബങ്ങളിലെ അടുക്കളകൾ സുരക്ഷിതവും ആരോഗ്യകരവുമല്ലെന്ന് പട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | ഗ്രാമപഞ്ചായത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | മുത്തോലി | 32 |
| 2 | കൊഴുവനാൽ | 10 |
| 3 | ഭരണങ്ങാനം | 19 |
| 4 | കരൂർ | 57 |
| 5 | മീനച്ചിൽ | 19 |
| 6 | കടനാട് | 12 |
| | **ആകെ** | **159** |

പട്ടികജാതി വിഭാഗത്തിലെ കുടുംബത്തിന് ഈസി കിച്ചൺ (അടുക്കള നവീകരണം) നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.27 എറണാകുളം ജില്ലാ പഞ്ചായത്ത്

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.06.2025 ലെ കത്തും എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 09.06.2025 ലെ 1(4)-ാം നമ്പർ തീരുമാനവും (SRG 608/25 – CC/321/25)

വിഷയം:- തുമ്പപ്പൂ എന്ന പേരിൽ ഓണാഘോഷ പരിപാടി സംഘടിപ്പിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം: 182/26 | അടങ്കൽ | 3,00,000 രൂപ |
| | | (തനത് ഫണ്ട് ) |
| *പേര്* | തുമ്പപ്പൂ – ജില്ലാ പഞ്ചായത്ത് ഓണാഘോഷം 2025 | |

എറണാകുളം ജില്ലാ പഞ്ചായത്ത് – ജില്ലയിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളെ പങ്കെടുപ്പിച്ചുകൊണ്ട് 2025-26 വർഷം തുമ്പപ്പൂ എന്ന പേരിൽ ഓണാഘോഷ പരിപാടി നടപ്പാക്കുന്നു. ഈ പ്രോജക്ടിനു കഴിഞ്ഞവർഷം കോഓർഡിനേഷൻ കമ്മിറ്റി സാധൂകരണം നൽകിയിരുന്നു. ഈ പരിപാടിയുടെ ഭാഗമായി വിവിധ കലാപരിപാടികൾ, കായിക മത്സരങ്ങൾ, പ്രദർശന പരിപാടികൾ, ദീപാലങ്കാരം, മറ്റ് ആഘോഷങ്ങൾ, സാംസ്കാരിക പരിപാടികൾ എന്നിവയാണ് ഓണാഘോഷത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം- ഈ പ്രോജക്ട് സ്പോൺസർഷിപ്പിലൂടെ നടപ്പാക്കിയെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ച പ്രകാരം പരിഗണിച്ചില്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 4.28 പരുതൂർ ഗ്രാമപപഞ്ചായത്ത്

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.07.2025-ലെ കത്തും പരുത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.07.2025-ലെ 1(4)-ാം നമ്പർ തീരുമാനവും (SRG/657/25 – CC/374/25)

വിഷയം:- MCF സ്ഥാപിച്ചതിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 257/23 | അടങ്കൽ | 5,50,000 രൂപ (ശുചിത്വ മിഷൻ വഹിതം) |
| പേര് | MCF സ്ഥാപിക്കൽ | |

പരുതൂർ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും 2022-23 വർഷം IRTC മുണ്ടൂർ മുഖേന ഓരോ മിനി MCF കൾ സ്ഥാപിച്ചിരുന്നു. 2022-23 വർഷം ഇതിനായി 5.50 ലക്ഷം രൂപ വകയിരുത്തി (പ്രോ.നം. 257/23) പ്രോജക്ട് എടുത്തിരുന്നു. ഇത് 2023-24 വർഷം സ്പിൽഓവർ ആയി തുടർന്നിരുന്നു (പ്രോ.നം.220/24). ഈ രണ്ടുവർഷങ്ങളിലും നിർവ്വഹണ ഏജൻസിയായ IRTC ക്ക് തുക നൽകിയില്ല. 2024-25 വർഷം ഈ പ്രോജക്ട് സ്പിൽഓവർ ആക്കാൻ വിട്ടുപോയി. ഈ സാഹചര്യത്തിൽ 2022-23 വർഷം സ്ഥാപിച്ച 16 മിനി MCFകളുടെ ബിൽ തുക ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ്

എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ 2025-26 വർഷം തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- MCF കളുടെ വാല്യുവേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ ബിൽ തുക നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

## 4.29 വയനാട് ജില്ലാ ആസൂത്രണസമിതി

വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.03.2025-ലെ 196121/2024/DPC/DPO/വയനാട് നമ്പർ കത്തും വയനാട് ജില്ലാ വിദ്യാഭ്യാസ പരിശീലനകേന്ദ്രം പ്രിൻസിപ്പലിന്റെ B/751/2024-ാാം നമ്പർ കത്തും അനുബന്ധമായി ചേർത്തിരിക്കുന്ന പ്രോജക്ട് റിപ്പോർട്ടും (SRG/336/25)

വിഷയം:- വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള സംയുക്ത പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്.

വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി സമഗ്രമായ ഒരു വിദ്യാഭ്യാസ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി ജില്ലാ ആസൂത്രണസമിതിയുടെ നേതൃത്വത്തിൽ ട്രൈബൽ എഡ്യൂക്കേഷൻ മാനേജ്മെന്റ് സിസ്റ്റം (TEMS) എന്ന പേരിൽ സംയുക്ത പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യം. ഇതിന് താഴെപ്പറയുന്ന രീതിയിലാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

| | | |
|---|---|---|
| 1) | സ്റ്റുഡന്റ് സപ്പോർട്ട് സിസ്റ്റം | 1,08,60,000 രൂപ |
| 2) | ഡിജിറ്റൽ അറ്റൻഡൻസ് മോണിറ്ററിംഗ് സിസ്റ്റം | 9,90,000 രൂപ |
| 3) | സ്കില്ലിംഗ് പ്രോഗ്രാം- വൊക്കേഷണൽ വിദ്യാഭ്യാസം | 33,25,000 രൂപ |
| 4) | സ്മാർട്ട് പേരന്റ് - രക്ഷാകർതൃ വിദ്യാഭ്യാസ പദ്ധതി | 27,50,000 രൂപ |
| 5) | സാമൂഹിക വൈകാരിക ക്ഷേമം | 16,85,000 രൂപ |
| 6) | പട്ടികവർഗ്ഗ ഭവനങ്ങൾക്കുള്ള അടിസ്ഥാന പഠന സൗകര്യ പിന്തുണ | 25,00,000 രൂപ |
| 7) | പെർമോൻസ് മോണിറ്ററിംഗ് & ഫീഡ് ബാക്ക് മെക്കാനിസം | 4,08,000 രൂപ |
| 8) | ഓറിയന്റേഷൻ ട്രെയിനിംഗ് | 30,75,700 രൂപ |
| | **ആകെ** | **2,55,93,700 രൂപ** |

സ്കൂളിലെ കുട്ടികളുടെ കൊഴിഞ്ഞു പോക്കൽ തടയുക, അക്കാദമിക് പഠനം മെച്ചപ്പെടുത്തുക, തൊഴിൽ/ ജീവിത നൈപുണ്യ വികസനം പ്രോത്സാഹിപ്പിക്കുക, വിദ്യാഭ്യാസ പ്രക്രിയയിൽ മാതാപിതാക്കളുടെ ഇടപെടൽ ശക്തിപ്പെടുത്തുക തുടങ്ങിയവയ്ക്കാണ് പ്രോജക്ട്. ഈ പ്രോജക്ട് സംയുക്ത പദ്ധതിയായി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ഇത് സംസ്ഥാന ആസൂത്രണ ബോർഡുമായി ചർച്ച നടത്തി റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.30 ഒരുമനയൂർ ഗ്രാമപഞ്ചായത്ത്

ഒരുമനയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.12.2024-ലെ കത്ത് (SRG/286/25)

വിഷയം:- പാരലൽ കോളേജിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാൻ അനുമതി സംബന്ധിച്ച്

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി -ധനസഹായ മാർഗ്ഗരേഖ പ്രകാരം വിവിധ കോഴ്സുകൾക്കു പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാൻ അനുമതിയുണ്ട്. സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/

പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കാണ് ധനസഹായം നൽകാവുന്നത്. ഇതോടൊപ്പം പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലാപ് ടോപ് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം:- ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.31 മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.05.2025-ലെ കത്ത് (SRG/442/25 – CC/195/2025)

വിഷയം:- കയർ, കാർഷിക മേഖലയിലെ തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം നൽകാൻ അനുമതി സംബന്ധിച്ച്

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങി നൽകാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. കയർ, കാർഷിക മേഖലയിലെ തൊഴിലാളികളുടെ മക്കൾക്കും പഠനോപകരണം വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്

തീരുമാനം :- ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.32 ആലപ്പുഴ ജില്ലാപഞ്ചായത്ത്**

_ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.05.2025-ല കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 13.05.2025-ലെ 985926/25-ാം നമ്പർ കത്തും (SRG/447/25 – CC/242/2025)

വിഷയം:- അഭ്യസ്തവിദ്യരായ പട്ടികജാതി വിഭാഗത്തിലെ യുവതി-യുവാക്കൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| (i)പ്രോ.നം. 66/26 | അടങ്കൽ | 50,00,000 രൂപ (എസ്.സി.പി) |
| പേര് | ആലപ്പുഴ ജില്ലാപഞ്ചായത്ത് 2025-26 നേഴ്സിംഗ് യോഗ്യതയുള്ള പട്ടികജാതി യുവതികൾക്ക് ആശുപത്രികളിൽ അപ്രന്റീസ് നിയമനം | |
| (ii)പ്രോ.നം. 67/26 | അടങ്കൽ | 30,00,000 രൂപ |
| പേര് | ആലപ്പുഴ ജില്ലാപഞ്ചായത്ത് 2025-26 എഞ്ചിനീയറിംഗ് യോഗ്യതയുള്ള പട്ടികജാതി യുവതി-.യുവാക്കൾക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അപ്രന്റീസ് നിയമനം | |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട നേഴ്സിംഗ് യോഗ്യതയുള്ള യുവതികളെ സർക്കാർ ആശുപത്രികളിൽ അപ്രന്റീസ് ആയി നിയമിച്ച് സ്റ്റൈപന്റ് നൽകാൻ പ്രോജക്ട് എടുത്തിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് നൽകാവുന്ന സ്റ്റൈപന്റ് പട്ടികജാതി വികസന വകുപ്പ് നൽകുന്ന സ്റ്റൈപന്റിനേക്കാൾ കുറവാണ്. അതിനാൽ ഗുണഭോക്താക്കളെ കിട്ടാത്ത സാഹചര്യമുണ്ട്. ഇതേ പ്രശ്നം ജില്ലാ പഞ്ചായത്തിന്റെ 67/25-ാം നമ്പർ പ്രോജക്ടിനുമുണ്ട്. ഈ പ്രോജക്ട് പ്രകാരം എഞ്ചിനീയറിംഗ് യോഗ്യതയുള്ള യുവതി-യുവാക്കളെയാണ് അപ്രന്റീസായി നിയമിക്കുന്നത്. ഇവിടെയും മാർഗ്ഗേരേഖ പ്രകാരമുള്ള നിരക്കിനേക്കാൾ കൂടുതലാണ് പട്ടികജാതി വികസന വകുപ്പ് നൽകുന്ന സ്റ്റൈപന്റ്. അതിനാൽ മാർഗ്ഗരേഖ പ്രകാരമുള്ള സ്റ്റൈപന്റും പട്ടികജാതി വികസന വകുപ്പിന്റെ സ്റ്റൈപന്റും ഏകീകരിക്കണമെന്നതു സംബന്ധിച്ച്.

തീരുമാനം :- തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ സമാന വിഷയം പരിശോധിച്ച് പട്ടികജാതി വികസന വകുപ്പിന്റെ ഉത്തരവും റിപ്പോർട്ടും നൽകാൻ 24.06.2025-ലെ കോഓർഡിനേഷൻ കമ്മിറ്റി പട്ടികജാതി വികസന വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. ഇതിനോടൊപ്പം ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ വിഷയം കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് നൽകാൻ

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് 2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.33 <u>മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത്</u>**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.06.2025-ലെ കത്തും മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.01.2025-ലെ 9.2-◌ാ◌ം നമ്പർ തീരുമാനവും (SRG/511/25 - CC/70/2025)

വിഷയം:- മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ ബാലകൈരളി അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിൽ 1995-96 സാമ്പത്തിക വർഷം മുതൽ 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്കുവേണ്ടി ആരംഭിച്ച പദ്ധതിയാണ് ബാലകൈരളി. ഒരു ക്ലാസ്സിൽ 20 കുട്ടികളാണുള്ളത്. 2 അദ്ധ്യാപകരാണ് ഒരു സ്കൂളിൽ ഉള്ളത്. ഈ കുട്ടികൾക്ക് പോഷകാഹാരവും നൽകുന്നു. അദ്ധ്യാപകർക്ക് നിലവിൽ 6000 രൂപയാണ് ഓണറേറിയമായി നല്കുന്നത്. ഈ വർഷം ഓണറേറിയം നൽകുന്നതിനായി 15,84,000 രൂപയും പോഷകാഹാരം നൽകുന്നതിന് 7,00,000 രൂപയും മാറ്റി വച്ചിട്ടുണ്ട്. വികസനഫണ്ടാണ് ഇതിനായി വിനിയോഗിക്കുന്നതെന്നറിയിച്ചിട്ടുണ്ട്. ബാലകൈരളി സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| 1. ബാലകൈരളിയുടെ എണ്ണം | 11 |
| 2. ബാലകൈരളിയിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം | 219 |
| 3. അദ്ധ്യാപകരുടെ എണ്ണം (ഒരു സെന്ററിൽ 2 പേർ വീതം | 22 |
| 4. പോഷകാഹാരം നൽകുന്നതിനായി നീക്കി വയ്ക്കുന്ന പദ്ധതി വിഹിതം | 7,00,000 രൂപ |
| 5. സ്വന്തമായി കെട്ടിടമുള്ള ബാലകൈരളികളുടെ എണ്ണം | 6 |
| 6. മറ്റു കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ബാലകൈരളികളുടെ എണ്ണം | 5 |

ബാലകൈരളിയിലെ അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിച്ചു നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ഗ്രാമപഞ്ചായത്തിൽ അങ്കണവാടികൾ പ്രവർത്തിക്കുന്ന സാഹചര്യം കൂടി പരിഗണിച്ച് ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.34 <u>ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്</u>**

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04.05.2025-ലെ കത്തും എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.06.2024-ലെ 104276/22/DPC/DPO/EKM നമ്പർ കത്തും അനെർട്ട് ഡയറക്ടറുടെ 08.05.2025-ലെ 01/ANERT/PMS/EKM-2025-26 നമ്പർ കത്തും (SRG/439/25 - CC/285/2024)

വിഷയം:- സൗര മേൽക്കൂര പദ്ധതിയിൽ 2KW വൈദ്യുതി പ്ലാന്റ് സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 58/24 | അടങ്കൽ | 4,10,000 രൂപ (തനത് ഫണ്ട് ) |
| പേര്:– | സൗരഗ്രാമം പദ്ധതി | |

സൗര മേൽക്കൂര വൈദ്യുതി പ്ലാന്റ് സ്ഥാപിക്കാനുള്ള 2023–24–ലെ പ്രോജക്ട് 2025–26 വർഷം സ്പിൽഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി – ധനസഹായ മാർഗ്ഗരേഖ പ്രകാരം 1KW ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റാണ് സ്ഥാപിക്കാവുന്നത്. സ്പെസിഫിക്കേഷനും കമ്പനികളുടെ ലിസ്റ്റും വിലയും അനെർട്ട് ലഭ്യമാക്കും എന്നും മാർഗ്ഗരേഖയിലുണ്ട്. നിലവിൽ അനെർട്ട് 2KWക്കു മുകളിൽ ശേഷിയും അതനുസരിച്ചുള്ള സബ്സിഡിയും ഉൾക്കൊള്ളുന്ന സൗര മേൽക്കൂര പ്ലാന്റ് സ്ഥാപിക്കുന്ന പ്രവർത്തനമാണ് നടത്തുന്നത്. അതിനാൽ 2KW നു മുകളിൽ ശേഷിയുള്ള സൗര മേൽക്കൂര പ്ലാന്റ് ഗ്രിഡ് മുഖേന (ഓൺഗ്രിഡ് ) സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :– അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.35 കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.06.2025–ലെ കത്തും കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.07.2025–ലെ SC1 – 01/25–ാം നമ്പർ കത്തും. (SRG/509/25 – CC/169/2025)

വിഷയം:– കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ വേളവന്നൂർ യു.പി.എസിൽ നടത്തിയ പ്രവൃത്തികളുടെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വേളവന്നൂർ യു.പി.എസ്. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്താൻ SSK (Samagra Shiskha Kerala) 10 ലക്ഷം രൂപ വകയിരുത്തിയിരുന്നു. SSK ആവശ്യപ്പെട്ടതനുസരിച്ച് സിവിൾ വർക്കിനായി 5.00 ലക്ഷം രൂപയും മറ്റു പ്രവൃത്തികൾക്കായി 5.00 ലക്ഷം രൂപയും 2022–23 വർഷം ഗ്രാമപഞ്ചായത്ത് വകയിരുത്തിയിരുന്നു. സിവിൾ വർക്ക് പൂർത്തിയായി ബിൽ നൽകി. കുട്ടികളുടെ മനസ്സിനിണങ്ങുംവിധമുള്ള ചിത്രീകരണ പ്രവൃത്തികളാണ് ഡ്രീം ഇന്ത്യ നടപ്പാക്കിയത്. ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്കൂളിന്റെ ഹെഡ്മിസ്ട്രസ് ആണ്. പ്രവേശന കവാടം, കിഡ്സ് പാർക്ക്, ശലഭ പാർക്ക്, പ്രവേശന കവാടത്തിലെ മതിലിലുള്ള ചിത്രകലകൾ തുടങ്ങിയവ ഇതിലുൾപ്പെടും. SSK നടത്തിയ ടെണ്ടറിലൂടെയാണ് ഡ്രീം ഇന്ത്യയെ തെരഞ്ഞെടുത്തത്. ഡ്രീം ഇന്ത്യ നടപ്പാക്കിയ പ്രവൃത്തികൾ സ്പിൽഓവറായി ചേർക്കാത്തതിനാലും സമയത്ത് വെറ്റിംഗ് നടത്താത്തതിനാലുമാണ് ബിൽ തുക നൽകാത്തത്. 2024–25 വർഷം ഇതിനായി 5.00 ലക്ഷം രൂപ വകയിരുത്തി (നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്) പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ വെറ്റിംഗ് നടപടി പൂർത്തിയാക്കി. 2025–26 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി 2023–24–ൽ പൂർത്തിയാക്കിയതാണ്. 20.05.2023 നാണ് ബിൽ നൽകിയത് എന്നതിനാൽ പുതിയ പ്രോജക്ടിൽ നിന്ന് തുക നൽകാൻ ഇപ്പോഴത്തെ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാകുന്നില്ല. പുതിയ പ്രോജക്ടിൽ നിന്ന് ബിൽ തുക നൽകാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

തീരുമാനം :– അനുമതി നൽകുന്നു

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.36 കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.06.2025–ലെ കത്തും അനുബന്ധരേഖകളും (SRG/603/25 – CC/222/25)

വിഷയം:– പൊതുവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 200/26 | അടങ്കൽ | 19,00,000 രൂപ<br>(തനത് ഫണ്ട് ) |
| പേര് | വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ – ജനറൽ | |

മാർഗ്ഗരേഖ പ്രകാരമുള്ള വാർഷിക വരുമാനത്തിനു വിധേയമായി പൊതുവിഭാഗത്തിൽപ്പെട്ട ഒന്നു മുതൽ പ്ലസ് ടു വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിനുള്ള പ്രോജക്ട് ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- മാർഗ്ഗരേഖ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും മത്സ്യ തൊഴിലാളികളുടെ മക്കൾക്കുമാണ് മേശയും കസേരയും വാങ്ങി നൽകാവുന്നത്. ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.37 Kerala Rural Employment & Welfare Society

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി സെക്രട്ടറിയുടെ 28.04.2025-ലെ A/277/2022- ാം നമ്പർ കത്തും ക്രൂസ് ഡയറക്ടർ ബോർഡ് യോഗത്തിന്റെ 20(6) -ാം നമ്പർ തീരുമാനവും (SRG/542/25 – LSGD/IB1/18/2023/LSGD)

വിഷയം:- ക്രൂസ് ഉല്പാദിപ്പിക്കുന്ന ഫർണിച്ചർ ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി സംബന്ധിച്ച്

കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.07.2022-ലെ യോഗ തീരുമാന പ്രകാരമുള്ള (ഖണ്ഡിക 4.49) 22.08.2022-ലെ 2054/22/ തസ്വഭവ നമ്പർ ഉത്തരവനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫർണിച്ചർ, വൃദ്ധജനങ്ങൾക്ക് കട്ടിൽ, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് യൂണിറ്റ് ആരംഭിക്കാൻ കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റിക്ക് (ക്രൂസ്) അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് കഞ്ചിക്കോട് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ഫർണിച്ചർ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് ആരംഭിച്ച് മേശ, കട്ടിൽ തുടങ്ങിയവ നിർമ്മിക്കുന്നുണ്ട്. അതിനാൽ ക്രൂസിന്റെ ഫർണിച്ചർ യൂണിറ്റിനെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വിതരണം ചെയ്യുന്ന അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ക്രൂസ് നിർമ്മിക്കുന്ന ഫർണിച്ചർ ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- അക്രഡിറ്റേഷൻ ലഭിക്കാൻ നിർദ്ദിഷ്ട ഫോർമാറ്റിൽ അപേക്ഷ തദ്ദേശസ്വയംഭരണ വകുപ്പിന് നൽകാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ് |

## 4.38 മലപ്പുറം ജില്ലാ പഞ്ചായത്ത്

മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.06.2025-ലെ DP/mpm/22/2025-ാം നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 12.05.2025-ലെ ലെ 6(1)-ാം നമ്പർ തീരുമാനവും (SRG/525/25)

വിഷയം:- നിലമ്പൂർ മൈനോറിറ്റി ബ്ലോക്ക് – സ്കിൽ ഡെവലപ്മെന്റ് കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് ജില്ലാപഞ്ചായത്തിൽ നിന്ന് വിഹിതം അനുവദിക്കുന്നത് സംബന്ധിച്ച്

മലപ്പുറം ജില്ലയിലെ നിലമ്പൂർ മൈനോറിറ്റി ബ്ലോക്കിലേയ്ക്ക് പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം (PMJVK) – 2021-22 പദ്ധതി പ്രകാരം സ്കിൽ ഡെവലപ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് 792.42 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ചാലിയാർ ഗ്രാമപഞ്ചായത്തിലാണ് ഈ സെന്റർ നിർമ്മിക്കുന്നത്. ഇതിന്റെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള സ്കിൽ

ഡെവലപ്മെന്റ് ഏജൻസികളുടെ സഹായത്തോടെ യുവജനതയുടെ കഴിവുകളെ പരിപോഷിപ്പിക്കുക എന്നതാണ് സെന്ററിന്റെ ലക്ഷ്യം. സെമിനാർ റൂം, ഇലക്ട്രോണിക് ലാബ്, സർവ്വെ & GPS ലാബ്, ഐ.റ്റി. ലാബ്, കൗൺസിലിംഗ് സെന്റർ, സ്റ്റോർ റൂം, തുടങ്ങിയ സൗകര്യങ്ങളോടെ 3519.72 ചതുരശ്ര മീറ്റർ വിസ്തീർണ്ണം കെട്ടിടത്തിനുണ്ട്. GST നിരക്കിലും എസ്റ്റിമേറ്റ് പ്രകാരമുള്ള അളവുകളിലുമുള്ള വ്യതിയാനം മൂലം എസ്റ്റിമേറ്റ് റിവൈസ്ഡ് ചെയ്യേണ്ടി വന്നിട്ടുണ്ട്. അതിനാൽ ജില്ലാ പഞ്ചായത്തിൽ നിന്ന് 65.00 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു.രാജ്യസഭാ എം.പി. ശ്രീ.അബ്ദുൾ വഹാബ് പി.വി ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് വിഹിതം നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- PMJVK പ്രകാരം നിർമ്മാണം തുടങ്ങിയ പദ്ധതി എന്നതു പരിഗണിച്ച് പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

### 4.39 Kerala State Co-operative Consumer's Federation

കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ (Consumerfed) മാനേജിംഗ് ഡയറക്ടറുടെ 21.02.2025-ലെ CFED/MSD/2347/2025 26-ാം നമ്പർ കത്തും. കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025-ലെ 4.33-ാം നമ്പർ തീരുമാനവും. (SRG/287/25)

വിഷയം:- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാധങ്ങൾ കൺസ്യൂമർ ഫെഡിൽ നിന്ന് വാങ്ങുന്നത് സംബന്ധിച്ച്.

സർക്കാർ ഉത്തരവ് പ്രകാരം പർച്ചേസ് റൂളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഇ-ടെണ്ടർ നടപടിയിലൂടെയാണ് കൺസ്യൂമർഫെഡ് സാധനങ്ങൾ വാങ്ങുന്നത്. അതിനാൽ മറ്റൊരു ടെണ്ടർ നടപടിയില്ലാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മറ്റ സ്ഥാപനങ്ങൾക്കും ആവശ്യമായ താഴെപ്പറയുന്ന സാധനങ്ങൾ നേരിട്ട് വാങ്ങാൻ കഴിയുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ കൺസ്യൂമർ ഫെഡിനെ ഉൾപ്പെടുത്തണമെന്ന് കൺസ്യൂമർഫെഡ് ചെയർമാൻ ആവശ്യപ്പെട്ടിരുന്നു.

(i) നിത്യോപയോഗ സാധനങ്ങളും കോസ്മെറ്റിക് സാധനങ്ങളും
(ii) നോട്ട് ബുക്കുകൾ ഉൾപ്പെടെയുള്ള സ്കൂൾ, ഓഫീസ്, സ്റ്റേഷനറി ഉല്പന്നങ്ങൾ
(iii) ജീവൻ രക്ഷാ മരുന്നുകൾ, വെറ്ററിനറി മരുന്നുകൾ, മെഡിക്കൽ ഉല്പന്നങ്ങൾ
(iv) ഫർണിച്ചറുകൾ, മറ്റ് അനുബന്ധ ഉല്പന്നങ്ങൾ
(v) CDS നും ICDS നും ആവശ്യമായ കിറ്റുകൾ, ഭക്ഷ്യ ഉല്പന്നങ്ങൾ

സ്റ്റോർപർച്ചേസ് മാന്വലിന്റെ 9.22, 9.23 ഖണ്ഡികകൾ ബാധകമായിട്ടുള്ള Annexure-16 ലെ സാധനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്ന സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖലാ ഉല്പാദന വ്യവസായ സ്ഥാപനങ്ങളുടെ പരിധിയിൽ കൺസ്യൂമർഫെഡ് ഉൾപ്പെടുന്നില്ലെന്ന് സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് അറിയിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡ് സ്വന്തമായി ഉൽപാദിപ്പിക്കാത്തതും ഇടനിലക്കാരായി പ്രവർത്തിച്ച് വിതരണം നടത്തുന്നതുമായ ഉല്പന്നങ്ങൾക്കായി ടെണ്ടർ/ക്വട്ടേഷൻ ഇളവ് അനുവദിക്കുന്ന കാര്യം മാന്വൽ പ്രകാരം പരിഗണിക്കാൻ കഴിയില്ല എന്ന് സ്റ്റോർ പർച്ചേസ് വകുപ്പ് അറിയിച്ചിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ 30.01.2025-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ കൺസ്യൂമർഫെഡിന്റെ ആവശ്യം നിരസിച്ചിരുന്നു. ഈ തീരുമാനം പുനഃപരിശോധിച്ച് ടെണ്ടർ/ ക്വട്ടേഷൻ ഒഴിവാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൺസ്യൂമർ ഫെഡിൽ നിന്ന് സാധനങ്ങൾ നേരിട്ട് വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.40 കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.06.2025-ലെ കത്തും അനുബന്ധരേഖകളും (SRG/659/25 - CC/219/25)

വിഷയം:- വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി സബ്സിഡി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 201/26 | അടങ്കൽ | 71,40,408 രൂപ<br>(തനത് ഫണ്ട് ) |
| പേര് | വൈദ്യുതി ചാർജ്ജ് സബ്സിഡി | |

കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ 300 യൂണിറ്റിൽ താഴെ ദ്വൈമാസ ഉപയോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ബില്ലിന്റെ 25 ശതമാനം തുക സബ്സിഡിയായി നൽകാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം ഗാർഹിക വൈദ്യുതിക്ക് സബ്സിഡി നൽകുന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയല്ല. ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.41 Kerala Electrical and Allied Engineering Company Ltd ( KEL)**

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി (KEL) മാനേജിംഗ് ഡയറക്ടറുടെ 05.05.2025-ലെ MD/06/0014/2025-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/465/25)

വിഷയം:- കേരള ഇലക്ട്രിക്കൽ ആന്റ് എഞ്ചിനീയറിംഗ് കമ്പനി നിർമ്മിക്കുന്ന സോളാർ UPSസംവിധാനം വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച്

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി (KEL) എന്ന പൊതു മേഖലാ സ്ഥാപനം മറ്റ് വിവിധ ഉല്പന്നങ്ങളോടൊപ്പം സോളാർ UPS സംവിധാനവും വിതരണം ചെയ്യുന്നുണ്ട്. ഈ മേഖലയിലെ മറ്റ് സ്ഥാപനങ്ങളുടെ സാങ്കേതിക സഹായം സ്വീകരിച്ചാണ് സോളാർ UPS ഉല്പാദിപ്പിക്കുന്നത്. IT ഉപകരണങ്ങൾ, K-smart,നെറ്റ് വർക്കിംഗ് തുടങ്ങിയവയ്ക്ക് തടസ്സം കൂടാതെ വൈദ്യുതി നൽകാൻ സോളാർ UPS നു കഴിയും. 24 മണിക്കൂറും വൈദ്യുതി, പ്രകൃതി സൗഹാർദ്ദം, ഡീസൽ ജനറേറ്റർ പോലുള്ളവ ഒഴിവാക്കൽ എന്നീ ഗുണങ്ങൾ സോളാർ UPS ന്റെ മേന്മയാണെന്നറിയിച്ചിരിക്കുന്നു. അന്നമനട സബ്ട്രഷറി ഓഫീസിൽ KEL ന്റെ സോളാർ UPS സ്ഥാപിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപന ഓഫീസുകളിൽ സോളാർ UPS സ്ഥാപിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയ്ക്കായി നൽകിയിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്. സോളാർ UPS ന്റെ സ്പെസിഫിക്കേഷനും വിലയും ( GST അടക്കം) താഴെ ചേർക്കുന്നു.

| ക്രമനം | സ്പെസിഫിക്കേഷൻ | വില |
|---|---|---|
| 1) | KEL Solar UPS - 3KVA (Model No, KELS - 3000 | 5,13,156 രൂപ |
| 2) | KEL Solar UPS - 5KVA (Model No, KELS - 5000 | 7,86,525 രൂപ |
| 3) | KEL Solar UPS - 10KVA (Model No, KELS - 10000 | 15,51,985 രൂപ |

തീരുമാനം:- തദ്ദേശഭരണ സ്ഥാപനങ്ങളിൽ KEL ന്റെ സോളാർ UPS സ്ഥാപിക്കണമെന്നതിന്മേൽ കോഓർഡിനേഷൻ കമ്മിറ്റി പ്രത്യേകം നിർദ്ദേശം നൽകേണ്ടതില്ലെന്ന് നിരീക്ഷിച്ചു. സോളാർ UPS സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഘടക സ്ഥാപനങ്ങൾക്കും മറ്റുള്ള സ്ഥാപനങ്ങൾക്കൊപ്പം ടെണ്ടറിലൂടെ KEL ന്റെ സോളാർ UPS അടക്കമുള്ളവ തെരഞ്ഞെടുക്കാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.42 ചെങ്ങളായി ഗ്രാമപഞ്ചായത്ത്**

കണ്ണൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 26.05.2025-ലെ കത്ത് (SRG/503/25 – CC/175/2025)

വിഷയം:- ഫുട്ബാൾ പരിശീലനത്തിന് വന്ന ചെലവിന്റെ തുക നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 151/25 | അടങ്കൽ | 1,50,000 രൂപ (തനത് ഫണ്ട് ) |
| പേര് | ചെങ്ങളായി ഗ്രാമപഞ്ചായത്ത് -സ്പോർട്സ് അക്കാഡമി രൂപീകരിക്കൽ | |

കായിക പരിശീലനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് 2024-25 വർഷം 14 വയസ്സിൽ താഴെയുള്ള 180 ലധികം കുട്ടികൾക്ക് 3 കേന്ദ്രങ്ങളിലായി ഫുട്ബാൾ പരിശീലനം നൽകി. ചെലവിനം താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| (i) | റിഫ്രഷ്മെന്റ് ചാർജ്ജ് | 37,285 രൂപ |
| (ii) | സ്പോർട്സ് ഉപകരണങ്ങൾ | 21,965 രൂപ |
| (iii) | ട്രെയിനർ 1 ന്റെ വേതനം | 57,000 രൂപ (76 ദിവസം x750 രൂപ) |
| (iv) | ട്രെയിനർ II ന്റെ വേതനം | 33,750 രൂപ (45 ദിവസം x750 രൂപ) |

സബ്സിഡി-ധനസഹായ മാർഗ്ഗരേഖ പ്രകാരം (28.05.20222-ല 115/2022/തസ്വഭവ നമ്പർ ഉത്തരവ്) കായിക ഗെയിംസ് ഫെസ്റ്റിവെൽ നടത്തുന്നതിനും പരിശീലനത്തിനും ഗ്രാമപഞ്ചായത്തിന് 30,000 രൂപയാണ് ചെലവഴിക്കാവുന്നത്. മുകളിൽ പറഞ്ഞ ചെലവനുസരിച്ച് 1,50,000 രൂപ നല്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- അനുവദനീയമായ തുകയെക്കാൾ അധിക തുകയ്ക്കുള്ള പ്രവർത്തനം നടത്തിയത് വീഴ്ചയാണ്. ഇനി ആവർത്തിക്കരുത് എന്ന കർശന നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.43 മലബാർ റൂറൽ ഡവലപ്മെന്റ് ഫൗണ്ടേഷൻ**

മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) മാനേജിംഗ് ട്രസ്റ്റിയുടെ 14.05.2025-ലെ MRDF/CD/2025-26/393-ാം നമ്പർ കത്ത് (SRG/521/25)

വിഷയം:- MRDF വിതരണം ചെയ്യുന്ന ചാണകപ്പൊടി നേരിട്ട് വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

ക്ഷീര കർഷകരുടെ ഫാമുകളിൽ നിന്നും ക്ഷീര സംഘങ്ങളുടെ സഹകരണത്തോടെ മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) ചാണകപ്പൊടി ശേഖരിക്കുന്നുണ്ട്. ഇത് പാക്കറ്റുകളായും മൊത്തമായും MRDF വില്പന നടത്തുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചാണകപ്പൊടി വിതരണം ചെയ്യുന്ന വിതരണക്കാരുടെ ലിസ്റ്റിൽ MRDF നെ ഉൾപ്പെടുത്തണമെന്നും MRDFൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന് ചാണകപ്പൊടി നേരിട്ട് വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- നേരിട്ട് വാങ്ങാൻ അനുമതി നൽകണമെന്ന ആവശ്യം പരിഗണിച്ചില്ല. MRDF ന്റെ ചാണകപ്പൊടിയുടെ ഗുണനിലവാരം ഉറപ്പാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ അടക്കമുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് വാങ്ങാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.44 ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്**

സർക്കാരിന്റെ 20.04.2025-ലെ DA1/134/2025/തസ്വഭവ നമ്പർ കത്തും ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 20.01.2025-ലെ P/101/2025-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/356/25)

വിഷയം:- ട്രേഡ് അടിസ്ഥാനമാക്കിയുള്ള നൈപുണ്യ വികസനത്തിനുള്ള പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്

സർക്കാരിന്റെ 31.10.2023 ലെ 2128/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരള നോളജ് ഇക്കോണമി മിഷൻ 'എന്റെ തൊഴിൽ എന്റെ അഭിമാനം 2.0' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് താഴെപ്പറയുന്ന പ്രോജക്ടുകൾ 2023-24 വർഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി നൽകിയിരുന്നു.

i) ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കൽ
ii) നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കൽ
iii) തൊഴിൽ മേള സംഘടിപ്പിക്കൽ
iv) വർക്ക് നിയർ ഹോം സൗകര്യമൊരുക്കൽ

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് ട്രേഡ് അടിസ്ഥാനമാക്കിയുള്ള നൈപുണ്യ വികസനം (ഡ്രോൺ പൈലറ്റ് ട്രെയിനിംഗ് ഉൾപ്പെടെ) എന്ന പ്രോജകട് 2024-25 വർഷം നടപ്പാക്കാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. (പ്രോ.നം. 170/25 - അടങ്കൽ 5.00 ലക്ഷം രൂപ - വികസന ഫണ്ട് ജനറൽ) ഈ പ്രോജക്ട് ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചതാണ്. എന്നാൽ 31.10.2023-ലെ മുകളിൽ പറഞ്ഞ ഉത്തരവ് 2023-24 ലേയ്ക്ക് മാത്രമാണ് എന്നു ചൂണ്ടിക്കാണിച്ച് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ പ്രോജക്ട് വെറ്റ് ചെയ്തില്ല. അതിനാൽ 31.10.2023 ലെ 2128/2023/തസ്വഭവ നമ്പർ ഉത്തരവിന്റെ പ്രാബല്യം 2024-25 വർഷത്തേയ്ക്ക് കൂടി ബാധകമാക്കണമെന്നതു സംബന്ധിച്ച്

തീരുമാനം :- 1) 2023-24 വർഷത്തെ പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയതിനുശേഷമാണ് 31.10.2023-ൽ ഉത്തരവിറക്കിയത്. അതിനാൽ മുകളിൽ പറഞ്ഞ പ്രോജക്ടുകൾ 2023 - 24 ലെ വാർഷിക പദ്ധതികളിൽ കൂട്ടിച്ചേർക്കേണ്ടതുണ്ടായിരുന്നു. അതിനാലാണ് പദ്ധതി ഭേദഗതി ചെയ്ത് ഈ പ്രോജക്ടുകൾ കൂടി 2023-24 വർഷത്തെ പദ്ധതിയുടെ ഭാഗമാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുവാദം നൽകുന്നു എന്ന് ഉത്തരവിൽ പറഞ്ഞത്.

2) ഈ മുകളിൽ പ്രതിപാദിച്ച നാലുതരം പ്രോജക്ടുകളും 2023-24-നു ശേഷവും ഇനിയുള്ള വർഷങ്ങളിലും ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തത വരുത്തുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.45 പറപ്പൂക്കര ഗ്രാമപഞ്ചായത്ത്**

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.07.2025-ലെ കത്തും അനുബന്ധമായി ചേർത്തിരിക്കുന്ന റിപ്പോർട്ടും (SRG/634/25 - CC/286/25)

വിഷയം:- പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 49/26 | അടങ്കൽ | 2,35,000 രൂപ (എസ്.സി.പി ) |
| *പേര്* | പഞ്ചമി പഠനകേന്ദ്രം - ട്യൂട്ടർമാർക്ക് ഓണറേറിയം | |

പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ 5-ാം ക്ലാസ്സിനു മുകളിലുള്ള പട്ടികജാതി വിഭാഗത്തിലെ 50 വിദ്യാർത്ഥികൾക്ക് ഗ്രാമപഞ്ചായത്തിലെ 5 കേന്ദ്രങ്ങളിലായി പഞ്ചമി പഠന പദ്ധതി എന്ന പേരിൽ ട്യൂഷൻ നൽകാനാണ് പ്രോജക്ട്. ഇവർക്ക് ട്യൂഷൻ എടുക്കുന്ന അദ്ധ്യാപകർക്ക് പ്രതിമാസം 4000 രൂപ വീതം ഓണറേറിയം നൽകാനുദ്ദേശിക്കുന്നു.

ചെലവിനം താഴെപ്പറയും പ്രകാരമാണ്.

| | | | |
|---|---|---|---|
| 1 | പാഠ്യ വിഷയങ്ങൾക്ക് ട്യൂഷൻ | 4000 രൂപ വീതം 5 കേന്ദ്രങ്ങൾക്ക് 8 മാസം (4000x5x8) | 1,60,000 |
| 2 | പാഠ്യേതര വിഷയം (ചിത്ര രചന തുടങ്ങിയവ) | 1500 രൂപ വീതം 5 കേന്ദ്രങ്ങൾക്ക് 8 മാസം | 60,000 |
| 3 | റിഫ്രഷ്മെന്റ് | 8 മാസം 5 കേന്ദ്രം | 15,000 |
| | | | 2,35,000 രൂപ |

കഴിഞ്ഞ വർഷം നൂതന പ്രോജക്ടുകൾക്കായുള്ള കമ്മിറ്റിയുടെ അനുമതിയോടെ 6 മാസം ഈ പ്രോജക്ട് നടപ്പാക്കിയെങ്കിലും ഈ വർഷം ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയില്ല. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :-

1) പ്രത്യേക ട്യൂഷൻ നൽകുന്നതിന് വേതനം നൽകാവുന്നതല്ല. ഇതിനുള്ള അനുമതി നിരസിച്ചു.
2) ഇതിനു പകരം അതത് സ്കൂളിൽ സ്കൂളിലെ തന്നെ അദ്ധ്യാപകരെ ഉപയോഗിച്ച് ആവശ്യമുള്ള കുട്ടികൾക്ക് ട്യൂഷൻ നൽകുന്ന രീതി സ്വീകരിക്കാവുന്നതാണ്. ഇതിലേയ്ക്കായി റിഫ്രഷ്മെന്റ് അടക്കമുള്ള സൗകര്യം ഒരുക്കാൻ ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിക്കാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

യോഗം വൈകിട്ട് 5.15 ന് അവസാനിച്ചു

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. സ്പെഷ്യൽ സെക്രട്ടറി I, തദ്ദേശസ്വയംഭരണവകുപ്പ്
4. സെക്രട്ടറി, ധനകാര്യം – റിസോഴ്സ് വകുപ്പ് (പ്രതിനിധി)
5. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ (പ്രതിനിധി)
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ഡയറക്ടർ പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
12. ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ് (പ്രതിനിധി)
13. ഡയറക്ടർ ആരോഗ്യ വകുപ്പ് (പ്രതിനിധി)
14. ഡയറക്ടർ, MGNREGS (പ്രതിനിധി)
15. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (പ്രതിനിധി)
16. ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ, ANERT (പ്രതിനിധി)
17. ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് (പ്രതിനിധി)
18. ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ് (പ്രതിനിധി)
19. ചീഫ് ടൗൺ പ്ലാനർ